യുവത
ബുക്ക്ഹൗസ്

# സകാത്ത്, ദാനം
# തത്വവും പ്രയോഗവും

## സി പി ഉമർ സുല്ലമി

മുസ്‌ലിംകളുടെ അടിസ്ഥാനപരമായ കർമാനുഷ്ഠാനങ്ങളിലൊന്നായ സകാത്തിന്റെ പ്രാധാന്യം മുസ്‌ലിംകൾ പോലും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. ഇവ്വിഷയകമായി സാധാരണക്കാർക്ക് ലളിതമായി കാര്യങ്ങൾ ഗ്രഹിക്കത്തക്ക വിധമാണ് ഇതിന്റെ പ്രതിപാദനം.

MALAYALAM
TITLE : **SAKKATH, DANAM:**
**THTHWAVUM PRAYOGAVUM**
AUTHOR : **C P UMER SULLAMI**
COVER : MUJEEB KOKKUR
LAYOUT: MUJEEB KOKKUR & K T JEMSHY
FIRST EDITION: FEBRUARY 2008
DTP: MICROPRINT, CALICUT-2
PRINTED AT: KAIRALI OFFSET PRINTS, CLT-2
PRICE: RS.40.00
YBH 287, C 2000
COPYRIGHT RESERVED WITH PUBLISHER
YUVATHA
BOOK HOUSE
P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 2701812

*DISTRIBUTION:*
**YUVATHA** BOOK HOUSE KOZHIKODE
**U K** BOOK STALL KONDOTY
**THIROORANGADI** BOOKSTALL MANJERY
**OLIVE** BOOKS CHANGARAMKULAM
**VACHANAM** BOOKS VATAKARA

## ■ പ്രസാധകക്കുറിപ്പ്

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകം. അതിശീഘ്രം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു സമ്പദ്ഘടന. സമ്പാദിക്കുവാനും ആസ്വദിക്കുവാനുമുള്ള മനുഷ്യന്റെ ത്വര. അല്ലാഹു മനുഷ്യർക്കു വേണ്ടി നിശ്ചയിച്ച മതമായ ഇസ്‌ലാം ലോകാവസാനം വരെ ഏതു കാലത്തേക്കും പറ്റിയതാണല്ലോ. എങ്കിൽ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ എങ്ങനെയാണ് ഇക്കാലത്തേക്ക് യോജിക്കുക എന്നത് ചിന്തിക്കേണ്ട കാര്യമാണ്.

മുഹമ്മദ് നബിയുടെ കാലത്തുണ്ടായിരുന്ന സമ്പദ്ഘടന ഏറെക്കുറെ പൂർണമായും മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. വിശുദ്ധ ക്വുർആനും നബിചര്യയും കാണിച്ചുതന്ന അടിസ്ഥാനതത്വങ്ങൾ ഒരിക്കലും കാലദേശ ഭേദങ്ങൾക്കനുസരിച്ച് മാറ്റേണ്ടി വരില്ല. സ്വത്ത് സമ്പാദിക്കുക, സൂക്ഷിച്ചുവെക്കുക, വിനിമയം നടത്തുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ ഇസ്‌ലാം നല്കിയ നിർദേശങ്ങൾ ആധുനിക സാമ്പത്തിക ശാസ്ത്രം പോലും അംഗീകരിച്ചിരിക്കയാണ്. മുതലാളിത്തമോ സോഷ്യലിസമോ അല്ല ഇസ്‌ലാം പിൻതുടരുന്നത്.

അല്ലാഹുവിന്റെ അനുഗ്രഹമാണ് ധനം. അതുപയോഗിക്കുമ്പോൾ മനുഷ്യർ പരസ്പരം ചൂഷണം ചെയ്തുകൂടാ. സമ്പാദനത്തിലോ വിനിമയത്തിലോ അന്യായം ഉണ്ടായിക്കൂടാ. അനർഹമായി ധനം ഉപയോഗിച്ചുകൂടാ. സമസൃഷ്ടികളെ അവഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്തുകൂടാ. തന്റെ കൈവശം വന്നുചേരുന്ന ഓരോ പൈസയും എവിടെ നിന്നു സമ്പാദിച്ചു. ഏതു മാർഗത്തിൽ ചെലവഴിച്ചു എന്നു ചോദ്യംചെയ്യപ്പെടാതെ പരലോകത്ത് ഒരാളും തന്റെ പാദങ്ങൾ മുന്നോട്ടു വെക്കില്ല. ഈ വിശ്വാസത്തോടെ സമ്പത്ത് കൈകാര്യം ചെയ്യുകയാണ് സത്യവിശ്വാസിയുടെ ബാധ്യത.

സാമ്പത്തിക ശാസ്ത്രം ഖണ്ഡിതമായി പറയുന്ന സാമ്പത്തിക വിതരണ നിയമത്തിന്റെ, വിശ്വാസത്തിലധിഷ്ഠിതമായ പ്രായോഗിക

രൂപമാണ് ദാനധർമങ്ങളും സകാത്തും. വിശാലമായ സാമ്പത്തിക മേഖലയിൽ ഈയൊരു കാര്യം പ്രതിപാദിക്കുന്ന ഒരു ലഘു കൃതി യാണിത്. മുസ്ലിംകളുടെ അടിസ്ഥാനപരമായ കർമാനുഷ്ഠാനങ്ങ ളിലൊന്നായ സകാത്തിന്റെ പ്രാധാന്യം മുസ്ലിംകൾ പോലും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. ഇവ്വിഷയകമായി സാധാരണക്കാർക്ക് ലളിതമായി കാര്യങ്ങൾ ഗ്രഹിക്കത്തക്ക വിധമാണ് ഇതിന്റെ പ്രതി പാദനം.

ഇസ്ലാമിക വിഷയങ്ങളിൽ അവഗാഹവും പ്രശ്നങ്ങൾ കൈ കാര്യം ചെയ്യുന്നേടത്ത് സൂക്ഷ്മതയുമുള്ള ബഹുമാന്യ പണ്ഡി തനും കേരള ജംഇയ്യത്തുൽ ഉലമയുടെ അമരക്കാരനുമായ സി പി ഉമർ സുല്ലമിയുടെ ഈ രചന സാധാരണക്കാർക്കെന്ന പോലെ പണ്ഡിതന്മാർക്കും പ്രയോജനപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുക യാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ.

കോഴിക്കോട് **ഡയറക്ടർ**

5-2-08 യുവത

## സി പി ഉമർ സുല്ലമി

അറിയപ്പെട്ട പണ്ഡിതൻ, ശ്രദ്ധേയനായ പ്രാസംഗികൻ, ഇസ്‌ലാഹി പ്രസ്ഥാന ചരിത്രത്തിലെ ഏതാണ്ട് എല്ലാ വാദപ്രതിവാദങ്ങളിലും വിഷയാവതാരകൻ.

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്തിനടുത്ത് നെല്ലായ പഞ്ചായത്തിൽ 1942 ജൂലൈ 20ന് ജനനം. പള്ളി ദർസിൽ മതപഠനം. അരീക്കോട് സുല്ലമുസ്സലാം അറബിക് കോളെജിൽ തുടർപഠനം. എടവണ്ണ ജാമിഅ നദ്‌വിയയിലെ പ്രഥമ വിദ്യാർഥി. 1964 ൽ മലപ്പുറം ജില്ലയിലെ കുഴിപ്പുറം ഗവ. സ്കൂളിൽ അധ്യാപകനായി. ഇപ്പോൾ രണ്ടത്താണിയിൽ താമസിക്കുന്നു. പ്രബോധന രംഗത്ത് മുഴുവൻ സമയ പ്രവർത്തനത്തിനായി 1986 ൽ സ്വയം വിരമിച്ചു.

കേരള നദ്‌വത്തുൽ മുജാഹിദീൻ ജില്ലാ സെക്രട്ടറി, പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി, വളവന്നൂർ അൻസാറുല്ല സംഘം പ്രസിഡന്റ്, കേരള ജംഇയ്യത്തുൽ ഉലമ ജന. സെക്രട്ടറി എന്നീ നിലകളിലെല്ലാം പ്രസ്ഥാനത്തിനുവേണ്ടി സേവനം ചെയ്തു. ഇപ്പോൾ കെ ജെ യു പ്രസിഡന്റാണ്. മുഅ്ജിസത്തും കറാമത്തും, പ്രാർഥന നിത്യജീവിതത്തിൽ എന്നിവയാണ് കൃതികൾ.

ഭാര്യ: പി കെ റാബിയാബി. നാലു മക്കൾ.

# ഉള്ളടക്കം

സകാത്ത് ........................................................ 11

സകാത്ത് നല്കേണ്ട ഇനങ്ങൾ ........................................ 24

സകാത്തിന്റെ അവകാശികൾ.......................................... 47

ശേഖരണവും വിതരണവും ............................................ 59

സകാത്തുൽ ഫിത്വ്ർ .................................................. 71

ദാന ധർമങ്ങൾ (സ്വദക്വ) ............................................. 75

## ■ ആമുഖം

ഇസ്‌ലാം മതത്തിന്റെ അടിസ്ഥാന കാര്യങ്ങൾ ആറ് വിശ്വാസ കാര്യങ്ങളും അഞ്ച് അനുഷ്ഠാന കാര്യങ്ങളുമാണല്ലോ. ‘ഈമാൻ കാര്യങ്ങളി’ൽ വിശ്വാസമർപ്പിക്കുന്ന സത്യവിശ്വാസി നിർബന്ധ മായും അനുഷ്ഠിക്കേണ്ട കർമങ്ങളാണ് ‘ഇസ്‌ലാം കാര്യങ്ങൾ’ എന്നറിയപ്പെടുന്നത്. ശഹാദത്ത്, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയാണ് ആ അഞ്ചു കാര്യങ്ങൾ. പ്രാഥമിക മദ്റസക ളിൽ പഠിച്ച ഏതൊരു കുട്ടിക്കും അറിയാവുന്ന കാര്യങ്ങളാണിത്.

എന്നാൽ കർമരംഗത്തേക്ക് കടക്കുമ്പോൾ ദീൻ എന്നത് നമ സ്കാരത്തിലും നോമ്പിലും ഒതുങ്ങിയ അവസ്ഥയാണുള്ളത്. ‘നല്ല മനുഷ്യൻ’ എന്നതിന് നമസ്കാരവും നോമ്പും അനുഷ്ഠിക്കുന്ന യാൾ എന്ന സാമാന്യ പര്യായം സമൂഹത്തിൽ നിലവിലുണ്ട്. വസ്തുതാപരമായി അതിന്ന് ഒരു കാരണമുണ്ട്. ‘ശഹാദത്ത്’ നേർക്കു നേരെ അനുഷ്ഠാനമല്ല. സമ്പത്തുള്ളവർക്കേ സകാത്ത് ഉള്ളൂ. മക്കയിൽ പോയി വരാൻ സാധിക്കുന്നവർക്കു മാത്രമേ ഹജ്ജ് നിർബന്ധമുള്ളൂ. അപ്പോൾ എല്ലാവരും നിർബന്ധമായി ചെയ്യേണ്ടത് നമസ്കാരവും നോമ്പും ആണല്ലോ. ഇത് ഒരു വശം മാത്രമാണ്. അതേസമയം സകാത്ത് തീരെ അവഗണിക്കപ്പെടു കയും ഹജ്ജ് ‘വി ഐ പി കർമ’മായി ഗണിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സമൂഹത്തിൽ കണ്ടുവരുന്നത്.

മുസ്‌ലിംകളിലെ ഒറ്റപ്പെട്ട പണക്കാർ തങ്ങളുടെ ഇംഗിതത്തിന നുസരിച്ച് കാട്ടിക്കൂട്ടുന്ന ഏർപ്പാടായി സകാത്ത് തരംതാഴ്ന്നു. ഇസ്‌ലാം നിർബന്ധമായി നിശ്ചയിച്ച കർമത്തെപ്പറ്റി മുസ്‌ലിംകൾ ബോധവാന്മാരായിരുന്നില്ല. എത്രത്തോളമെന്നാൽ നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾക്ക് സകാത്ത് കൊടു ക്കേണ്ടതാണ് എന്ന അറിവു പോലും അവർക്കുണ്ടായിരുന്നില്ല. നമ സ്കാരത്തിന്റെ --ശർത്വുകൾ, ഫർദുകൾ, സുന്നത്തുകൾ, മര്യാദ കൾ തുടങ്ങിയ ഓരോന്നും തലനാരിഴ കീറി പഠിക്കുന്ന സമൂഹം പക്ഷെ, സകാത്തിന്റെ കാര്യത്തിൽ അജ്ഞരായിരുന്നു.

ഇസ്‌ലാഹീ പ്രസ്ഥാനം ഇസ്‌ലാമിന്റെ യഥാർഥ വിശ്വാസാചാരങ്ങളിലേക്ക് മുസ്‌ലിംകളെ തിരിച്ചു വിളിച്ച് നവോത്ഥാന രംഗത്ത് നിറഞ്ഞു നിന്നപ്പോൾ സമുദായത്തിൽ സജീവമായി ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളിൽ ഒന്ന് സകാത്തായിരുന്നു. മറ്റു പല വിഷയങ്ങളിലുമെന്ന പോലെ സകാത്തിന്റെ കാര്യത്തിലും നബിചര്യ ജനങ്ങൾക്ക് പുത്തൻ കാര്യമായി അനുഭവപ്പെട്ടു. പതിറ്റാണ്ടുകളുടെ പ്രവർത്തനങ്ങളിലൂടെയാണ് മുജാഹിദ് പ്രസ്ഥാനം ഇക്കാര്യവും സമൂഹത്തെ പഠിപ്പിച്ചത്. നമ്മുടെ നാട്ടിൽ മുസ്‌ലിംകൾ തങ്ങളുടെ സാമൂഹിക കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന മഹല്ല് സംവിധാനത്തിലൂടെ സകാത്ത് യഥോചിതം നടപ്പിലാക്കാമെന്ന് പല മഹല്ലുകളും പ്രാവർത്തികമായി കാണിച്ചുകൊടുത്തു. 1987 ൽ കുറ്റിപ്പുറത്തു നടന്ന മുജാഹിദ് സമ്മേളനത്തിന്റെ ശക്തമായ തീരുമാനങ്ങളിലൊന്ന് മുഴുവൻ മഹല്ലുകളിലും 'സകാത്തുസെൽ' രൂപീകരിക്കണമെന്നതായിരുന്നു. പോരായ്മകൾ പലതും ഉണ്ടാകാമെങ്കിലും കേരളത്തിലെ നൂറുകണക്കിന് മഹല്ലുകളിൽ വ്യവസ്ഥാപിതമായി സകാത്ത് നടപ്പിലാക്കി വരുന്നുണ്ട്. സകാത്തുൽ ഫിത്ർ സംഘടിതമായി നല്കുന്ന നിരവധി മഹല്ലുകൾ വേറെയുമുണ്ട്.

സമ്പദ്ഘടന അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ സകാത്തിന്റെ കാര്യം ചർച്ച ചെയ്യുമ്പോൾ പല പുതിയ പ്രശ്നങ്ങളും ഉണ്ടാവും. നബി(സ്വ)യുടെ കാലത്തില്ലാത്ത സാമ്പത്തിക സംവിധാനത്തിൽ ചിലതിന്റെയൊക്കെ സകാത്ത് കണക്കാക്കുന്നതിൽ ഭിന്ന വീക്ഷണങ്ങൾ കണ്ടേക്കാം. നബി(സ്വ) പഠിപ്പിച്ചു തന്ന അടിസ്ഥാന തത്വത്തിൽ നിന്നുകൊണ്ട് നൂതന പ്രശ്നങ്ങളിൽ ഗവേഷണം (ഇജ്തിഹാദ്) നടത്തുമ്പോൾ വീക്ഷണ വ്യത്യാസങ്ങൾ സ്വാഭാവികം. കേവലം ചർച്ചയ്ക്കു വേണ്ടിയല്ല, പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ വേണ്ടിയാണ് നാം നിലകൊള്ളേണ്ടത്.

ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് സകാത്തിന്റെ പ്രാധാന്യവും പ്രായോഗിക രൂപവും വിശദീകരിച്ചുകൊണ്ട് ഈ ലഘു കൃതി തയ്യാറാക്കിയത്. കർമപഥത്തിൽ വഴികാട്ടിയായി ഈ കൃതി ആർക്കെങ്കിലും ഉപകാരപ്പെടുന്നുവെങ്കിൽ അല്ലാഹുവിന്ന് സ്തുതി. സൂക്ഷ്മതക്കുറവു കൊണ്ടോ മറ്റോ വല്ല സ്ഖലിതങ്ങളും കടന്നുകൂടിയത് ശ്രദ്ധയിൽ പെടുന്നവർ ചൂണ്ടിക്കാണിക്കാനപേക്ഷ. ഗവേഷണാത്മകമായ പ്രശ്നങ്ങളിൽ വീക്ഷണ വ്യത്യാസം കാണുന്നുവെങ്കിൽ ക്ഷമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

***സി പി ഉമർ സുല്ലമി***

# സകാത്ത്

ഇസ്‌ലാമിന്റെ അഞ്ചു അടിസ്ഥാന കാര്യങ്ങളിൽ ഒന്നത്രെ സകാത്ത്. ശഹാദത്ത് കലിമ അംഗീകരിക്കുക, നമസ്കാരം മുറപ്രകാരം നിർവഹിക്കുക, റമദ്വാനിൽ നോമ്പനുഷ്ഠിക്കുക, കഴിവുള്ളവർ ഹജ്ജ് നിർവഹിക്കുക എന്നിവയാണ് മറ്റു കാര്യങ്ങൾ. മൂന്നാമത്തെ കാര്യമായ സകാത്തിനെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്നതാണ് ഈ കൃതി

بني الإسلام على خمس شهادة أن لااله الا الله وأن محمدا رسول الله وإقام الصلاة وإيتاء الزكاة وصوم رمضان وحج البيت من استطاع إليه سبيلا (متفق عليه)

"ഇസ്‌ലാം സ്ഥാപിക്കപ്പെട്ടത് അഞ്ചു കാര്യങ്ങളിന്മേലാണ്. അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി യാതൊന്നുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യംവഹിക്കൽ (ശഹാദത്ത്), നമസ്കാരം നിലനിർത്തൽ, സകാത്ത് നല്കൽ, റമദ്വാനിൽ നോമ്പനുഷ്ഠിക്കൽ, സാധിക്കുന്നവർ കഅ്ബയിൽ പോയി ഹജ്ജ് നിർവഹിക്കൽ (എന്നിവയാണത്)." (ബുഖാരി, മുസ്‌ലിം)

ഒരാൾ മുസ്‌ലിമായി അംഗീകരിക്കപ്പെടുന്നത് നമസ്കാരവും സകാത്തും നിർവഹിക്കുന്നതോടെയാണ്.

"എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നല്കുകയും ചെയ്യുന്നപക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു." (വി.ക്വു 9:11)

മുസ്‌ലിംകളുമായി ശത്രുതയിൽ വർത്തിക്കുന്ന ജനവിഭാഗത്തെപ്പറ്റി ക്വുർആൻ പറയുന്നു:

"ഇനി അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നല്കുകയും ചെയ്യുന്നപക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കിക്കൊടുക്കുക" (വി.ക്വു 9:5). അവരുടെ സ്വൈരജീവിതത്തിന് തടസ്സം സൃഷ്ടിക്കരുത് എന്നർഥം.

## സമ്പത്ത് ദൈവാനുഗ്രഹം

സമ്പത്ത് ദൈവത്തിന്റെ മഹത്തായ അനുഗ്രഹമാണ്. സമ്പത്തിനെപ്പറ്റി നന്മയെന്ന് അർഥം വരുന്ന ഖൈർ എന്ന പദം ക്വുർആൻ പ്രയോഗിച്ചിട്ടുണ്ട്. സമ്പത്തിനെ സ്നേഹിക്കുക മനുഷ്യസഹജമാണ്.

"തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനുമാകുന്നു." (വി. ക്വു 100:8)

"നിങ്ങളിലാർക്കെങ്കിലും മരണം ആസന്നമാകുമ്പോൾ ധനം വിട്ടേച്ചുപോകുന്നുണ്ടെങ്കിൽ വസ്വിയ്യത്ത് ചെയ്യണം" എന്ന് നിർദേശിച്ചേടത്ത് ക്വുർആനിൽ ان ترك خيرا (2:180) എന്നാണു പ്രയോഗിച്ചത്.

"അല്ലാഹു നിങ്ങളുടെ നിലനില്പിനുള്ള മാർഗമായി നിശ്ചയിച്ചുതന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ വിവേകമില്ലാത്തവർക്കു കൈവിട്ടുകൊടുക്കരുത്" (4:5) എന്നും ക്വുർആൻ ഉണർത്തുന്നു.

...ذلك فضل الله يؤتيه من يشاء (متفق عليه)

"സമ്പത്തുള്ളവർക്ക് ദാനം കൊണ്ട് നേട്ടം കൈവരിക്കാം" എന്ന് വിവരിക്കുന്ന ദീർഘമായ ഹദീഥിൽ "സമ്പത്ത് അല്ലാഹുവിന്റെ ഔദാര്യമാണ്, അവൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നല്കുന്നു" എന്ന് പ്രവാചകൻ വിശദീകരിക്കുകയുണ്ടായി. (ബുഖാരി, മുസ്‌ലിം)

സമ്പത്ത് തേടുവാനായി അധ്വാനിക്കണമെന്നും ക്വുർആൻ പറയുന്നു: "അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് (സമ്പത്ത്) നേടിക്കൊള്ളുക." (64:10)

'ധനവാൻ സ്വർഗത്തിൽ കടക്കുകയില്ല' എന്ന ബൈബിൾ സങ്കല്പം ഇസ്‌ലാം അംഗീകരിക്കുന്നുമില്ല. മറിച്ച് സമ്പത്തിന്റെ മതിയായ വിനിയോഗത്തിലൂടെ സ്വർഗം കരസ്ഥമാക്കുക എന്നാണ് ക്വുർആൻ പറയുന്നത്: "അല്ലാഹു നിനക്ക് നല്കിയിട്ടുള്ളതിലൂടെ നീ പരലോക വിജയം നേടുക. ഐഹിക ജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട." (28:77)

സമ്പത്താകുന്ന ദൈവാനുഗ്രഹം എല്ലാ മനുഷ്യർക്കും ഒരുപോലെയല്ല ലഭിക്കുന്നത്. ഏറ്റക്കുറവുകൾ കാണും. സമ്പാദിക്കാനുള്ള കഴിവുകളും വ്യത്യസ്തമാണ്. എന്നാൽ തനിക്കു ലഭിച്ച അനുഗ്രഹം സമസൃഷ്ടികൾക്കു കൂടി പങ്കുവയ്ക്കാൻ ഒരാൾക്ക് സന്മനസ്സുണ്ടാവുക എന്നത് വിശ്വാസത്തിന്റെയും ധർമബോധത്തിന്റെയും ഭാഗമാണ്. ക്വുർആൻ പറയുന്നു:

"തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലാകുന്നു. എന്നാൽ ഏതൊരാൾ ദാനം നല്കുകയും സൂക്ഷ്മത പാലിക്കുകയും ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ അവന് നാം എളുപ്പമുള്ളതിലേക്ക് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതാണ്." (വി. ക്വു 92:4-7)

"(നബിയേ,) നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസന്മാരിൽ നിന്ന് താനുദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും താനുദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ ഏതൊന്ന് ചെലവഴിച്ചാലും അവൻ അതിനു പകരം നല്കുന്നതാണ്. അവൻ ഉപജീവനം നല്കുന്നവരിൽ ഏറ്റവും ഉത്തമനത്രെ." (വി. ക്വു 34:39)

"തങ്ങളുടെ സ്വത്തുക്കളിൽ ചോദിച്ചുവരുന്നവന്നും ഉപജീവനം തടയപ്പെട്ടവന്നും നിർണിത അവകാശം നല്കുന്നവരും (ആണ് സത്യവിശ്വാസികൾ)" (വി. ക്വു 70: 24,25). ഈ നിർണിത അവകാശമത്രെ സകാത്ത്.

## ഔദാര്യമല്ല, അവകാശം

സമ്പത്ത് അല്ലാഹുവിന്റെ അനുഗ്രഹമാണ്: അത് തേടുന്നത് അനുവദനീയവും ആവശ്യവുമാണ്. അത് എല്ലാവർക്കും ഒരുപോലെയല്ല വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. സമ്പത്ത് കൈവശമുള്ളവനെ ധനികനെന്നും സമ്പത്ത് കുറഞ്ഞവനെ ദരിദ്രനെന്നും നാം വിളിക്കുന്നു.

എന്നാൽ ധനികന്ന് തന്റെ ഐശ്വര്യത്തിൽ അഹങ്കരിക്കാൻ യാതൊരു ന്യായവുമില്ല. അതുകൊണ്ടാണ് അവരുടെ സ്വത്തിൽ നിശ്ചിത ഓഹരി കൊടുത്തുതീർക്കാൻ കല്പിച്ചത്. സമ്പത്തിന്റെ വികേന്ദ്രീകരണത്തെപ്പറ്റി ക്വുർആൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്.

لكي لا يكون دولة بين الأغنياء

"സമ്പത്ത് സമ്പന്നർക്കിടയിൽ ചുറ്റിത്തിരിയുന്ന അവസ്ഥയില്ലാതിരിക്കാൻ വേണ്ടി".

അതേസമയം ദരിദ്രർക്ക് തങ്ങളുടെ ദാരിദ്ര്യത്തിൽ ഇച്ഛാഭംഗമോ സമ്പന്നരോട് അസൂയയോ അരുത്. ഉച്ചനീചത്വങ്ങളോ അധമ മനോഭാവമോ സാമ്പത്തിക ചൂഷണങ്ങളോ ഇല്ലാതാക്കാൻ വേണ്ടി ഇസ്‌ലാം രണ്ടു കാര്യങ്ങൾ ഏർപ്പെടുത്തി.

ധനികന്റെ സ്വത്തിൽ നിശ്ചിത പരിധിയെത്തിയാൽ നിർണിതമായ ഒരു വിഹിതം തന്റെ ഔദാര്യമെന്ന നിലയിലല്ല, പാവങ്ങളുടെ അവകാശമെന്ന നിലയിൽ അവൻ മാറ്റിവയ്ക്കണം. സാമ്പത്തിക ചൂഷണത്തിന്റെയും ദരിദ്രന്റെ നട്ടെല്ലൊടിക്കുന്നതിന്റെയും ഏറ്റവും പ്രധാന കാരണമായ പലിശ പാടെ നിരോധിക്കുകയും ചെയ്തു. ഇതു കൃത്യമായി നടപ്പിലാക്കിയ സമൂഹത്തിൽ ദാരിദ്ര്യം പാടെ നിർമാർജനം ചെയ്യപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

സംഘടിത തൊഴിലാളിവർഗത്തെയും മറ്റു പ്രതികൂലമായ സാഹചര്യങ്ങളെയും ഭയന്ന് വ്യാപാരത്തിനോ വ്യവസായത്തിനോ ഇറക്കാതെ പണം സൂക്ഷിച്ചുവയ്ക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുമ്പോൾ പലിശക്കു വേണ്ടി നിക്ഷേപിക്കുക പതിവാണ്. ഇതു രണ്ടും സാമ്പത്തിക രംഗത്ത് മന്ദീഭാവമുണ്ടക്കുന്നു. ഇസ്‌ലാം ഈ രണ്ടു കാര്യങ്ങളും അംഗീകരിക്കു

ന്നില്ല. കൃത്യമായ സകാത്ത് സമ്പ്രദായത്തിലൂടെ സമ്പത്തിന്റെ വിതരണവും വ്യാപനവും നടക്കുന്നു.

## സകാത്തിന്റെ ഭാഷാർഥം

സമ്പന്നൻ ദരിദ്രർക്ക് നിർബന്ധമായും നല്കിയിരിക്കേണ്ട നിശ്ചിത വിഹിതത്തിന്നാണ് സകാത്ത് എന്നുപറയുന്നത്. സകാത്ത് എന്ന പദത്തിന് ഭാഷയിൽ വിശുദ്ധി, വർധന, വളർച്ച എന്നൊക്കെയാണ് അർഥം. ഖുർആനിൽ ഈ ആശയത്തിനൊക്കെ സകാത്ത് എന്നു പ്രയോഗിച്ചിട്ടുണ്ട്.

ഇസ്‌ലാമിലെ സകാത്തിന്റെ സാങ്കേതികാർഥമാകട്ടെ, ഈ കാര്യങ്ങളൊക്കെ ഉൾക്കൊള്ളുന്നതാണു താനും. സമ്പത്തിൽ ദരിദ്രർക്കു നല്കാനായി അല്ലാഹു നിശ്ചയിച്ച വിഹിതത്തിനു സകാത്ത് എന്നു പറയുന്നു. ആ നിശ്ചിത വിഹിതം അർഹരായവർക്കായി ശേഖരിക്കുന്ന നടപടിക്രമത്തിനും സകാത്ത് എന്നു തന്നെയാണ് പറയുന്നത്.

وأما الزكاة في الشرع فقال صاحب الحاوى وآخرون: هو اسم لأخذ شيء مخصوص من مال مخصوص على أوصاف مخصوصة لطائفة مخصوصة (شرح المهذب ٣٢٥/٥)

പ്രവാചകചര്യയനുസരിച്ച് സകാത്ത് നടപ്പിലായാൽ വളർച്ചയും വികാസവും ആ സമ്പത്തിൽ വ്യാപകമായി ഉണ്ടാകുന്നു. അതിലൂടെ മിച്ചമുള്ള സ്വത്ത് ശുദ്ധമായിത്തീരുന്നു. ഈ വിശുദ്ധി സമ്പത്തിൽ പരിമിതപ്പെടാതെ ദായകനിലേക്കും എത്തിച്ചേരുന്നു. അവന്റെ മാനസിക വിശുദ്ധിയാണ് പ്രധാനം.

تطهرهم وتزكيهم بها

“നീ അവരെ അതു(സകാത്തു)മൂലം ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നു” എന്നാണ് ഖുർആൻ സകാത്തിന്റെ ലക്ഷ്യമായി ചൂണ്ടിക്കാണിച്ചത്. ഇവിടെ ‘തുസക്കീഹിം’ എന്നതിന് ‘നീ അവർക്ക് വളർച്ചയുണ്ടാക്കുന്നു’ എന്നും അർഥമാകാം.

സകാത്തിന് സ്വദക്വ (الصدقة)എന്നും ഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. നിർബന്ധമല്ലാത്ത ദാനധർമങ്ങൾക്കും സ്വദക്വ എന്നു പറയുന്നു.

## പൂർവ പ്രവാചകന്മാരും സകാത്തും

മുഹമ്മദ് നബി(സ്വ) പുതുതായി കൊണ്ടുവന്ന അനുഷ്ഠാന കർമമല്ല സകാത്ത്. അദ്ദേഹത്തിനുമുമ്പുള്ള പ്രവാചകന്മാരും സകാത്തിന് അനുശാസിക്കപ്പെട്ടിരുന്നതായി ഖുർആൻ വിവരിക്കുന്നുണ്ട്.

“അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നന്മ ചെയ്യണം. ജനങ്ങളോട് നല്ല വാക്കു പറയണം. പ്രാർഥന മുറപ്രകാരം നിർവഹിക്കുകയും സകാത്തു നല്കുകയും ചെയ്യണം എന്നെല്ലാം നാം ഇസ്റാ

ഈുല്യരോട് കരാറുവാങ്ങിയ സന്ദർഭം ഓർക്കുക" (വി. ക്വു 2:83). ക്വുർ ആൻ 5:12ലും ഈ ആശയം കാണാം.

"ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കാനും സകാത്ത് നല്കുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു" (വി. ക്വു 19:31) എന്ന് ഈസാ (അ) പറഞ്ഞതായി ക്വുർആൻ വ്യക്തമാക്കുന്നു.

തന്റെ ആളുകളോട് നമസ്കരിക്കാനും സകാത്ത് നല്കാനും അദ്ദേഹം (ഇസ്മാഈൽ (അ)) കല്പിക്കുമായിരുന്നു." (വി. ക്വു 19:55)

പ്രവാചകന്മാരായ ഇബ്റാഹീം (അ), ഇസ്ഹാക്വ് (അ), യഅ്ക്വൂബ് (അ) എന്നിവരെപ്പറ്റി ക്വുർആൻ പറയുന്നു:

"അവരെ നാം നമ്മുടെ കല്പനപ്രകാരം മാർഗദർശനം നല്കുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും സകാത്ത് നല്കണമെന്നും നാം അവർക്ക് ബോധനം നല്കുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചിരുന്നത്." (21:73)

ഹിജ്റയ്ക്കു മുമ്പ് അവതീർണമായ ക്വുർആൻ സൂക്തങ്ങളിൽ(المكية الآيات) ദാനധർമത്തിനുള്ള ആഹ്വാനങ്ങൾ കാണാം. അഗതികൾക്ക് ആഹാരം നല്കുന്ന കാര്യത്തിൽ ശക്തമായി പ്രേരണ നല്കിയും സായുധ സമരത്തിനു സന്നദ്ധമല്ലാത്ത സ്വാർഥതയെ വിമർശിച്ചുകൊണ്ടും ആയത്തുകൾ കാണാം.

"(നരകത്തിൽ പ്രവേശിക്കപ്പെട്ടവരോട്) നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചതെന്ത്? (എന്നു ചോദിക്കപ്പെടുമ്പോൾ) അവർ പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല. അഗതികൾക്ക് ഞങ്ങൾ ആഹാരം നല്കിയിരുന്നുമില്ല." (വി. ക്വു 74: 42-44)

മതനിഷേധികളുടെ ലക്ഷണം അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"പാവപ്പെട്ടവന്റെ ഭക്ഷണ കാര്യത്തിൽ പ്രോത്സാഹനം നല്കാതിരിക്കുകയും ചെയ്യുന്നവനത്രെ (മതനിഷേധി)." (വി. ക്വു 107: 3)

പകൽസമയത്ത് വിളവെടുപ്പ് നടത്തിയാൽ പാവപ്പെട്ടവന്ന് അർഹമായത് നല്കേണ്ടിവരുമെന്നതിനാൽ ആരുമറിയാതെ രാത്രിയിൽ വിളവെടുക്കാൻ പോയ ഒരു കുടുംബത്തിന്റെ സമ്പത്ത് ദൈവശിക്ഷയാൽ നശിപ്പിക്കപ്പെട്ട സംഭവം ഖുർ ആൻ വിശദീകരിച്ചിട്ടുണ്ട്. (വി. ക്വു 68: 17-32)

പടിപടിയായി നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പിന്നീട് മദീനയിൽ അവതരിച്ച സൂറത്തുകളിൽ أقيموا الصلاة وآتوا الزكاة "നമസ്കാരം മുറപ്രകാരം നിർവഹിക്കുക, സകാത്ത് നല്കുക" എന്ന കല്പനയുണ്ടായി. ആദ്യമായി ഫിത്വ്ർ സകാത്താണ് നിർബന്ധമാക്കിയത്. അതിനു ശേഷമാണ് എല്ലാ സമ്പത്തിന്റെയും വ്യവസ്ഥാപിതമായ സകാത്ത് സമ്പ്രദായം പ്രവാചകൻ നടപ്പിലാക്കിയത്. ക്വൈസുബ്നു സഅ്ദിബ്നി ഉബാദ(റ)യിൽ

നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട നബിവചനം ഇങ്ങനെയാണ്:

أمرنا رسول الله(ص) بصدقة الفطر قبل أن تنزل الزكاة ثم نزلت فريضة الزكاة (أحمد، النسائي، ابن ماجه)

"പ്രവാചകൻ ഞങ്ങളോട് ഫിത്ർ സകാത്ത് കൊടുക്കാൻ കല്പിക്കാറുണ്ടായിരുന്നു; സകാത്ത് നിർബന്ധമാക്കുന്നതിനു മുമ്പ്. പിന്നീടാണ് സകാത്ത് നിർബന്ധമാക്കി ആയത്തിറങ്ങിയത്." (അഹ്മദ്, നസാഈ, ഇബ്നുമാജ)

മറ്റു നിയമങ്ങൾ പോലെത്തന്നെ സകാത്തിന്റെയും പൊതുനിർദേശങ്ങൾ ക്വുർആനിലുണ്ട്. അതിന്റെ പ്രായോഗിക വശങ്ങളും വിശദാംശങ്ങളും പ്രവാചകചര്യയിൽ വ്യക്തമാക്കിയിട്ടുമുണ്ട്.

ഇന്ന് അറിയപ്പെടുന്ന മതങ്ങളിലും ദാനധർമങ്ങൾ പുണ്യകർമമത്രെ. എന്നാൽ സകാത്തിന്റെ വിശദാംശങ്ങൾ പ്രാവർത്തികമാക്കിയതോടെ ഇസ്‌ലാമിലെ സകാത്തും മറ്റു മതങ്ങളിലെ ദാനധർമങ്ങളും തമ്മിലുള്ള വ്യത്യാസം പ്രകടമായി.

1. മറ്റു മതങ്ങളിൽ ജനങ്ങൾ ഐച്ഛികമായി ചെയ്യുന്ന പുണ്യകർമമാണ് ദാനം. ഇസ്‌ലാമിൽ സകാത്ത് മതത്തിന്റെ ഒഴിച്ചുകൂടാത്ത മൗലിക ഘടകങ്ങളിലൊന്നാണ്.

2. സമ്പന്നന്റെ ഔദാര്യമാണ് ദാനധർമങ്ങളെങ്കിൽ സകാത്ത് ദരിദ്രന്റെ അവകാശമായാണ് ഇസ്‌ലാം കാണുന്നത്.

3. ദാനധർമങ്ങൾ ഇത്രയെന്നു നിബന്ധനയില്ല. സകാത്താകട്ടെ സമ്പത്തിന്റെ നിശ്ചിതമായ വിഹിതമായി കണക്കാക്കപ്പെട്ടിരിക്കുന്നു.

4. ദാതാവിനും സ്വീകർത്താവിനുമിടയിൽ മൂന്നാമതൊരു കൈ സകാത്തിൽ ഉണ്ട്. തന്നിമിത്തം ഉച്ചനീചവിചാരങ്ങളും അക്രമവും ചൂഷണവും അതിൽ നിന്ന് ഉളവാകുകയില്ല.

5. ദാനധർമങ്ങൾ സ്വമേധയാ നിർവഹിക്കേണ്ടതാണ്. സകാത്ത് നല്കിയില്ലെങ്കിൽ സമൂഹനേതൃത്വം അഥവാ ഭരണകൂടം അത് വസൂലാക്കും.

## സകാത്തിന്റെ പ്രാധാന്യം

മുസ്‌ലിം ചെയ്യേണ്ട അനുഷ്ഠാനകർമങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് സകാത്ത്. നമസ്കാരം നിർവഹിക്കാത്തവന്ന് മുസ്‌ലിം സമുദായത്തിൽ അംഗീകാരമില്ലാത്തതുപോലെത്തന്നെ സത്യവിശ്വാസത്തിന്റെ അനിവാര്യ താല്പര്യമായിത്തന്നെയാണ് കഴിവുണ്ടെങ്കിൽ സകാത്ത് നല്കുക എന്നതും ഇസ്‌ലാം കാണുന്നത്.

"പരലോകത്തെ നിഷേധിക്കുകയും സകാത്ത് കൊടുക്കാതിരിക്കുകയും ചെയ്യുന്ന 'മുശ്‌രിക്കു'കൾക്ക് നാശം" (41:6,7) എന്ന ക്വുർആൻ വാക്യം കഴിവുള്ള ഏകദൈവവിശ്വാസി സകാത്ത് നല്കേണ്ടതിന്റെ അനിവാര്യത സൂചിപ്പിക്കുന്നു.

നമസ്കാരത്തിനുള്ള അതേ പ്രാധാന്യം തന്നെയാണ് സകാത്തിനും ഇസ്ലാം കല്പിക്കുന്നത്. എന്നാൽ ഇന്ന് സമുദായം ഈ കാര്യം മനസ്സിലാക്കിയതിൽ കാര്യമായ അപാകത നേരിട്ടിരിക്കുന്നു. നമസ്കാരം കൃത്യമായി നിർവഹിക്കുന്നവർ പോലും സകാത്തിന്റെ കാര്യം വിസ്മരിക്കുന്നു. നമസ്കാരത്തെപ്പോലെ സകാത്തിനെപ്പറ്റി പഠിക്കാൻ പലരും ശ്രമിക്കുന്നില്ല. നമസ്കാരം സ്വന്തമായും സംഘടിതമായും ഒട്ടൊക്കെ നിർവഹിക്കുന്നവർ പോലും സകാത്ത് നടപ്പിലാക്കാൻ താല്പര്യം കാണിക്കുന്നില്ല.

വിശുദ്ധഖുർആനിൽ 32 സ്ഥലങ്ങളിലാണ് സകാത്ത് പരാമർശിക്കപ്പെട്ടത്. അതിൽ 28 സ്ഥലങ്ങളിലും നമസ്കാരത്തോടു ചേർത്താണ് പറഞ്ഞിരിക്കുന്നത്. പ്രവാചകനും (സ്വ) അനുയായികളും അത് അങ്ങനെത്തന്നെ ഉൾക്കൊണ്ടു. ജാബിർ (റ) പറയുന്നു:

بايعت النبي(ص) على إقام الصلوة وإيتاء الزكاة والنصح لكل مسلم (البخارى)

"നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നല്കുകയും എല്ലാ മുസ്ലിംകളോടും ഗുണകാംക്ഷ പുലർത്തുകയും ചെയ്തുകൊള്ളാമെന്ന് ഞാൻ നബി(സ്വ)യുമായി കരാർ (ബൈഅത്ത്) ചെയ്തു." (ബുഖാരി)

അബൂബക്ർ(റ) ഖലീഫയായി സ്ഥാനമേറ്റെടുത്തപ്പോൾ പറഞ്ഞു:

والله لأقاتلن من فرق بين الصلوة والزكاة (مسلم)

"അല്ലാഹുവാണ് സത്യം, നമസ്കാരത്തിന്റെയും സകാത്തിന്റെയുമിടയിൽ വ്യത്യാസം കല്പിച്ചവനോട് ഞാൻ സമരംചെയ്യും." (മുസ്ലിം)

സകാത്ത് വ്യക്തിഗതമായ ബാധ്യതയാണെങ്കിലും അത് നിർവഹിക്കേണ്ടത് സാമൂഹികമായിട്ടാണ്. മുസ്ലിംകളിൽ നിന്ന് സകാത്ത് വാങ്ങാൻ പ്രവാചക(സ്വ)നോടാണ് ഖുർആന്റെ കല്പന. അതുകൊണ്ട് തന്നെ നബി(സ്വ) സകാത്ത് സ്വീകരിക്കാൻ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു.

മുസ്ലിം സകാത്ത് നല്കാൻ വിസമ്മതിച്ചാൽ പിഴയടക്കം വസൂലാക്കും എന്നു പ്രവാചകൻ(സ്വ) പ്രഖ്യാപിച്ചു:

من أعطاها مؤتجرا فله أجره ومن منعها فأنا أخذوها وشطر ماله عزمة من عزمات ربنا لا يحل لآل محمد منها شيء (أحمد، أبوداود، النسائي)

"വല്ലവനും പ്രതിഫലം ആഗ്രഹിച്ച് സ്വമനസ്സാലെ സകാത്ത് നല്കിയാൽ അയാൾക്കതിന്റെ പ്രതിഫലമുണ്ട്. വല്ലവനും അതു നല്കാതിരുന്നാൽ, അതും അവന്റെ ധനത്തിന്റെ ഒരു ഭാഗവും നാം പിടിച്ചെടുക്കുക തന്നെ ചെയ്യും. നമ്മുടെ രക്ഷിതാവിന്റെ ഉറച്ച തീരുമാനങ്ങളിൽ ഒന്നാണിത്. എന്നാൽ മുഹമ്മദിന്റെ കുടുംബത്തിന് അതിൽ നിന്ന് ഒന്നും അനുവദനീയമല്ല."

പാവങ്ങളുടെ അവകാശം ധനികർ നിഷേധിച്ചാൽ മതനിയമമെന്ന നിലയിൽ തന്നെ അതിൽ സമുദായ നേതൃത്വം ഇടപെടണമെന്നർഥം. ഇത്

ദൈവിക തീരുമാനമാണെന്ന് പ്രവാചകൻ പറഞ്ഞു. എന്നാൽ ശക്തിയുപയോഗിച്ച് സകാത്ത് പിടിച്ചെടുക്കുന്നത് സ്വന്തം താല്പര്യത്തിനുവേണ്ടിയല്ല എന്നു പ്രത്യേകം ഉണർത്തുന്നു. പ്രവാചകന്നോ കുടുംബത്തിന്നോ അതിൽനിന്നനുഭവിക്കാൻ അനുവാദമില്ല. എത്ര ഉദാത്തമായ നിയമം!

നബി(സ്വ)യുടെ വിയോഗാനന്തരം ഒരു വിഭാഗം സകാത്ത് നിഷേധിച്ചപ്പോൾ ഖലീഫ അബൂബക്ർ(റ) വളരെ കർക്കശമായിത്തന്നെ അതു കൈകാര്യംചെയ്തു. അദ്ദേഹം പ്രഖ്യാപിച്ചു:

والله لو منعونى عناقا كانوا يؤدونها الى رسول الله لقاتلتهم على منعها (البخارى)

“പടച്ചവൻ സത്യം, പ്രവാചകന് അവർ നല്കാറുണ്ടായിരുന്ന ഒരൊട്ടകക്കുട്ടിയെയെങ്കിലും അവർ എനിക്കു നിഷേധിച്ചാൽ അതിന്റെ പേരിൽ ഞാനവരോടു യുദ്ധംചെയ്യും” (ബുഖാരി).

സകാത്ത് നിഷേധിക്കുന്നവർക്കെതിരെ സമുദായനേതൃത്വം നടപടി സ്വീകരിക്കുമെന്നു മാത്രമല്ല ഐഹികജീവിതത്തിൽ തന്നെ ദൈവ ശിക്ഷയും ലഭിച്ചേക്കാം.

ما منع قوم الزكاة إلا ابتلاهم الله بالسنين (الطبرانى)

“സകാത്തു നല്കാത്ത ഏതു സമൂഹത്തെയും അല്ലാഹു ക്ഷാമ വർഷങ്ങൾ കൊണ്ട് പരീക്ഷിക്കാതിരിക്കില്ല” എന്നു പ്രവാചകൻ(സ്വ) പറഞ്ഞിരിക്കുന്നു. (ത്വബ്റാനി)

സകാത്ത് നല്കാത്തവന്റെ ബാക്കി ധനം പോലും ദുഷിക്കുമെന്ന് ഹദീഥുകളിൽ കാണാം.

ما خالطت الصدقة أو قال الزكاة – مالا إلا أفسدته

“ധർമം-സകാത്ത്-ഏതു ധനവുമായി കലരുന്നുവോ അത് (ധർമമായി കൊടുക്കേണ്ട ധനം) മറ്റേതിനെ കേടുവരുത്താതിരിക്കില്ല.” (ബൈഹകി)

## ശിക്ഷ പരലോകത്ത്

സമ്പത്തുണ്ടായിരിക്കെ സകാത്ത് നല്കാതിരിക്കുന്നവന് ഇസ്‌ലാമിക ഭരണകൂടം നല്കുന്ന ശിക്ഷയും അല്ലാഹുവിന്റെ ഐഹിക ശിക്ഷയും ഉള്ളതിനു പുറമെ പരലോകത്തും ശിക്ഷയുണ്ടാവും. അല്ലാഹു നല്കിയ ധനം നല്ല മാർഗത്തിൽ ചെലവഴിക്കാതെയും സകാത്ത് നല്കാതെയും സംഭരിച്ചുവയ്ക്കുന്നത് സമൃദ്ധിയിലേക്കല്ല, ഇഹത്തിലും പരത്തിലും നാശത്തിലേക്കാണ് നയിക്കുക എന്നു ഖുർആൻ പറയുന്നു.

“അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ, അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും

വിചാരിക്കരുത്. അല്ല, അതവർക്ക് ദോഷകരമാണ്. അവർ പിശുക്കു കാണിച്ച ധനം കൊണ്ട് ഉയിർത്തെഴുന്നേല്പിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്.” (വി.ഖു 3:180)

“സ്വർണവും വെള്ളിയും നിക്ഷേപമാക്കിവയ്ക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി ‘സന്തോഷവാർത്ത’ അറിയിക്കുക. നരകാഗ്നിയിൽ വച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ടതുകൊണ്ട് അവരുടെ നെറ്റിയിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടു വയ്ക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും); നിങ്ങൾ നിങ്ങൾക്കുവേണ്ടി തന്നെ നിക്ഷേപിച്ചുവെച്ചതത്രെ ഇത്. നിങ്ങൾ നിക്ഷേപിച്ചുവച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക.” (9:34,35)

മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീഥിന്റെ ആശയമിതാണ്: “സ്വർണവും വെള്ളിയും അതിന്റെ അവകാശങ്ങൾ(സകാത്ത്) നല്കാതെ സമ്പാദിച്ചു വയ്ക്കുന്നവർക്ക് ഉയിർത്തെഴുന്നേല്പുനാളിൽ ആ സ്വർണവും വെള്ളിയും തകിടുകളാക്കി നരകാഗ്നിയിൽ പഴുപ്പിച്ച് നെറ്റിയിലും മുതുകിലും ചൂടുവയ്ക്കപ്പെടും. ആടുമാടുകൾ ഏറെയുണ്ടായിരുന്നയാൾ അതിന്റെ അവകാശം(സകാത്ത്) നല്കിയിട്ടില്ലെങ്കിൽ അന്ത്യനാളിൽ ആ മൃഗങ്ങളുടെ തൊഴിയും കുത്തും ഏല്ക്കേണ്ടിവരും.”

## ബാധ്യത ആർക്കെല്ലാം?

മുസ്‌ലിമായ ആൾക്കുമാത്രമേ സകാത്ത് നിർബന്ധമുള്ളൂ. മുസ്‌ലിം രാഷ്ട്രത്തിൽ ജീവിക്കുന്ന അമുസ്‌ലിംകൾക്കു സകാത്ത് ബാധകമല്ല. കാരണം, ഇത് നികുതിയല്ല; മതപരമായ അനുഷ്ഠാനമാണ്. എന്നാൽ വേദക്കാരിൽ നിന്ന് അവരുടെ താല്പര്യപ്രകാരം ഉമർ(റ) സകാത്ത് സ്വീകരിച്ചതായി കാണാം.

സകാത്ത് സാമ്പത്തിക ഇടപാടാണ്. അതേസമയം ആരാധനയുമാണ്. സാധാരണ സാമ്പത്തിക വ്യവഹാരങ്ങൾ പോലെയല്ല. കാലികമായ മാറ്റത്തിരുത്തലുകൾക്ക് വിധേയമാകാൻ പാടില്ലാത്ത സംരക്ഷണ സ്വഭാവം അതിന്നുണ്ട്. തോത്, വിഹിതം തുടങ്ങിയവ ഇതിൽപെടുന്നു.

ഇങ്ങനെ വരുമ്പോൾ മാനസികരോഗിക്കോ പക്വതവരാത്ത കുട്ടികൾക്കോ സകാത്ത് നിർബന്ധമുണ്ടോ എന്ന കാര്യത്തിൽ ഭിന്ന വീക്ഷണം ഉണ്ടായേക്കാം. നമസ്കാരം പോലുള്ള ആരാധനയാണെങ്കിൽ അതു കുട്ടിക്കും ഭ്രാന്തനും നിർബന്ധമില്ലല്ലോ. ഇത് പാവങ്ങളുടെ അവകാശം കൂടിയാണെന്ന വസ്തുത പരിഗണിക്കുമ്പോൾ സമ്പത്ത് ആരുടേതായാലും സകാത്ത് നല്കണം. സകാത്ത് വ്യക്തിക്കല്ല; സമ്പത്തിന്നാണ്.

ഭ്രാന്തന്റെയോ കുട്ടിയുടെയോ പക്കൽ നിന്നും വല്ലതും നശിക്കാനിടവന്നാൽ രക്ഷിതാവ് നഷ്ടം നികത്തിക്കൊടുക്കാൻ ബാധ്യസ്ഥനാണല്ലോ. കുട്ടികളുടെയും ഭ്രാന്തന്റെയും സ്വത്തിൽ മറ്റുള്ളവരുടെ അവകാശമുണ്ടെ

ങ്കിൽ അത് അവകാശികൾക്ക് നല്കണം. കടം വന്നാൽ വീട്ടണം. അങ്ങനെ വരുമ്പോൾ അവരുടെ സമ്പത്തിനുള്ള സകാത്തും രക്ഷിതാവ് നല്കണം.

അപ്പോൾ ഭ്രാന്തനായാലും കുട്ടിയായാലും കുട്ടി അനാഥയാണെങ്കിൽ പോലും സമ്പത്തിനു നിശ്ചിത വിഹിതം സകാത്ത് നല്കണമെന്നതാണ് ശരിയായ അഭിപ്രായം.

## ലക്ഷ്യം

മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പരലോക മോക്ഷമാണ്. ഭൗതിക ജീവിതത്തിൽ നിന്നകന്ന് ധ്യാനത്തിലൂടെയും സംന്യാസത്തിലൂടെയും മോക്ഷം പ്രാപിക്കുകയല്ല, മറിച്ച് മാതൃകാജീവിതം നയിച്ച് ഇഹപര നേട്ടങ്ങൾ കൈവരിക്കുകയാണ് ഇസ്‌ലാമിന്റെ മാർഗം. കളങ്കരഹിതമായ ദൈവവിശ്വാസം, അചഞ്ചലമായ പരലോക വിശ്വാസം ഇവ രണ്ടുമാണ് വിശ്വാസിയുടെ ജീവിതത്തിന്റെ ചാലകശക്തി. ഈ വിശ്വാസം നിലനിർത്തുവാനും മനുഷ്യമനസ്സ് നിർമലമായിത്തീരുവാനും വേണ്ടിയാണ് അനുഷ്ഠാന കർമങ്ങൾ നിർബന്ധമാക്കിയത്.

അഞ്ചു നേരത്തെ നമസ്കാരത്തിലൂടെ ദിവസം മുഴുവൻ ദൈവസ്മരണ നിലനിർത്തുന്നു. അഞ്ചുനേരം പുഴയിൽ കുളിച്ചവന്റെ ശരീരം മലിനരഹിതമാകുന്നതുപോലെ അഞ്ചുനേരം നമസ്കരിക്കുന്നവന്റെ മനസ്സും വിമലീകരിക്കപ്പെടുന്നു എന്ന നബിവചനം ശ്രദ്ധേയമാണ്. മനസ്സും ശരീരവും ഒരുപോലെ നിയന്ത്രണ വിധേയവും ദുർവൃത്തികളിൽ നിന്നും ദുസ്വഭാവങ്ങളിൽ നിന്നും മുക്തമാക്കുന്ന വാർഷിക വ്രതാനുഷ്ഠാനവും (റമദ്വാൻ) നവജാതശിശുവിനെപ്പോലെ പാപമുക്തനാവാൻ പര്യാപ്തമായ ഹജ്ജ് കർമവും നല്ല വിശ്വാസിയെ ശുദ്ധീകരിക്കുന്നവയാണ്.

ഇസ്‌ലാമിന്റെ അടിസ്ഥാന കർമങ്ങളിൽ പെട്ട സകാത്തും ഇതുപോലെയാണ്. വളർച്ച, വിശുദ്ധി എന്നീ അർഥങ്ങൾ വരുന്ന സകാത്തിന്റെ ലക്ഷ്യം വ്യക്തിയുടെ ആത്മീയമായ വിശുദ്ധിയും സമൂഹത്തിന്റെ സാമ്പത്തിക വളർച്ചയുമാണ്. സമൂഹത്തിന്റെ സാമ്പത്തിക സുസ്ഥിതിയോ ദാരിദ്ര്യനിർമാർജനമോ അല്ല അല്ലാഹുവിന്റെ അനുഗ്രഹമായ സമ്പത്തിന്റെ ഒരംശം നല്കുന്നതിലൂടെ ദാതാവിന്റെ മാനസിക വിശുദ്ധിയും തദ്വാരാ പരലോക വിജയവുമാണ് വിശ്വാസി ലക്ഷ്യമാക്കുന്നത്.

“നീ അവരിൽ നിന്ന് സകാത്ത് സ്വീകരിക്കുക. അതവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യും.” ഈ അനുഷ്ഠാനം യഥാവിധി നിർവഹിക്കുന്നുവെങ്കിൽ സമൂഹത്തിന്റെ ഭദ്രത കൈവരിക്കാനാകുമെന്നത് ഇസ്‌ലാമിക നിയമങ്ങളുടെ പ്രായോഗികതയുടെ തെളിവാണ്. എന്നാൽ വളർച്ച എന്നർഥം വരുന്ന ‘രിബാ’ (പലിശ) ധാർമികവും വിനാശകരവുമായ വളർച്ചയാണുണ്ടാക്കുക. അതിനാൽ ഇസ്‌ലാം അത് നിരോധിച്ചു. സകാത്ത് ഉള്ളവനെയും ഇല്ലാത്തവനെയും അടുപ്പിക്കുന്നു. പലിശയാകട്ടെ അവർ തമ്മിൽ അകല്ച്ച വർധിപ്പിക്കുകയാണ് ചെയ്യുന്നത്.

## നിബന്ധനകൾ

സ്വത്തിനു സകാത്ത് നല്കേണ്ടത് നിരുപാധികമായിട്ടല്ല. ചില നിബന്ധനകൾ ഒത്തിണങ്ങിയാൽ മാത്രമേ സകാത്ത് നിർബന്ധമാവുകയുള്ളൂ.

## ഉടമസ്ഥാവകാശം

ഒരാളുടെ സ്വന്തം സ്വത്തിലോ സ്വയം കൈകാര്യംചെയ്യാൻ അവകാശമുള്ള സ്വത്തിലോ മാത്രമേ സകാത്ത് നിർബന്ധമുള്ളൂ. പരിപൂർണ ഉടമ അല്ലാഹുവാണ്. അല്ലാഹുവിന്റെ അനുഗ്രഹമാണ് സമ്പത്ത്.

"അല്ലാഹു നിങ്ങൾക്കു നല്കിയിട്ടുള്ള സ്വത്തിൽ നിന്ന് അവർക്ക് നിങ്ങൾ നല്കുക" (24:33) എന്ന് പറഞ്ഞതിൽ നിന്ന് ഇത് വ്യക്തമാകുന്നു.

وَأَنْفِقُوا مِن مَّا رَزَقْنَاكُم

"നിങ്ങൾക്ക് നാം നല്കിയതിൽ നിന്നും നിങ്ങൾ ചെലവഴിക്കുക" എന്ന ക്വുർആനിന്റെ പൊതുപ്രഖ്യാപനത്തിന്റെ ആശയവും ഇതുതന്നെ.

"അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ പിന്തുടർച്ച നല്കപ്പെട്ടവരാക്കിയോ, അതിൽ നിന്നു ചെലവഴിക്കുകയും ചെയ്യുക." (57:7)

വക്ഫ് സ്വത്തിനും ചാരിറ്റബ്ൾ ട്രസ്റ്റുകൾ, യതീംഖാനകൾ, മത-ധർമസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുകൾക്കും സകാത്ത് നല്കേണ്ടതില്ല. ഇവ വ്യക്തിയുടെ ഉടമസ്ഥതയിലല്ല. ബൈതുൽമാലിൽ സൂക്ഷിപ്പുണ്ടായിരുന്ന ധനത്തിന് സകാത്ത് നല്കിയതായി നബിചര്യയിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. എന്നാൽ വ്യക്തികൾക്കു തന്നെ ഉപകരിക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടതാണ് ട്രസ്റ്റുകളെങ്കിൽ അവയുടെ പേരിലുള്ള ധനത്തിനു സകാത്ത് നല്കേണ്ടിവരും.

ഹറാമായ സ്വത്തിൽ നിന്ന് സകാത്ത് സ്വീകാര്യമല്ല. പലിശ, കൈക്കൂലി തുടങ്ങിയ മാർഗങ്ങളിൽ ധനം സമ്പാദിക്കുന്നതുതന്നെ നിഷിദ്ധമായിരിക്കെ, അതു കൈവശം വയ്ക്കുന്നവൻ അതിന്റെ ഉടമയല്ല.

തനിക്കു കിട്ടാനുള്ള കടം തന്റെ ഉടമസ്ഥതയിൽ തന്നെയാണെന്നതിനാൽ കടത്തിനും സകാത്തു നല്കണം. കിട്ടാൻ സാധ്യതയില്ലാത്ത കടമാണെങ്കിൽ അതു ലഭിക്കുമ്പോൾ മാത്രം സകാത്തു നല്കിയാൽ മതി. കൊടുത്തു വീട്ടേണ്ട കടബാധ്യത കഴിച്ചു ബാക്കിയുള്ളതിനുമാത്രമേ സകാത്ത് നല്കേണ്ടതുള്ളൂ.

## വളർച്ച

വികസിതമോ വികസനക്ഷമമോ ആയിട്ടുള്ള സ്വത്തിനാണ് നബി(സ്വ) സകാത്ത് ചുമത്തിയിട്ടുള്ളത്. കാർഷിക സമ്പത്ത്, വ്യാവസായിക ഉല്പന്നങ്ങൾ എന്നിവ സമ്പത്തിന്റെ വികസിത രൂപങ്ങളത്രെ. നാണയം, കന്നുകാലികൾ തുടങ്ങിയവ വികസന സാധ്യതയുള്ളവയാണ്.

വികസനമോ വളർച്ചയോ പ്രതീക്ഷിക്കാത്ത പാർപ്പിടം, ഗൃഹോപകരണങ്ങൾ, യാത്രയ്ക്കുള്ള വാഹനം എന്നിവയ്ക്ക് നബി(സ്വ) സകാത്ത് ചുമത്തിയിട്ടില്ല.

ليس على المسلم فى فرسه وغلامه صدقة (البخاري)

"കുതിരക്കും അടിമയ്ക്കും സകാത്ത് നല്കാൻ മുസ്‌ലിമിന് ബാധ്യതയില്ല" (ബുഖാരി). ഈ നബിവചനം വിശദീകരിച്ചുകൊണ്ട് ഇമാം നവവി(റ) പറയുന്നു:

هذا الحديث أصل فى ان أموال القنية لا زكاة فيه (شرح مسلم)

"വളർച്ചയില്ലാത്ത സ്വത്തിനു സകാത്ത് നല്കേണ്ടതില്ല എന്നതിന് ഈ ഹദീഥ് തെളിവാണ്." (ശർഹുമുസ്‌ലിം)

## ആവശ്യം കഴിഞ്ഞു ശേഷിക്കുന്നത്

സമ്പന്നന്മാരിൽ നിന്നാണ് സകാത്ത് വാങ്ങാൻ പ്രവാചകൻ കല്പിച്ചത്. (تؤخذ من أغنياءهم) തന്റെ അടിസ്ഥാന ആവശ്യം കഴിച്ചു ബാക്കിവരുന്നവന്നു മാത്രമേ സകാത്ത് നിർബന്ധമാകുന്നുള്ളൂ.

"എന്താണ് ചെലവുചെയ്യേണ്ടതെന്ന് അവർ നിന്നോടു ചോദിക്കുന്നു. നീ പറയുക: (അത്യാവശ്യം കഴിച്ച്) മിച്ചമുള്ളത്." (2:219)

നബി(സ്വ) പറയുന്നു: لا صدقة الا عن ظهر غنى (البخاري)

"ഐശ്വര്യത്തിൽ നിന്നല്ലാതെ സകാത്തില്ല." (ബുഖാരി)

മിച്ചംവരുന്നവൻ എന്നു പറഞ്ഞതിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ധനികൻ ലക്ഷങ്ങളോ കോടികളോ ഉള്ളവനാണെന്നു ധരിക്കേണ്ടതില്ല. എത്ര വലിയ വരുമാനമുള്ളവർക്കും കിട്ടുന്നതൊന്നും മതിയാകാത്ത അവസ്ഥ കാണാം. അപ്പോൾ സകാത്തു നല്കാൻ ആളുണ്ടാവില്ല. ആഹാരം, പാർപ്പിടം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം എന്നിത്യാദി കാര്യങ്ങളിൽ തനിക്കും താൻ സംരക്ഷിക്കാൻ ബാധ്യതപ്പെട്ടവർക്കും വേണ്ടിവരുന്ന ചെലവുകളാണ് അടിസ്ഥാനാവശ്യങ്ങൾ എന്നു പറയുന്നത്.

ഒരേ വരുമാനമുള്ള വ്യത്യസ്ത ആളുകൾ അടിസ്ഥാനാവശ്യങ്ങളുടെ കാര്യത്തിൽ വിഭിന്ന നിലവാരത്തിലായിരിക്കുമല്ലോ. എന്നാൽ മേല്പറഞ്ഞ ആവശ്യങ്ങളിൽ അമിതവ്യയം ചെയ്യുകയോ ആധുനിക ഉപഭോഗ സംസ്കാരത്തിന്റെ അടിമയായി കാണുന്നതെന്തും വാങ്ങിക്കൂട്ടുകയോ ചെയ്ത് മിച്ചം വരാത്തവർക്ക് സകാത്ത് നിർബന്ധമില്ല എന്നു പറയുന്നത് നീതീകരിക്കാവുന്നതല്ല. ന്യായവും മിതവുമായ അടിസ്ഥാനാവശ്യങ്ങൾ കഴിച്ചു മിച്ചംവരുന്നവരുടെ സ്വത്ത് നിശ്ചിത പരിധി (നിസ്വാബ്) എത്തിയാൽ അവർ സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരാണ്.

## പരിധിയെത്തൽ

അടിസ്ഥാന ആവശ്യം കഴിഞ്ഞ് ബാക്കിവരുന്നതെല്ലാം ചെലവഴി

ക്കുക എന്ന് നിർദേശിക്കപ്പെട്ടിട്ടില്ല. ധനം എത്ര കുറവാണെങ്കിലും അതിൽ നിന്ന് സകാത്ത് കൊടുക്കുക എന്നും അനുശാസിക്കപ്പെടുന്നില്ല. കൈവശമുള്ള സ്വത്ത് നിശ്ചിത പരിധി എത്തിയാൽ മാത്രമേ അതിൽ സകാത്ത് നിർബന്ധമുള്ളൂ. ഈ പരിധിയെ പ്രസ്തുത ധനത്തിന്റെ നിസ്വാബ് എന്നു പയുന്നു. സമ്പത്തിനെ പൊതുവെ മൂന്നായി തരംതിരിച്ചതിൽ ഓരോന്നിനും പ്രത്യേകം നിസ്വാബുകളാണുള്ളത്.

നിസ്വാബ് പ്രവാചകൻ(സ്വ) വിശദീകരിക്കുന്നു:

ليس فيما دون خمس ذود صدقة من الإبل وليس فيما دون خمس اواق صدقة وليس فيما دون خمسة أوسق صدقة (البخاري)

“അഞ്ചെണ്ണത്തിൽ താഴെയുള്ള ഒട്ടകങ്ങൾക്കു സകാത്തില്ല. അഞ്ച് ഊഖിയയിൽ താഴെയുള്ള വെള്ളിക്കും സകാത്തില്ല. അഞ്ച് വസ്കിൽ താഴെയുള്ള ഭക്ഷ്യവസ്തുവിന്നും സകാത്തില്ല.” (ബുഖാരി)

## വർഷം പൂർത്തിയാവൽ

നിശ്ചിത പരിധി എത്തിക്കഴിഞ്ഞാൽതന്നെ പല സ്വത്തുക്കൾക്കും ഒരു കൊല്ലം പൂർത്തിയായെങ്കിലേ സകാത്ത് നിർബന്ധമാകൂ എന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്.

لا زكاة فى مال حتى يحول عليه الحول (ابوداود،دارقطنى)

“വർഷം തികയുന്നതുവരെ ഒരു സമ്പത്തിനും സകാത്തില്ല” (അബൂദാവൂദ്) എന്ന ഹദീഥാണ് ഈ അഭിപ്രായത്തിനു നിദാനം.

കാർഷികോൽപന്നങ്ങൾക്ക് സകാത്ത് നല്കേണ്ടത് വിളവെടുപ്പുവേളയിലാണ്; വർഷം പൂർത്തിയാകേണ്ടതില്ല. നിധി പോലുള്ളവ കൈയിൽ വരുമ്പോൾ തന്നെ സകാത്ത് നല്കണം. കച്ചവടത്തിന്റേതാകട്ടെ തുടങ്ങി ഒരു വർഷത്തിനു ശേഷം നല്കിയാൽ മതി. മറ്റുള്ളവയുടെ കാര്യത്തിൽ ഭിന്ന വീക്ഷണങ്ങളുണ്ട്.

നിശ്ചിത പരിധി(നിസ്വാബ്) എത്തിക്കഴിഞ്ഞാൽ സകാത്ത് നിർബന്ധമായി. അതു നല്കാനുള്ള സാവകാശമാണ് ഒരു വർഷം. ഈ കാലപരിധിക്കുള്ളിൽ നല്കിയില്ലെങ്കിൽ കുറ്റക്കാരനാകും. ഇതാണ് ഇമാം ശാഫിഈ(റ)യുടെ അഭിപ്രായം.

لاّ زكاة بعد تزكيته الا اذا مر عليه عام كامل (فقه الزكاة ليوسف القرضاوى)

“ഒരു പ്രാവശ്യം സകാത്ത് കൊടുത്താൽ പിന്നീട് പൂർണമായ ഒരു വർഷം തികയുന്നതുവരെ പ്രസ്തുത സ്വത്തിന് സകാത്തില്ല” എന്നാണ് ഡോ. യൂസുഫുൽ ഖറദാവി (ഫിഖ്ഹുസ്സകാത്ത്) ഉപര്യുക്ത ഹദീഥിനെ വിശദീകരിച്ചത്.

# സകാത്ത് നല്കേണ്ട ഇനങ്ങൾ

സകാത്ത് നല്കേണ്ടവ ഖുർആൻ വ്യക്തമായി എണ്ണിപ്പറഞ്ഞിട്ടില്ല. ചില പൊതുതത്വങ്ങൾ പറഞ്ഞു. വിശദാംശങ്ങൾ നബിചര്യയിൽ നിന്ന് നമുക്ക് ലഭിക്കുന്നു.

ഖുർആൻ പറയുന്നു: "സ്വർണവും വെള്ളിയും കെട്ടിപ്പൂട്ടി വയ്ക്കരുത്. ചെലവഴിക്കേണ്ടതാണ്" (9:34,35)

"നിങ്ങൾ സമ്പാദിച്ച നല്ല ധനങ്ങളിൽ നിന്ന് ചെലവഴിക്കുക." (2:267)

".....അവയോരോന്നും കായ്ക്കുമ്പോൾ അതിന്റെ ഫലങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിന്റെ വിളവെടുപ്പു ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക." (6:141)

"നാം നിങ്ങൾക്ക് ഭൂമിയിൽ നിന്ന് പുറത്തെടുത്തുതരുന്നതിൽ നിന്നു (ചെലവഴിക്കുക)" (2:267)

"കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനുള്ളതും മറ്റു പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്നു തന്നെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു." (16:5)

സ്വർണം, വെള്ളി, സമ്പാദ്യങ്ങൾ, കാർഷികോത്പന്നങ്ങൾ, ഭൂമിയിൽ നിന്നു ലഭിക്കുന്ന നിധി, ഖനിജങ്ങൾ തുടങ്ങിയവ, കന്നുകാലികൾ ഇവയിൽ നിന്നൊക്കെ ചെലവഴിക്കണമെന്നാണു പൊതുശാസന.

"അവരുടെ ധനത്തിൽ പാവങ്ങൾക്കും ഉപജീവനം തടയപ്പെട്ടവർക്കും ഒരവകാശമുണ്ട്" എന്ന ഖുർആൻ വചനത്തിൽ നിന്ന് സ്വത്ത് എന്നു പറയാവുന്നതിനൊക്കെ സകാത്ത് നല്കണമെന്ന് മനസ്സിലാക്കാം. സമ്പത്ത് മൂല്യത്തിലും സ്വഭാവത്തിലും കാലികമായ മാറ്റങ്ങൾക്കു വിധേയമാണെന്ന കാര്യത്തിൽ തർക്കമില്ല. സകാത്ത് നിർബന്ധമുള്ള സമ്പത്ത് അവയുടെ സ്വഭാവമനുസരിച്ച് മൂന്നുതരമായി തിരിക്കാം: കാർഷിക സമ്പത്ത്, നാണയ സമ്പത്ത്, കാലി സമ്പത്ത്.

സമ്പത്തിന്റെ സകാത്ത് അതിന്റെ ഇനങ്ങൾക്കനുസരിച്ച് 2.5%, 5%, 10%, 20% എന്നീ തോതിലാണ് നല്കേണ്ടത്. സമ്പത്തിന്റെ രൂപത്തിലും

ഭാവത്തിലും മാറ്റം വരാമെങ്കിലും മൗലികമായ ഈ കാര്യങ്ങളിൽ പ്രവാചകൻ നിശ്ചയിച്ചതിൽ നിന്ന് മാറ്റങ്ങൾ വരുത്താവുന്നതല്ല.

## 1. മൃഗസമ്പത്ത്

നമ്മുടെ നാട്ടിൽ കന്നുകാലികൾ സമ്പദ്ഘടനയുടെ പ്രധാന ഭാഗം തന്നെയാണ്. തെക്കെ അമേരിക്ക, കാനഡ, ആഫ്രിക്ക, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ വൻതോതിൽ കന്നുകാലികൾ വളർത്തപ്പെടുകയും ആ രാജ്യങ്ങളുടെ പ്രധാന വരുമാനമാർഗങ്ങളിലൊന്നായി മൃഗസമ്പത്ത് കണക്കാക്കപ്പെടുകയും ചെയ്യുന്നു. മൃഗങ്ങളുടെ കൂട്ടത്തിൽ ആട്, മാട്, ഒട്ടകം എന്നിവയാണ് പ്രധാനമായും വ്യാപകമായി വളർത്തപ്പെടുന്നത്.

ക്വുർആൻ പറയുന്നു: "കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനുള്ളതും (കമ്പിളി) മറ്റു പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്നുതന്നെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു. നിങ്ങൾ ആലയിൽ തിരിച്ചുകൊണ്ടുവരുന്ന സമയത്തും നിങ്ങൾ മേയാൻ വിടുന്ന സമയത്തും അവയിൽ നിങ്ങൾക്ക് കൗതുകമുണ്ട്." (16:5,6)

"കാലികളുടെ തുകലുകളിൽ നിന്നും അവൻ നിങ്ങൾക്ക് പാർപ്പിട സൗകര്യം നല്കിയിരിക്കുന്നു. നിങ്ങൾ യാത്രചെയ്യുന്ന ദിവസവും നിങ്ങൾ താവളമടിക്കുന്ന ദിവസവും നിങ്ങൾ അവ അനായാസം ഉപയോഗപ്പെടുത്തുന്നു. ചെമ്മരിയാടുകളുടെയും ഒട്ടകങ്ങളുടെയും കോലാടുകളുടെയും രോമങ്ങളിൽ നിന്ന് ഒരവധിവരെ ഉപയോഗിക്കാവുന്ന വീട്ടുപകരണങ്ങളും ഉപഭോഗ സാധനങ്ങളും (അവൻ നല്കിയിരിക്കുന്നു.)" (16:80)

പ്രാചീനവും അർവാചീനവുമായ ഏതു ജനസമൂഹത്തിനും ബാധകമായ ഒരു പരാമർശമാണിത്. ദൈവാനുഗ്രഹമായ സമ്പത്തിന്റെ പ്രധാന ഭാഗമായ മൃഗസമ്പത്തിന് സകാത്ത് നല്കേണ്ടതുണ്ട്.

കാർഷികാവശ്യത്തിനു വേണ്ടിയോ വാഹനമായോ ഉപയോഗിക്കുന്ന മൃഗങ്ങൾക്ക് സകാത്ത് നിർബന്ധമില്ല. മറിച്ച് സ്വത്ത് എന്ന നിലയിൽ വൻതോതിൽ വളർത്തുന്നവയ്ക്ക് മാത്രമേ സകാത്തുള്ളൂ. അഞ്ചിൽ താഴെ ഒട്ടകത്തിനും മുപ്പതിൽ താഴെ മാടിനും (പശു, പോത്ത്) നാല്പതിൽ താഴെയുള്ള ആടിനും സകാത്തുനല്കേണ്ടതില്ല.

അപ്പോൾ ആടിന്റെ നിസ്വാബ് നാല്പതും മാടിന്റെ നിസ്വാബ് മുപ്പതും ഒട്ടകത്തിന്റേത് അഞ്ചുമാണെന്ന് സാങ്കേതികമായി പറയാം.

ومن لم يكن معه الا اربع من الابل فليس فيها صدقة (البخارى)

"ഒരാളുടെ പക്കൽ നാല് ഒട്ടകമേയുള്ളൂവെങ്കിൽ അയാൾക്ക് സകാത്ത് നിർബന്ധമില്ല." (ബുഖാരി)

فاذا كانت سائمة الرجل ناقصة من اربعين شاة واحدة فليس فيها صدقة (البخارى)

"ഒരാൾക്ക് 39 ആടുകളേയുള്ളൂവെങ്കിൽ സകാത്ത് നിർബന്ധമില്ല." (ബുഖാരി)

മൃഗസമ്പത്തിന്നുള്ള സകാത്തിന്റെ വിഹിതവും തോതും വ്യക്തമാക്കി ഇമാം ബുഖാരി ഉദ്ധരിച്ച സുദീർഘമായ ഹദീഥ് ഇവിടെ പകർത്തുന്നു.

ഖലീഫ അബൂബക്ർ(റ) അനസി(റ)നെ ബഹ്റൈനിലേക്ക് നിയോഗിച്ചപ്പോൾ സകാത്ത് സ്വീകരിക്കുന്നത് സംബന്ധിച്ച് വിശദമായി അനസി(റ)നെഴുതിയ കത്താണിത്. ഇതിൽ ഒട്ടകത്തിന്റെയും ആടിന്റെയും സകാത്ത് സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ കാണാം.

ان أبابكر(ر) كتب له هذا الكتاب لما وجهه الى البحرين بسم الله الرحمن الرحيم هذه فريضة الصدقة التى فرض رسول الله على المسلمين والتى أمر الله بها رسوله فمن سئلها من المسلمين على وجهها فليعطها ومن سئل فوقها فلان يعط: فى أربع وعشرين من الإبل فما دونها من الغنم من كل خمس شاة فإذا بلغت خمسا وعشرين الى خمس وثلاثين ففيها بنت مخاض انثى فإذا بلغت ستا وثلاثين الى خمس وأربعين ففيها بنت لبون انثى فإذا بلغت ستا وأربعين إلى ستين ففيها حقة طروقة الجمل فإذا بلغت واحدة وستين إلى خمس وسبعين ففيها جذعة فإذا بلغت ستا وسبعين إلى تسعين ففيها بنتالبون فإذا بلغت إحدى وتسعين إلى عشرين ومائة ففيها حقتان طروقنا الجمل فإذا زادت على عشرين ومائة ففى كل أربعين بنت لبون وفى كل خمسين حقة ومن لم يكن معه إلا أربع من الإبل فليس فيها صدقة إلا أن يشاء ربها فإذا بلغت خمسا من الإبل ففيها شاة... (البخاري)

"(അബൂബക്ർ(റ) അനസി(റ)നെ ബഹ്റൈനിലേക്കയച്ചപ്പോൾ സകാത്ത് സ്വീകരിക്കുന്നത് സംബന്ധിച്ച്) ഖലീഫ അബൂബക്ർ(റ) അനസിന് എഴുതി: "പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹു കല്പിച്ചതനുസരിച്ച് റസൂൽ(സ്വ) മുസ്ലിംകൾക്ക് നിർബന്ധമാക്കിയത് ഇപ്രകാരമാണ്. അതനുസരിച്ച് മുസ്ലിംകൾ നല്കുക. അതിലധികം ആരെങ്കിലും ആവശ്യപ്പെട്ടാൽ നല്കേണ്ടതില്ല.

ഒട്ടകത്തിന് 24 എണ്ണംവരെ അഞ്ചെണ്ണത്തിന് ഒരാട് എന്ന തോതിൽ നല്കണം. 25 തികഞ്ഞാൽ 35 വരെ ഒരു വയസ്സായ ഒട്ടകക്കുട്ടിയും 36 മുതൽ 45 വരെ രണ്ടുവയസ്സായ ഒരു കുട്ടിയും 46 മുതൽ 60 വരെ മൂന്നു വയസ്സുള്ള ഒരൊട്ടകവും 61 മുതൽ 75 വരെ നാലു വയസ്സുള്ള ഒരൊട്ടകവും 76 മുതൽ 90 വരെ രണ്ടു വയസ്സുള്ള രണ്ട് ഒട്ടകവും 91 മുതൽ 120 വരെ മൂന്ന് വയസ്സുള്ള രണ്ട് ഒട്ടകവും സകാത്തായി നല്കണം. 120നു മേൽ ഓരോ അൻപതിനും മൂന്ന് വയസ്സായ ഒരൊട്ടകം എന്ന തോതിലോ

ഓരോ നാല്പതിനും രണ്ട് വയസ്സായ ഒരൊട്ടകം എന്ന തോതിലോ നല്കണം. നാലൊട്ടകം മാത്രമുള്ള ഒരാൾക്ക് സകാത്ത് നിർബന്ധമില്ല. അഞ്ച് ഉണ്ടെങ്കിൽ ഒരാട് നല്കണം." (ബുഖാരി)

وفى صدقة الغنم فى سائمتها اذا كانت أربعين الى عشرين ومائة شاة
فإذا زادت على عشرين ومائة الى مائتين شاتان فإذا زادت على مائتين
الى ثلاثمائة ففيها ثلاث فإذا زادت على ثلاثمائة ففى كل مائة شاة
فاذا كانت سائمة الرجل ناقصة من أربعين شاة واحدة فليس فيها
صدقة إلا ان يشاء ربها (البخارى)

"മേഞ്ഞുനടക്കുന്ന ആടുകൾ 40 എണ്ണമുണ്ടെങ്കിൽ ഒരാട് സകാത്തായി നല്കണം. 120 വരെ അതു മതി. 121 മുതൽ 200 വരെ രണ്ട് ആടും 300നു മേൽ ഓരോ നൂറിനും ഒരാട് എന്ന തോതിലും നല്കണം. ഒരാൾക്ക് 39 ആടുകളേ ഉള്ളൂവെങ്കിൽ സകാത്ത് നിർബന്ധമില്ല. അയാൾക്ക് ഇഷ്ടമുണ്ടെങ്കിൽ കൊടുക്കാം." (ബുഖാരി)

ആടുകളുടെ വളർച്ചാനിരക്കും ആട്ടിൻപറ്റത്തിൽ കുട്ടികളുടെയും മുതിർന്നവയുടെയും അനുപാതവും കണക്കിലെടുത്തായിരിക്കാം 40ന് ഒന്നും 120ന് രണ്ടും ആക്കിയത്. ആട്ടിൻപറ്റത്തിന്റെ എണ്ണം സ്വാഭാവികമായി വർധിക്കുമ്പോൾ ആട്ടിൻകുട്ടികളുടെ എണ്ണം മുതിർന്ന ആടുകളുടെ എണ്ണത്തെ അപേക്ഷിച്ച് കൂടുതലായിക്കൊണ്ടേയിരിക്കും. അഥവാ 40 എണ്ണമുള്ള ആട്ടിൻപറ്റം 80 ആയി വർധിക്കുമ്പോൾ ആദ്യത്തെ 40ന് ലഭിക്കുന്ന വില പിന്നീട് പെറ്റുപെരുകിയ 40ന് (80 എണ്ണം തികയുന്ന സമയത്ത്) ലഭിക്കുകയില്ല.

ചില നവീന വാദികൾ ഈ കണക്കിന്റെ അനുപാതത്തിൽ സംശയം ഉന്നയിക്കാറുണ്ട്. അറബികൾക്ക് കണക്കറിയില്ല എന്ന പ്രസ്താവത്തിലൂടെ ഹദീഥ് നിഷേധമായിരുന്നു അവരുടെ ലക്ഷ്യം. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാലികളുടെ സകാത്തിന്റെ ഈ പരിധി നിർണയം ഏറ്റവും ശാസ്ത്രീയവും എക്കാലത്തേക്കും യോജിച്ചതുമാണെന്നു കാണാം.

മാടിന്റെ (പോത്ത്, പശു) സകാത്ത് ഹദീഥിൽ വ്യക്തമായി വിവരിച്ചിട്ടില്ല. മാടിന്റെ നിസ്വാബ് 30 ആയി പണ്ഡിതന്മാർ നിജപ്പെടുത്തിയിരിക്കുന്നു. 30 മുതൽ 39 വരെ ഒരു വയസ്സ് പൂർത്തിയായ ഒരു കന്നുകുട്ടിയും 40 മുതൽ 59 വരെ രണ്ടു വയസ്സ് പൂർത്തിയായ ഒരു കന്നുകുട്ടിയും 60ന് ഒരു വയസ്സുള്ള രണ്ട് കന്നുകുട്ടികളും സകാത്തായി നല്കണം. പിന്നീട് ഓരോ മുപ്പതിനും ഒരു വയസ്സുള്ള ഒരു കുട്ടിയോ ഓരോ നാല്പതിനും രണ്ടു വയസ്സുള്ള കുട്ടി എന്ന തോതിലോ കൊടുക്കണം. ഈ നിസ്വാബ് മുആദി(റ)ൽ നിന്നുള്ള റിപ്പോർട്ടിൽ വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിന്റെ നിവേദകപരമ്പര പ്രബലമല്ല.

കന്നുകാലികളുടെയും കാർഷിക വിളകളുടെയും സകാത്ത് പണ

മായി നല്കുകയല്ല അവയുടെ തന്നെ നിശ്ചിത അംശം നല്കുകയാണ് ദാതാവിനു സൗകര്യം.

ആട്, മാട്, ഒട്ടകം എന്നീ വർഗങ്ങളാണ് വൻതോതിൽ വളർത്തപ്പെടുന്ന മൃഗങ്ങൾ. കുതിരക്ക് സകാത്തില്ല എന്നു പറഞ്ഞത് അതു സവാരിക്കും യുദ്ധത്തിനും മാത്രം ഉപയോഗിക്കുന്നതുകൊണ്ടായിരിക്കാം. വാണിജ്യാടിസ്ഥാനത്തിൽ കുതിരകളെ വളർത്തിയാൽ സകാത്തു നല്കണം. ഖലീഫ ഉമർ(റ) കുതിരയ്ക്ക് സകാത്ത് വാങ്ങിയിട്ടുണ്ട്.

മറ്റേതെങ്കിലും തരത്തിലുള്ള മൃഗങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് ഈ തോതനുസരിച്ച് സകാത്ത് നല്കേണ്ടിവരും. 5 ഒട്ടകത്തിന്റെയോ 40 ആടിന്റെയോ വിലയ്ക്കു തുല്യമായ മൃഗങ്ങളുണ്ടെങ്കിൽ ഒട്ടകത്തിന്റെയോ ആടിന്റെയോ തോതുമായി താരതമ്യം ചെയ്ത്(ക്വിയാസ്) സകാത്ത് നല്കുകയാണ് വേണ്ടത്. (അല്ലാഹു അഅ്ലം)

## 2. സ്വർണവും വെള്ളിയും

പുരാതനകാലം മുതൽ നാണയങ്ങളായും മറ്റു വസ്തുക്കളുടെ മൂല്യത്തിന്നാധാരമായും കണക്കാക്കപ്പെടുന്ന വിലപിടിപ്പുള്ള രണ്ടു വസ്തുക്കളാണ്. സ്വർണവും വെള്ളിയും. അതുകൊണ്ട് ഇസ്ലാം ഈ വസ്തുത പരിഗണിക്കുകയും നാണയമെന്ന നിലയിലും സമ്പത്തിന്റെ അടിസ്ഥാനമെന്ന നിലയിലും അവയ്ക്ക് സകാത്ത് നിർബന്ധമാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആഭരണമായി ഉപയോഗിച്ചാൽ വളർച്ചയില്ലാത്തത് എന്ന നിലയിൽ സകാത്ത് വേണ്ടതില്ല എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

നബി(സ്വ)യുടെ ജീവിതകാലത്ത് രണ്ടുതരം നാണയങ്ങൾ നിലവിലുണ്ടായിരുന്നു. ദീനാർ എന്ന സ്വർണനാണയവും ദിർഹം എന്ന വെള്ളി നാണയവും. സ്വർണനാണയം റോമിൽ നിന്നും വെള്ളി നാണയം പേർഷ്യയിൽ നിന്നും വന്നതാണ്. ഈ നാണയങ്ങൾ തൂക്കം കണക്കാക്കിയാണ് ഉപയോഗിച്ചിരുന്നത്. 12 ഊക്വിയ ഒരു രിത്ൽ, ഒരു ഊക്വിയ 40 ദിർഹം, 5 ദിർഹം ഒരു നവാത്ത്. ഇന്നത്തെ മെട്രിക് തൂക്കവുമായി തുലനം ചെയ്താൽ ഒരു ദിർഹം 2.952 ഗ്രാമാണെന്ന് കാണാം.

സ്വർണവും വെള്ളിയും സകാത്ത് നിർബന്ധമായ ധനമാണെന്നതിൽ പക്ഷാന്തരമില്ല. സ്വർണവും വെള്ളിയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ നിക്ഷേപമാക്കി വെക്കുന്നത് ശിക്ഷാർഹമാണെന്ന് ക്വുർആൻ (9:34,35) വ്യക്തമാക്കിയിട്ടുണ്ട്.

സ്വർണവും വെള്ളിയും നിധിയാക്കി വെക്കുകയും സകാത്ത് നല്കാതിരിക്കുകയും ചെയ്യുന്നവന്ന് പരലോകത്തുവെച്ച് അവ തകിടുകളാക്കി നരകാഗ്നിയിൽ പഴുപ്പിച്ച് ചൂട് വയ്ക്കപ്പെടുമെന്ന് മുസ്ലിം ഉദ്ധരിച്ച ഹദീഥിൽ നബി(സ്വ) വ്യക്തമാക്കിയിട്ടുണ്ട്. (മുസ്ലിം, കിതാബുസ്സകാത്ത്)

സ്വർണം വിനിമയം നടത്താതെ കൂമ്പാരമാക്കിവയ്ക്കുന്നത് സാമ്പ

ത്തിക പുരോഗതിക്ക് വിഘാതമായി നില്ക്കും. കമ്പോളങ്ങളിൽ സാധന ങ്ങളുടെ വിലയെയും അത് സാരമായി ബാധിക്കും. സമ്പന്നൻ കൂടുതൽ തടിച്ചുകൊഴുക്കാനും പാവപ്പെട്ടവൻ കൂടുതൽ കഷ്ടപ്പെടാനും അത് കാര ണമായിത്തീരും. അതിനാൽ നിക്ഷേപമാക്കി വയ്ക്കുന്ന സ്വർണത്തി ന്റെയും വെള്ളിയുടെയും രണ്ടര ശതമാനം പാവങ്ങളുടെ അവകാശമായി വർഷംതോറും എടുത്തുകൊടുക്കാൻ ഇസ്‌ലാം നിർദേശിച്ചു. ഒരുലക്ഷം രൂപയ്ക്കുള്ള ധനമുണ്ടെങ്കിൽ അതിൽ 2500 രൂപയ്ക്ക് അവന്ന് അവകാ ശമില്ലാതെ വരുന്നു.

അതേസമയം ചെറിയ തുക കൈയിലുള്ളവൻ സകാത്ത് നല്കാൻ ബാധ്യസ്ഥനായ ധനികൻ ആകുന്നില്ല. നബി(സ്വ) പറയുന്നു:

ليس فيما دون خمسة اواق صدقة (البخارى)

“അഞ്ചു ഊഖിയയിൽ കുറഞ്ഞതിന് സകാത്തു ബാധ്യതയില്ല” (ബുഖാരി). അഞ്ച് ഊഖിയ എന്നത് നബിയുടെ കാലത്തെ 200 ദിർഹം ആണ്. ഇന്നത്തെ 590 ഗ്രാം വെള്ളി. ഇതത്രെ വെള്ളിയുടെ സകാത്ത് നിർബ ന്ധമാകുന്ന നിശ്ചിത പരിധി അഥവാ നിസ്വാബ്. ഈ നിസ്വാബിന് കാലാനുസൃതമായ മാറ്റം ആവശ്യമില്ല. പ്രവാചകൻ നിശ്ചയിച്ചതാണ് അത്. മുസ്‌ലിം ലോകത്തിന്റെ ഏകാഭിപ്രായം(ഇജ്മാഅ്) ഈ കാര്യത്തി ലുണ്ട്. ഈ നിശ്ചിത പരിധി എത്തിയാൽ അതിന്റെ രണ്ടര ശതമാനം സകാത്ത് നല്കണം.

وفى الرقة ربع العشر (البخارى)

“വെള്ളിക്ക് 40ൽ ഒന്നാണ് സകാത്ത് നല്കേണ്ടത്.”

590 ഗ്രാം വെള്ളി കൈവശമുണ്ടെങ്കിൽ അതിന്റെ 1/40 അഥവാ രണ്ടര ശതമാനം സകാത്ത് നല്കണമെന്നർഥം.

സ്വർണത്തിന്റെ കാര്യത്തിൽ ഇത്ര ഖണ്ഡിതമായ നിർദേശം നബി(സ്വ)യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ല. നബി(സ്വ)യുടെ കാലത്ത് 200 ദിർഹം വെള്ളി നാണയത്തിനും 20 ദീനാർ സ്വർണനാണയത്തിനും തുല്യ വിലയായിരുന്നു. ആയതിനാൽ സ്വർണത്തിന്റെ നിസ്വാബ് 20 ദീനാർ ആണെന്നാണ് പണ്ഡിതന്മാരിൽ ഭൂരിപക്ഷത്തിന്റെയും അഭിപ്രായം.

ഒരു ദീനാറിന്റെ അഥവാ മിഥ്ഖ്വാലിന്റെ മെട്രിക് തൂക്കം 4.25 ഗ്രാം വരും. അപ്പോൾ 20 ദീനാർ 85 ഗ്രാം അഥവാ പത്തരപ്പവൻ ആണെന്നു കാണാം. സ്വർണത്തിന്റെ നിസ്വാബ് പത്തരപ്പവനാണെന്ന് പണ്ഡിതന്മാർ പറയാൻ കാരണമിതാണ്.

എന്നാൽ സ്വർണത്തിന്റെ നിസ്വാബ് 85 ഗ്രാം എന്നത് ശരിയല്ല എന്ന ഒരു വീക്ഷണമുണ്ട്. അതിനു ചൂണ്ടിക്കാണിക്കുന്ന ന്യായങ്ങൾ ഇവയത്രെ:

1. സ്വർണത്തിന്റെ നിസ്വാബിന്റെ കാര്യത്തിൽ നബി(സ്വ)യിൽ നിന്ന് പ്രബലമായ റിപ്പോർട്ടുകളൊന്നും വന്നിട്ടില്ല.

2. സ്വർണത്തിന്റെയും വെള്ളിയുടെയും വിലയിൽ ഉണ്ടായിക്കൊ

ണ്ടിരിക്കുന്ന വലിയ അന്തരം.

3. മറ്റുള്ള സമ്പത്തിനൊക്കെ വെള്ളിയുടെ നിസ്വാബാണ് അടിസ്ഥാനമായി കണക്കാക്കുന്നത്.

അതിനാൽ വെള്ളിയുടെ നിസ്വാബ് കണക്കാക്കി അതിനു തുല്യ മൂല്യമുള്ള സ്വർണം സമ്പാദ്യമായി ഉണ്ടെങ്കിൽ രണ്ടര ശതമാനം സകാത്ത് കൊടുക്കണമെന്നാണ് ഈ അഭിപ്രായമുള്ളവർ പറയുന്നത്. പ്രബലമായ ഹദീഥിൽ വ്യക്തമാക്കപ്പെട്ട വെള്ളിയുടെ നിസ്വാബ് തന്നെ സ്വർണത്തിനും ബാധകമാക്കുകയാണ് കൂടുതൽ യുക്തം. (അല്ലാഹു അഅ്ലം)

## ഇന്നത്തെ നാണയവും കറൻസിയും

പ്രാചീന കാലത്തെപ്പോലെ ഇന്ന് ലോകത്തെവിടെയും സ്വർണമോ വെള്ളിയോ നേരിട്ട് നാണയമായി വിനിമയം ചെയ്യുന്നില്ല. സ്വർണം അടിസ്ഥാനമൂല്യമായി നിശ്ചയിച്ച് ഓരോ രാജ്യവും വ്യത്യസ്ത രീതിയിൽ നാണയവും കറൻസിയും ഉപയോഗിക്കുന്നു. അന്താരാഷ്ട്ര വിനിമയ നിരക്കനുസരിച്ച് ഓരോന്നിനും വ്യത്യസ്ത മൂല്യം കണക്കാക്കപ്പെടുന്നു. ഈ മൂല്യം കൂടിയും കുറഞ്ഞുമിരിക്കും. ഇന്നത്തെ സമ്പത്തിന്റെ വിനിമയമൂല്യമായ പണത്തിന് സകാത്ത് നിശ്ചയിക്കുമ്പോൾ നബി(സ്വ)യുടെ കാലത്തുണ്ടായിരുന്ന വെള്ളിനാണയത്തിന്റെ (ദിർഹം) നിസ്വാബും തോതും തന്നെയാണ് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. അതിനു രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, സ്വർണത്തിന്റെ നിസ്വാബ് പ്രബലമായ ഹദീഥിൽ വന്നിട്ടില്ല. രണ്ട്, സ്വർണത്തിന്റെ വിലയിൽ വന്നുകൊണ്ടിരിക്കുന്ന ക്രമാതീതമായ വർധനയും വെള്ളിയുമായുള്ള വലിയ അന്തരവും. ഇതെല്ലാം കണക്കിലെടുത്ത് വെള്ളിയുടെ വിലയാണ് അടിസ്ഥാനമായി കണക്കാക്കേണ്ടത് എന്നാണ് പ്രബലമായ അഭിപ്രായം. സാധുക്കളുടെ അവകാശങ്ങൾക്ക് ഏറെ അനുഗുണവും ഇതു തന്നെ. നല്കേണ്ട വിഹിതം രണ്ടര ശതമാനം തന്നെ. അപ്പോൾ 590 ഗ്രാം വെള്ളിയുടെ വില പണമായി കൈവശമുള്ളവൻ സകാത്ത് കൊടുക്കാൻ ബാധ്യസ്ഥനാണ്.

ഇന്ത്യൻ കറൻസിക്ക് സകാത്ത് കൊടുക്കേണ്ടതില്ല എന്നു വാദിച്ചിരുന്ന ചുരുക്കം ചില പണ്ഡിതന്മാരും കേരളത്തിലുണ്ടായിരുന്നു. നബി(സ്വ)യുടെ കാലത്തുണ്ടായവയ്ക്ക് മാത്രമേ സകാത്ത് നല്കേണ്ടതുള്ളൂ എന്ന ശാഫിഈ മദ്ഹബിലെ അഭിപ്രായത്തെ അന്ധമായി അനുകരിച്ചതാണിതിനു കാരണം. സാമാന്യബുദ്ധി അതംഗീകരിക്കുകയില്ല.

## ആഭരണവും സകാത്തും

സ്വർണം, വെള്ളി എന്നിവയെപ്പറ്റി പറയുമ്പോൾ ആഭരണത്തെക്കുറിച്ചും വിശദീകരിക്കേണ്ടിവരും. സ്വർണം നാണയമായോ മൂല്യമുള്ള ഉരുപ്പടി എന്ന നിലയിലോ അല്ലാതെ ഉപഭോഗ വസ്തുക്കളാണെങ്കിൽ സകാത്ത് എങ്ങനെ ബന്ധപ്പെടുന്നുവെന്ന ചർച്ച ആവശ്യമാണ്.

പാത്രങ്ങൾ, അലങ്കാര വസ്തുക്കൾ, ശില്പങ്ങൾ, ആഭരണങ്ങൾ, മെഡലുകൾ, ട്രോഫികൾ തുടങ്ങിയ സുവർണനിർമിത വസ്തുക്കൾക്ക് എല്ലാം സകാത്ത് ബാധകമാണോ? അവയെല്ലാം സകാത്തിൽ നിന്ന് ഒഴിവാണോ? അതോ ചിലതിൽ സകാത്ത് നിർബന്ധമാണോ?

സ്വർണത്തിന്റെയും വെള്ളിയുടെയും അമിതമായ ഉപയോഗം ഏതായാലും പ്രോത്സാഹജനകമല്ല. സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങൾ ഉപയോഗിക്കുന്നത് നബി(സ്വ) നിരോധിച്ചിട്ടുണ്ട്. അവ കൊണ്ട് നിർമിച്ച ആഡംബര സാമഗ്രികളുടെ ഉപയോഗവും ഇതുപോലെ തന്നെയാണ് ഗണിക്കേണ്ടത്. ഇത്തരം വസ്തുക്കൾ കൈവശമുള്ളവർ തീർച്ചയായും സകാത്ത് നല്കണം. സ്വർണാഭരണം പുരുഷന്മാർക്ക് നബി(സ്വ) നിഷിദ്ധമാക്കിയിട്ടുണ്ട്.

സ്ത്രീകളുടെ ആഭരണത്തിന് സകാത്ത് ബാധകമാണോ എന്ന കാര്യത്തിൽ ഭിന്ന വീക്ഷണങ്ങളുണ്ട്. അലങ്കാരത്തിനും സൗന്ദര്യത്തിനും വേണ്ടി ആഭരണങ്ങളണിയുക എന്നത് സ്ത്രീസഹജമായ താല്പര്യമാണ്. അതിന് മനുഷ്യനോളം പഴക്കമുണ്ട്.

"നിങ്ങൾ പുതുമാംസം എടുത്തു തിന്നുവാനും നിങ്ങൾക്കണിയാനുള്ള ആഭരണങ്ങൾ പുറത്തെടുക്കാനും കടലിനെ വിധേയമാക്കിയതും അവൻ തന്നെ" (വി.ഖു 16:14). മനുഷ്യസഹജമായ ഈ ആവശ്യം ഇസ്‌ലാം അംഗീകരിക്കുന്നു.

എന്നാൽ ആഭരണം വിലപിടിപ്പുള്ള സ്വർണം, വെള്ളി മുതലായവ കൊണ്ട് നിർമിച്ചതാണെങ്കിൽ അവയ്ക്ക് സകാത്ത് നല്കേണ്ടതല്ലേ എന്നതാണ് ഇവിടെ ചർച്ചചെയ്യുന്നത്. പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഭിന്നതയുള്ള ഒരു കാര്യമാണിത്. അപൂർവ രത്നങ്ങളുടെ ആഭരണങ്ങൾക്ക് സകാത്തു നിർബന്ധമില്ലെന്നാണ് ഭൂരിപക്ഷാഭിപ്രായം. രത്നങ്ങൾക്കും സകാത്തുണ്ട് എന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

സ്ത്രീകൾ ധരിക്കുന്ന ആഭരണത്തിനു സകാത്ത് നിർബന്ധമാണോ, അല്ലേ എന്ന കാര്യത്തിൽ മുൻകാലത്തു തന്നെ ഭിന്ന വീക്ഷണങ്ങളുണ്ടായിട്ടുണ്ട്. സ്വർണം ഉൾപ്പെടെ ഏതു ലോഹം കൊണ്ടുള്ള ആഭരണവും അണിയൽ സ്ത്രീക്ക് ഇസ്‌ലാം അനുവദിച്ചിരിക്കുന്നു. പുരുഷന് സ്വർണം ഉപയോഗിക്കൽ നിഷിദ്ധമാണ്. ഈ കാര്യത്തിൽ പക്ഷാന്തരമില്ല.

ആഭരണമായാലും അല്ലെങ്കിലും നിസ്വാബ് എത്തിയാൽ സ്വർണത്തിന് സകാത്ത് നിർബന്ധമാണെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അനുവദനീയമായ ആഭരണങ്ങൾക്ക് സകാത്ത് നല്കേണ്ടതില്ല എന്നാണ് മറ്റൊരു വീക്ഷണം. രണ്ടു വിഭാഗവും ഖണ്ഡിതമായ തെളിവുകളല്ല, നിഗമനങ്ങളാണ് നിരത്തുന്നത്. നബി(സ്വ)യിൽ നിന്ന് ഖണ്ഡിതമായ ഹദീഥുകൾ കിട്ടാത്തതാണ് അതിനു കാരണം. സ്വഹാബികൾക്കിടയിൽ തന്നെ ഈ ഭിന്ന വീക്ഷണങ്ങൾ കാണാമായിരുന്നു.

സ്വർണം ധനമാണെന്നും അതിനു സകാത്ത് നിർബന്ധമാണെന്നു

മുള്ളത് തർക്കമില്ലാത്ത കാര്യമാണ്, എന്നിരിക്കെ ആഭരണങ്ങൾ അതിൽ നിന്നൊഴിവാക്കണമെങ്കിൽ പ്രവാചകൻ(സ്വ) അതു വ്യക്തമാക്കുമായിരുന്നു. അങ്ങനെ പ്രബലമായ തെളിവില്ലാത്തതിനാൽ ആഭരണത്തിനു സകാത്ത് നല്കണം. വളരെ പ്രബലമല്ലാത്ത ചില ഹദീഥുകൾ സകാത്ത് നിർബന്ധമാണെന്നതിനു തെളിവുമാണ്. അതുകൊണ്ട് 590 ഗ്രാം വെള്ളിയുടെ വിലക്കൊത്ത-അതാണു സ്ഥിരപ്പെട്ട നിസ്വാബ്- സ്വർണാഭരണമുണ്ടെങ്കിൽ സകാത്ത് നിർബന്ധമാണ്. ഉമർ(റ), ഇബ്നു മസ്ഊദ്, ഇബ്നുഅബ്ബാസ്(റ), ഇബ്നു ഉമർ(റ) തുടങ്ങിയ സ്വഹാബിമാർക്കും സഈദുബ്നുൽ മുസ്വയ്യബ്, അത്വാഅ്, മുജാഹിദ്, സുഹ്‌രി, ത്വാഊസ് തുടങ്ങിയ താബിഉകൾക്കും ഈ വീക്ഷണമാണുള്ളത്.

സകാത്ത് നിർബന്ധമില്ലെന്ന അഭിപ്രായക്കാർ പറയുന്നത് ഇതാണ്: സാധാരണ അണിയുന്ന ആഭരണങ്ങൾ നാണയസമ്പത്തായി ഗണിക്കാൻ പറ്റില്ല. അതു വികസിക്കുന്നില്ല. വീട്, വീട്ടുപകരണങ്ങൾ, വസ്ത്രം തുടങ്ങിയ സകാത്ത് ബാധകമല്ലാത്ത വസ്തുക്കളിൽപെട്ടതാണ് അനുവദനീയമായ ആഭരണവും. ആഭരണത്തിനു സകാത്തുണ്ട് എന്ന് സൂചിപ്പിക്കുന്ന ഹദീഥുകൾ പ്രബലങ്ങളല്ല. ആഇശ(റ), അനസുബ്നു മാലിക്(റ), അസ്മാ(റ) തുടങ്ങിയ സ്വഹാബികൾക്ക് ഈ അഭിപ്രായമായിരുന്നു (ഫിക്ഹുസ്സുന്ന 3:33)

സ്വർണത്തിന്റെ കാര്യത്തിൽ ക്വുർആൻ വ്യക്തമായ നിർദേശം നല്കുന്നു. അതിൽ നിന്ന് ആഭരണം ഒഴിവാക്കിയതായി കാണാത്ത സ്ഥിതിക്ക് ഏറ്റവും സൂക്ഷ്മത സകാത്ത് നല്കൽ തന്നെയാണ്. തന്നെയുമല്ല, സകാത്ത് നിർബന്ധമില്ല എന്ന വീക്ഷണമുള്ളവർ പോലും ഇന്നത്തെ ആഭരണഭ്രമം അംഗീകരിക്കുമെന്നു തോന്നുന്നില്ല. അൻപതും നൂറും പവൻ സ്വർണാഭരണങ്ങൾ വീട്ടിൽ വെക്കുകയും അതിനു സകാത്ത് നല്കേണ്ടതില്ലെന്നു വാദിക്കുകയും ചെയ്യാൻ യാതൊരു നീതീകരണവും കാണുന്നില്ല.

അനുവദനീയമെന്നും അല്ലാത്തതെന്നുമുള്ള വേർതിരിവും ശരിയല്ല. കാരണം അനുവദനീയ രീതിയിൽ സമ്പാദിച്ച സ്വത്തിലല്ലേ സകാത്തിനെപ്പറ്റി ചർച്ചയുള്ളൂ. അണിയുന്നത് എന്നും അണിയാത്തത് എന്നും വേർതിരിക്കുന്നത് അപ്രായോഗികമാണ്. പത്തു പവൻ സ്ഥിരമായി അണിയാത്ത സാധാരണക്കാരും ഇരുപത്തിയഞ്ചും മുപ്പതും പവൻ സ്ഥിരമായി അണിയുന്ന ധനികരും കാണും. അത് ജീവിതസാഹചര്യത്തിന് അനുസരിച്ചിരിക്കും.

പാർപ്പിടം, വസ്ത്രം എന്നിവ പോലെ, ആഭരണം വികസനക്ഷമമല്ല എന്നതും ന്യായമല്ല. പാർപ്പിടം, വസ്ത്രം, വാഹനം തുടങ്ങിയവ ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളാണ്. ആഭരണമാകട്ടെ, അലങ്കാരവും ആഡംബരവുമാണ്. അതു രണ്ടും താരതമ്യപ്പെടുത്തുന്നതു ശരിയാവുകയില്ല.

നബി(സ്വ) ആഭരണങ്ങൾക്ക് സകാത്ത് വാങ്ങിയതിനും ഒഴിവാക്കിയതിനും തെളിവുകളില്ല.

ان امرأتين أتتا رسول الله وفى أيديهما سواران من ذهب فقال لهما أتؤديان زكاته فقالتا لا فقال لهما اتحبان ان يسوركما الله سوارين من نار قالتا لا فقال فأديا زكاته (الترمذى، ابوداود)

"നബിയുടെ അടുക്കൽ രണ്ട് സ്ത്രീകൾ കടന്നുവന്നു. അവരുടെ കൈകളിൽ രണ്ടു സ്വർണവളകളുണ്ടായിരുന്നു. നബി(സ്വ) ചോദിച്ചു: 'നിങ്ങൾ ഇതിന്റെ സകാത്ത് നല്കാറുണ്ടോ?' അവർ പറഞ്ഞു: 'ഇല്ല.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'അല്ലാഹു നിങ്ങൾക്ക് അഗ്നികൊണ്ട് രണ്ടു വളകൾ അണിയിക്കുന്നത് നിങ്ങൾക്കിഷ്ടമാണോ?' അവർ പറഞ്ഞു: 'ഇല്ല.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്നാൽ അതിന്റെ സകാത്ത് നല്കുക.' (തുർമുദി, അബൂദാവൂദ്)

ഈ ഹദീഥ് പ്രബലമല്ല എന്ന അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട് 'തുഹ്ഫത്തുൽ അഹ്വദി' യിൽ ദീർഘമായി ചർച്ചചെയ്തിട്ടുണ്ട്. തുർമുദിയുടെ റിപ്പോർട്ടിനെ ബലപ്പെടുത്തുന്ന റിപ്പോർട്ട് അബൂദാവൂദിലുണ്ടെന്ന് അദ്ദേഹം വിശദീകരിക്കുന്നു.

സൂക്ഷ്മത പുലർത്തുകയാണുത്തമം. അണിയുന്ന ആഭരണത്തിനു സകാത്ത് നല്കേണ്ടതില്ല എന്ന അഭിപ്രായപ്രകാരമാണെങ്കിൽ പോലും ഈ കാലത്തെ അനിയന്ത്രിതമായ സ്വർണാഭരണഭ്രമം നീതീകരിക്കപ്പെടാൻ ന്യായമില്ല. വിവാഹത്തിൽ നിബന്ധനയായി വാങ്ങുന്ന അൻപതും നൂറും പവൻ സ്വർണാഭരണങ്ങൾ കേവലം അണിയാനുള്ളതല്ല. ദമ്പതികളുടെ സാമ്പത്തിക ഭദ്രതയ്ക്കുള്ള നിക്ഷേപം കൂടിയാണ്. അതുകൊണ്ടുതന്നെ അത്തരം ആഭരണങ്ങൾ സകാത്തിൽ നിന്ന് ഒഴിവാണെന്ന് ഒരിക്കലും പറഞ്ഞുകൂടാത്തതാണ്. (അല്ലാഹു അഅ്ലം)

## കച്ചവടത്തിന്റെ സകാത്ത്

വരുമാനത്തിനുള്ള പ്രധാന മാർഗമാണല്ലോ കച്ചവടം. പണമിറക്കുകയും അധ്വാനിക്കുകയും ചെയ്ത് ലാഭം പ്രതീക്ഷിച്ച് കച്ചവടം ചെയ്യുന്നത് ഇസ്ലാം അനുവദിച്ചിരിക്കുന്നു. കച്ചവടത്തിൽ ലാഭവും നഷ്ടവും ഉണ്ടാകാൻ സാധ്യതയുണ്ട്. മുടക്കുമുതലിന് കേടുവരാത്ത, ഉടമസ്ഥന്റെ അധ്വാനമില്ലാത്ത, നഷ്ടം ഒരിക്കലും പ്രതീക്ഷിക്കാത്ത പലിശ ഇടപാട് ഇസ്ലാം നിഷിദ്ധമാക്കിയിട്ടുമുണ്ട്.

"കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്." (2:275)

കച്ചവടം ഒരു ധനാഗമ മാർഗമാണ്. ധനത്തിനാണ് സകാത്ത്. കച്ചവടച്ചരക്ക് ധനമാണല്ലോ. ധനം നിശ്ചിത പരിധി എത്തിയാൽ സകാത്ത് നല്കേണ്ടതുണ്ട്.

"സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവിൻ" (2:267) എന്ന് ക്വുർആൻ കല്പിക്കുന്നു.

കച്ചവട സാധനങ്ങൾക്ക് സകാത്ത് നല്കാൻ നബി(സ്വ) കല്പിച്ചിരുന്നു.

كان رسول الله يأمرنا بالصدقة مما تعد للبيع (أبوداود)

"കച്ചവടത്തിന്നായി ഒരുക്കിയതിൽ നിന്ന് സകാത്ത് നല്കാൻ പ്രവാചകൻ ഞങ്ങളോട് കല്പിക്കാറുണ്ടായിരുന്നു." (അബൂദാവൂദ്)

ഖലീഫ ഉമർ(റ) കച്ചവടത്തിന് സകാത്ത് കണക്കാക്കി അത് സ്വീകരിക്കാറുണ്ടായിരുന്നുവെന്ന് മഹല്ലിയിൽ ഇബ്നുഹസം രേഖപ്പെടുത്തിയിട്ടുണ്ട്.

ലാഭം പ്രതീക്ഷിച്ച് വാങ്ങാനോ വില്ക്കാനോ നിശ്ചയിക്കപ്പെട്ട വസ്തുവാണല്ലോ ചരക്ക്. അതു ഭക്ഷ്യവസ്തുക്കൾ, കന്നുകാലികൾ, വാഹനങ്ങൾ, ഉപകരണങ്ങൾ, ഭൂമി, കെട്ടിടം എന്നിങ്ങനെ ഏതു തരത്തിലുള്ളതുമാകാം. ഇത്തരം കച്ചവടസാധനങ്ങൾക്ക് സകാത്ത് നിർബന്ധമാണ്.

കച്ചവട സാധനങ്ങൾക്ക് സകാത്ത് നിശ്ചയിക്കുമ്പോൾ കച്ചവടത്തിന്നായി വേണ്ടിവരുന്ന സജ്ജീകരണങ്ങൾക്ക് സകാത്ത് നല്കേണ്ടതില്ല. കടകളും ഷെഡുകളും ഫർണിച്ചറുകളും മറ്റും അതിൽ നിന്ന് ഒഴിവാണ്.

ചരക്കിന്ന് പകരം വില കണക്കാക്കിയും സകാത്ത് നല്കാം. കച്ചവടമാരംഭിച്ച് ഒരു വർഷം തികയുമ്പോൾ അന്നത്തെ മാർക്കറ്റ് നിലവാരമനുസരിച്ച് വേണം സകാത്ത് കണക്കാക്കാൻ. വില കണക്കാക്കുമ്പോൾ ഹോൾസെയിൽ(മൊത്ത വില്പന) വിലയാണ് കണക്കാക്കേണ്ടത്.

കച്ചവടത്തിനു സകാത്ത് നിശ്ചയിക്കുമ്പോൾ മൂന്നവസ്ഥകൾ കാണാം. വില്ക്കാത്ത സാധനങ്ങൾ, വിറ്റവിലയായി കൈയിരിപ്പുള്ളത്, കിട്ടാനുള്ള കടങ്ങൾ എന്നിങ്ങനെ. വില്ക്കാനുള്ളവയുടെ വിലയും കൈയിരിപ്പുള്ള പണവും കിട്ടാനുള്ള കടവും കൂട്ടി വേണം സകാത്ത് നിശ്ചയിക്കാൻ. കിട്ടുമെന്നു പ്രതീക്ഷയില്ലാത്ത കടമാണെങ്കിൽ അതു കണക്കിൽ പെടുത്തേണ്ടതില്ല. അത് കിട്ടുമ്പോൾ ആ വർഷത്തെ കണക്കിൽ പെടുത്തി സകാത്ത് നല്കിയാൽ മതി.

കച്ചവടം ഏതു തരത്തിലുള്ളതായാലും ആ ചരക്കിന്റെ വിലയാണ് സകാത്തായി കണക്കാക്കപ്പെടുന്നത്. അതിനാൽ സകാത്ത് നിർബന്ധമാകുന്ന നിശ്ചിത പരിധി(നിസ്വാബ്)യും സകാത്തിന്റെ വിഹിതവും പണത്തിന്റേതിനോട് സാമ്യപ്പെടുത്തി വേണം കണക്കാക്കാൻ.

അപ്പോൾ 590 ഗ്രാം വെള്ളിയുടെ കമ്പോളവില (അതാണ് പണത്തിന്റെ നിസ്വാബ്)യ്ക്കുള്ള സാധനങ്ങൾ ഉണ്ടെങ്കിൽ അതിന്റെ രണ്ടര ശതമാനം സകാത്തായി നല്കണം. കച്ചവടം തുടങ്ങുമ്പോൾ നിസ്വാബ് ഇല്ലെങ്കിലും ഇടയ്ക്കു വച്ച് നിസ്വാബിനെക്കാൾ കുറഞ്ഞാലും

വർഷാവസാനം നിസ്വാബ് തികയുമെങ്കിൽ സകാത്ത് കൊടുക്കണ മെന്നാണ് പ്രബലാഭിപ്രായം.

നിസ്വാബ് എത്തിയ കച്ചവടച്ചരക്കിന് പണമായി സകാത്തു നല്കുകയാണ് വേണ്ടത്. കച്ചവടച്ചരക്കിന്റെ ഒരംശം നല്കുകയെന്നത് അപ്രായോഗികമാണ്. എന്നാൽ വസ്തുവിന്റെ ഓഹരി നല്കുന്നതാണ് ആവശ്യവും സൗകര്യവുമെങ്കിൽ അങ്ങനെ ചെയ്യാം. ഉദാഹരണത്തിന് വസ്ത്രവ്യാപാരി തന്റെ സകാത്ത്‌വിഹിതം വസ്ത്രമായി നല്കുകയാണെങ്കിൽ അതിനു വിരോധമില്ല.

വർഷത്തിൽ ഏതാനും മാസം മാത്രം ഉണ്ടാവുന്ന കശുവണ്ടി പോലുള്ള സീസണൽ മലഞ്ചരക്കു കച്ചവടമാണെങ്കിൽ സീസൺ കഴിഞ്ഞയുടനെ കണക്കുകൂട്ടി സകാത്ത് നൽകാം. ഓരോ കച്ചവടച്ചരക്കിനും പ്രത്യേകം പ്രത്യേകം സകാത്തു നല്കുന്നതല്ല, ഒന്നിച്ചു സകാത്ത് കണക്കാക്കുന്നതാണ് നല്ലത്. കച്ചവടാരംഭം മുതൽ ഒരു വർഷം തികയുമ്പോൾ സകാത്ത് നല്കണം. അതല്ലാതെ ഓരോ ചരക്കിന്റെയും സകാത്ത് പ്രത്യേകം നോക്കുകയല്ല വേണ്ടത്.

ഒരു വർഷം തികഞ്ഞാൽ സകാത്ത് നല്കണമെന്നു പറഞ്ഞുവല്ലോ. എന്നാൽ അതിനിടയിൽ വരുന്ന വർധനയ്ക്കോ ലാഭത്തിനോ പ്രത്യേകം കൊല്ലം തികയണമെന്നില്ല. ഓരോ വർഷവും കണക്കെടുമ്പോൾ ഉള്ളതനുസരിച്ചാണ് സകാത്ത് നല്കേണ്ടത്.

## 3. കാർഷികോത്പന്നങ്ങൾ

മനുഷ്യജീവിതത്തിന്നാവശ്യമായ വരുമാന മാർഗങ്ങളുടെ അടിസ്ഥാനമാണ് കൃഷി. അതിനാൽ കാർഷികോല്പന്നങ്ങൾക്ക് സകാത്ത് നല്കണമെന്ന കാര്യത്തിൽ തർക്കമില്ല. വിശുദ്ധഖുർആൻ പറയുന്നു.

‘‘പന്തലിൽ പടർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങളും ഈത്തപ്പനകളും വിവിധതരം കനികളുള്ള കൃഷികളും പരസ്പരം തുല്യത തോന്നുന്നതും എന്നാൽ സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലീവും മാതളവും എല്ലാം സൃഷ്ടിച്ചുണ്ടാക്കിയത് അവനാകുന്നു. അവയോരോന്നും കായ്ക്കുമ്പോൾ അതിന്റെ ഫലങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിന്റെ വിളവെടുപ്പു ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക. നിങ്ങൾ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയംചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'' (6:141)

“ഭൂമിയിൽ നിന്ന് നിങ്ങൾക്കു നാം ഉത്പാദിപ്പിച്ചുതന്നതിൽ നിന്നും (നിങ്ങൾ ചെലവഴിക്കുവിൻ)'' (2:267) എന്ന ആയത്ത് മുഴുവൻ ഉത്പന്നങ്ങളും സകാത്തിന്റെ പരിധിയിൽ പെടുന്നു എന്നതിന് തെളിവാണ്. പ്രകൃതി നനച്ചതിനും തേവി നനച്ചതിനും പ്രത്യേകം നിസ്വാബ് നബി(സ്വ) നിശ്ചയിച്ചുവെന്ന ഹദീഥും(ബുഖാരി)

ഇതിന്നുപോൽബലകമാണ്.

എന്നാൽ മദ്ഹബിന്റെ പണ്ഡിതന്മാർ ഏതൊക്കെ കാർഷികോത്പന്നങ്ങൾക്കാണ് സകാത്ത് നിർബന്ധമുള്ളത് എന്ന കാര്യത്തിൽ ഭിന്ന വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നു. ഭക്ഷണസാധനങ്ങൾക്കു മാത്രമേ സകാത്തുള്ളൂ എന്നാണ് ശാഫിഈ മദ്ഹബിലെ വീക്ഷണം. ഉണക്കി സൂക്ഷിക്കുന്നതിനു മാത്രമേ സകാത്തുള്ളൂ എന്നാണ് മാലികിന്റെ പക്ഷം. ഭൂമി ഉത്പാദിപ്പിച്ചതിലൊക്കെ സകാത്തുണ്ട് എന്ന ഇമാം അബൂഹനീഫ(റ)യുടെ അഭിപ്രായമാണ് ക്വുർആനിനോടും നബിവചനത്തോടും കൂടുതൽ യോജിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച ആയത്തിൽ നിന്നു വ്യക്തമാകുന്നത് എല്ലാതരം ധാന്യങ്ങളും പഴവർഗങ്ങളും തോട്ടവിളകളും സകാത്തിന്റെ വരുതിയിൽ പെടുമെന്നു തന്നെയാണ്.

## പച്ചക്കറി

പച്ചക്കറികൾക്ക് സകാത്തു നല്കേണ്ടതില്ല എന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

ليس في الخضراوات صدقة

"പച്ചക്കറികളിൽ സകാത്തു നിർബന്ധമില്ല" എന്ന ഹദീഥാണ് അതിന്നാധാരം.

ഈ ഹദീഥ് പ്രബലമായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മാത്രമല്ല, പൊതുവായി പ്രഖ്യാപിച്ച ക്വുർആൻ വാക്യത്തിൽ നിന്ന് ഏതെങ്കിലുമൊന്നിനെ ഒഴിവാക്കാൻ ഇതു പര്യാപ്തമല്ല. സകാത്ത് പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് മതിപ്പ് കണക്കാക്കാനോ ഓരോ ഇനത്തിൽ നിന്നും പ്രത്യേകം സകാത്ത് സ്വീകരിക്കാനോ പ്രയാസമായ ധനത്തിൽ(المال الباطن)പെട്ടതാണ് പച്ചക്കറി എന്നും അതിനാൽ കർഷകർ തന്നെ നേരിട്ട് അതത് സമയത്ത് സകാത്ത് നല്കിയിരിക്കണമെന്നുമാണ് പച്ചക്കറികൾക്ക് സകാത്ത് ബാധകമാണെന്ന് പറയുന്ന പണ്ഡിതന്മാരുടെ വീക്ഷണം.

## നല്കേണ്ടത് വിളവെടുക്കുമ്പോൾ

കാർഷികോത്പന്നങ്ങളുടെ സകാത്ത് വിളവെടുപ്പുവേളയിൽ നല്കണമെന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

"അതിന്റെ അവകാശം അതിന്റെ വിളവെടുപ്പുവേളയിൽ നിങ്ങൾ നല്കുക." (6:141)

ഒരുമിച്ച് കൊയ്തെടുക്കുന്ന നെല്ല്, ഗോതമ്പ് തുടങ്ങിവയ്ക്ക് അപ്പോൾ തന്നെ കൊടുക്കാം. എന്നാൽ നാളികേരം പോലെ വർഷത്തിൽ പല തവണകളായി വിളവെടുപ്പ് നടത്തുന്ന കൃഷിക്ക് വർഷത്തിൽ ആകെ

വരുമാനം കണക്കാക്കി സകാത്ത് നിശ്ചയിക്കാവുന്നതാണ്. ഓരോ തവണയും അപ്പോഴുള്ളതിന് സകാത്ത് നല്കുന്നതിനും വിരോധമില്ല.

## മതിപ്പും നല്കാം

വിളവെടുപ്പ് കഴിഞ്ഞതിനുശേഷം അളന്നോ തൂക്കിയോ തിട്ടപ്പെടുത്തി സകാത്ത് നല്കുന്നതിനു പകരം വിളവെടുപ്പിനു മുമ്പ് തന്നെ മൊത്തത്തിൽ മതിപ്പു കണക്കാക്കി സകാത്ത് നിശ്ചയിക്കുവാൻ നബി(സ്വ) അനുവാദം നല്കിയിരുന്നു.

ഓരോ വിളയും അതിന്റെ മൂപ്പെത്തിക്കഴിയുകയും നഷ്ടപ്പെടുന്ന അവസ്ഥ മാറുകയും ചെയ്താൽ നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ വന്ന് മതിപ്പു കണക്കാക്കും. ഇങ്ങനെ മതിപ്പ് കണക്കാക്കിയാൽ ഉടമസ്ഥന്ന് അതിൽ നിന്ന് ഉപയോഗിക്കാം. നിശ്ചിത സകാത്ത് അത് തീരുന്നതിനു മുമ്പ് നല്കിയാൽ മതി.

ഇതാബുബ്നു ഉസൈദ് എന്ന വിദഗ്ധനെ നബി(സ്വ) കാർഷികോത്പന്നങ്ങൾ എത്രയുണ്ടെന്നു കണക്കാക്കാൻ നിശ്ചയിച്ചിരുന്നു എന്ന് ഹദീഥിൽ കാണാം. (അബൂദാവൂദ്)

മതിപ്പുകാരൻ വിദഗ്ധനാണെങ്കിൽ തെറ്റുപറ്റുകയില്ല. അബദ്ധം പിണഞ്ഞുപോയാലും സാരമില്ല. എന്നാൽ മതിപ്പുകാരന്റെ അബദ്ധം ഉത്പാദകന്ന് ദോഷകരമായി ബാധിക്കാതിരിക്കാനായി മതിപ്പു കണക്കാക്കുമ്പോൾ മൂന്നിലൊന്ന് വിട്ടുകൊടുക്കാൻ പ്രവാചകൻ നിർദേശിക്കാറുണ്ടായിരുന്നു.

ഇങ്ങനെ മുൻകൂട്ടി നിശ്ചയിക്കുന്നതുകൊണ്ട് പല ഗുണങ്ങളുമുണ്ട്. മൂപ്പെത്തിയ പഴങ്ങളും മറ്റും ആവശ്യം വരുമ്പോൾ ഉടമസ്ഥന് ഉപയോഗിക്കാം. പാവങ്ങളുടെ അവകാശം നേരത്തെ നിശ്ചയിക്കപ്പെടുന്നു. എന്നാൽ ഉത്പാദകന് വിഷമമുണ്ടാകുന്നില്ല താനും.

## വിളകളുടെ സകാത്തിനുള്ള പരിധി

കാർഷിക വിളകൾക്കും സകാത്ത് നിർബന്ധമാകുന്ന പരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകൻ (സ്വ) പറഞ്ഞു:

ليس فيما دفن خمسة اوسق صدقة (البخارى)

“അഞ്ചു ‘വസ്ക്വി’ൽ താഴെയുള്ളതിന് സകാത്ത് നിർബന്ധമില്ല.” (ബുഖാരി)

ഒരു വസ്ക് 60 സ്വാഅ് ആണ്. സ്വാഅ് നബിയുടെ കാലത്തുണ്ടായിരുന്ന ഒരു തരം അളവാണ്. ഉള്ളം കൈകൾ നിവർത്തിവെച്ച് ചേർത്തുപിടിച്ചുകൊണ്ടുള്ള നാലു വാരൽ ആണ് ഒരു സ്വാഅ്. അതാതു പ്രദേശങ്ങളിലെ അളവുകളും തൂക്കങ്ങളുമായി ബന്ധപ്പെടുത്തുമ്പോൾ നേരിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം.

സ്വാഇന്റെ തൂക്കത്തെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഓരോ നാട്ടിലെയും അളവുതൂക്കങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉണ്ടാവുന്ന വ്യത്യാസങ്ങളാണ് അതിനുകാരണം. അഭിപ്രായങ്ങൾ യോജിപ്പിച്ചാൽ ഒരു സ്വാഅ് ഏകദേശം രണ്ടു കിലോഗ്രാമാണെന്ന് കാണാം.

അപ്പോൾ കാർഷികോത്പന്നങ്ങളുടെ നിസ്വാബ് 6 ക്വിന്റൽ ആണെന്ന് മനസ്സിലാക്കാം. ഒരു വസ്ക് 60 സ്വാഅ് അഥവാ 120 കിലോഗ്രാം. അഞ്ച് വസ്ക് 300 സ്വാഅ് അഥവാ 600 കിലോഗ്രാം (6 ക്വിന്റൽ).

തൊലി കളഞ്ഞ് ഉപയോഗിക്കുന്ന സാധനങ്ങളാണെങ്കിൽ (ഉദാ: നെല്ല്) തൊലി കളഞ്ഞ രൂപത്തിൽ ആറു ക്വിന്റൽ വേണം. ആറു ക്വിന്റൽ അരിക്കു വേണ്ട നെല്ല്-ഏകദേശം പത്തു ക്വിന്റൽ-ഉത്പാദിപ്പിക്കുന്നവൻ സകാത്ത് കൊടുക്കണം. അതിൽ താഴെയാണ് ഉത്പാദനമെങ്കിൽ സകാത്ത് നിർബന്ധമില്ല.

ഉത്പന്നങ്ങൾക്കു നിസ്വാബ് കണക്കാക്കേണ്ടതില്ല എന്ന് അബൂഹനീഫ(റ)യെ പോലുള്ളവരുടെ ഒറ്റപ്പെട്ട അഭിപ്രായങ്ങളുണ്ട്. എന്നാൽ വ്യക്തമായ ഹദീഥിന് വിരുദ്ധമാണ് ഈ അഭിപ്രായം.

നബി(സ്വ)യുടെ കാലത്തില്ലാത്തതും മൂല്യത്തിൽ വലിയ അന്തരമുള്ളതുമായ പലതരം ഉത്പന്നങ്ങൾക്ക് നിസ്വാബ് കണക്കാക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. ഇവ്വിഷയകമായി പഠനങ്ങളും ഗവേഷണങ്ങളും ചർച്ചകളും നടന്നുവരുന്നുണ്ട്. വിലയിൽ വലിയ അന്തരമുള്ളവയും അളക്കുകയോ തൂക്കുകയോ ചെയ്യപ്പെടാത്തവയും ആണെങ്കിൽ മുഖ്യാഹാരത്തിന്റെ നിശ്ചിത പരിധി (നിസ്വാബ്) ആയ ആറു ക്വിന്റലിന്റെ വിലയ്ക്കുള്ള ഉത്പന്നം അതിന്റെ നിസ്വാബായി കണക്കാക്കുകയാണ് വേണ്ടത്.

കുരുമുളക്, ഏലം, ഗ്രാമ്പു തുടങ്ങിയ വിലകൂടിയ സാധനങ്ങൾക്ക് ആറു ക്വിന്റൽ തികഞ്ഞ ശേഷമേ സകാത്ത് നിർബന്ധമാകൂ എന്നു വെക്കുന്നത് അശാസ്ത്രീയമാണ്. അതുപോലെ ചേന, ചേമ്പ് തുടങ്ങിയ താരതമ്യേന വില കുറഞ്ഞവ ആറു ക്വിന്റൽ ആയാൽ സകാത്തു കൊടുക്കണമെന്നു പറയുന്നതിലും അസാംഗത്യമുണ്ട്. അതിനാൽ ഇത്തരം സാധനങ്ങൾ നമ്മുടെ നാട്ടിലെ അടിസ്ഥാന ഉത്പന്നമായ അരിയുടെ വിലയുമായി താരതമ്യംചെയ്യുകയാണു വേണ്ടത്. ആറു ക്വിന്റൽ അരിയുടെ കമ്പോളവിലയ്ക്കുള്ള മേൽപറഞ്ഞ തരത്തിലുള്ള ഉത്പന്നങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് സകാത്ത് നിർബന്ധമാണ്. ഉദാഹരണത്തിന് ആറു ക്വിന്റൽ അരിക്ക് 6000 രൂപ വിലയുണ്ടെന്നിരിക്കട്ടെ. 6000 രൂപ വിലയ്ക്കുള്ള ഏലമോ കുരുമുളകോ ഗ്രാമ്പുവോ കപ്പയോ ചേനയോ മറ്റു കാർഷികോത്പന്നങ്ങളോ ലഭിക്കുന്ന ഉത്പാദകർ അവയ്ക്ക് സകാത്ത് നല്കേണ്ടതാണ്. ഓറഞ്ച്, ആപ്പിൾ തുടങ്ങിയ പഴവർഗങ്ങളുടെയും കാപ്പി, തേയില തുടങ്ങിയ വിളകളുടെയും നിസ്വാബ് ഇതേ രീതിയിൽ

കണക്കാക്കാവുന്നതാണ്.

ഗവേഷണങ്ങളും പഠനങ്ങളും നടക്കേണ്ട വിഷയമാണിത്. ഭിന്ന വീക്ഷണങ്ങളുണ്ടായേക്കാം. ഏതുതരം ഉത്പന്നങ്ങൾക്കും നിശ്ചിത പരിധി എത്തിയാൽ സകാത്ത് നിർബന്ധമാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. ഈത്തപ്പഴത്തിനും മുന്തിരിക്കും ഗോതമ്പിനും-നബിയുടെ കാലത്തുണ്ടായിരുന്നവ- മാത്രമേ സകാത്ത് നല്കേണ്ടതുള്ളൂ എന്നുപോലും വാദിച്ച പണ്ഡിതന്മാർ കേരളത്തിലുണ്ടായിരുന്നു. നെല്ലിനും അരിക്കും സകാത്ത് നല്കണമെന്ന് അംഗീകരിക്കുന്നവർ തന്നെ നാളികേരം, റബ്ബർ, കുരുമുളക് തുടങ്ങിയ കേരളത്തിലെ പ്രധാന ഉത്പന്നങ്ങൾക്ക് സകാത്ത് വേണമെന്ന് അംഗീകരിച്ചത് അടുത്തകാലത്താണ്. എങ്കിലും എല്ലാ ഉത്പന്നങ്ങൾക്കും സകാത്ത് ബാധകമാണെന്ന ചിന്ത മുസ്‌ലിംകൾക്കിടയിൽ വേണ്ടത്ര വ്യാപിച്ചിട്ടില്ല എന്നാണ് സമകാലീന വസ്തുതകൾ വ്യക്തമാക്കുന്നത്.

## എത്ര കൊടുക്കണം?

കൃഷിയെ പൊതുവിൽ രണ്ടു രീതിയിൽ കാണാം. അധ്വാനം കൂടാതെ മഴയെയും അരുവികളെയും ആശ്രയിച്ച് വളരുന്നവയും കൂടുതൽ അധ്വാനവും ജലസേചനവും ആവശ്യമായി വരുന്നവയും. നബി(സ്വ) പറയുന്നു:

فيما سقت السماء والعيون او كان عثريا العشر وما يسقى بالنضح نصف العشر (البخارى)

“മഴയെയും അരുവികളെയും ആശ്രയിക്കുന്നവയും പ്രത്യേകം ജലസേചനം ആവശ്യമില്ലാത്തവയും (ആണ് കൃഷിയെങ്കിൽ) അതിൽ പത്തിലൊന്നും (10%) തേവി നനക്കുന്നവയിൽ ഇരുപതിലൊന്നും (5%) സകാത്തു നല്കണം.” (ബുഖാരി)

മഴയെ മാത്രം ആശ്രയിച്ചു ചെയ്യുന്ന കൃഷി, സർക്കാർ ജലസേചന പദ്ധതികളിലൂടെയോ മറ്റോ കർഷകന്നു വിഷമം കൂടാതെ വെള്ളം ലഭ്യമാകുന്ന കൃഷി, സ്വന്തം വേരുകൾ തന്നെ വെള്ളം തേടി ശേഖരിക്കുന്ന കശുമാവ് പോലുള്ള വിളകൾ മുതലായവയ്ക്ക് ഉത്പന്നത്തിന്റെ പത്തുശതമാനം സകാത്ത് നല്കണം. എന്നാൽ കർഷകൻ കൂടുതൽ അധ്വാനിച്ചും പണം ചെലവഴിച്ചും തേവിയോ മോട്ടോർ ഉപയോഗിച്ചോ ജലസേചനം നടത്തുന്ന തരത്തിലുള്ള വിളകൾക്ക് 5ശതമാനം സകാത്ത് കൊടുത്താൽ മതി.

## കൂട്ടുകൃഷിയും പാട്ടക്കൃഷിയും

ഒന്നിലേറെ പേർ ചേർന്ന് ചെയ്യുന്ന കൂട്ടുകൃഷിക്കും സകാത്ത് നല്കണം. സകാത്ത് ഒരുമിച്ച് കണക്കാക്കി നല്കിയാൽ മതി. സകാത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി കമ്പനികൾ കൂട്ടുപിരിയുകയോ സകാത്ത്

ചുമത്താൻ വേണ്ടി ഉദ്യോഗസ്ഥന്മാർ പലരുടെ സ്വത്തിന് ഒന്നിച്ച് സകാത്ത് നിശ്ചയിക്കുകയോ ചെയ്യാൻ പാടില്ല എന്നതാണ് അതിലെ പൊതുതത്വം. ഏത് രൂപത്തിലാണോ സ്വത്ത് കൈകാര്യം ചെയ്യപ്പെടുന്നത് അങ്ങനെത്തന്നെ സകാത്തും കണക്കാക്കണം.

സ്വന്തം ഭൂമിയിലല്ലാതെ പാട്ടത്തിന്നെടുത്ത ഭൂമിയിൽ ന്യായമായ വ്യവസ്ഥകളോടെ കൃഷി ചെയ്യുമ്പോൾ എങ്ങനെ സകാത്ത് കണക്കാക്കണമെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്ന വീക്ഷണങ്ങൾ കാണാം. സകാത്ത് ഭൂമിക്കാണോ കൃഷിക്കാണോ എന്ന് ചിന്തിച്ചവരുമുണ്ട്. യഥാർഥത്തിൽ സകാത്ത് ഉത്പന്നത്തിന്നാണ്; ഭൂമിക്കല്ല. ഭൂമിക്കാണ് സകാത്ത് എങ്കിൽ ഭൂവുടമയും, കൃഷിക്കാണ് സകാത്തെങ്കിൽ കർഷകനും നല്കണമല്ലോ. സകാത്ത് നിർബന്ധമാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല.

ആകെ ഉത്പന്നത്തിന് നിസ്വാബ് തികയുമെങ്കിൽ ഓരോരുത്തരും തങ്ങൾക്കുള്ളതിന്റെ നിശ്ചിത വിഹിതം സകാത്ത് നല്കണമെന്നതാണ് കൂടുതൽ അനുയോജ്യമായി തോന്നുന്നത്.

സ്വന്തം ഭൂമിയില്ലാത്തവർ സർക്കാരിൽ നിന്നും മറ്റും വായ്പകൾ സ്വീകരിച്ച് വൻതോതിൽ കൃഷിചെയ്യുന്ന സമ്പ്രദായം ഇക്കാലത്തുണ്ട്. അത്തരം കർഷകർ തങ്ങളുടെ കടവും ചെലവും കഴിച്ച് ബാക്കിയുള്ളതിന് നിസ്വാബ് എത്തിയിട്ടുണ്ടെങ്കിൽ അതിന്റെ അഞ്ചോ പത്തോ ശതമാനം സകാത്ത് നല്കുകയാണ് വേണ്ടത്. വായ്പവാങ്ങിയത് കുടുംബത്തിന്റെ മറ്റ് ആവശ്യങ്ങൾക്കാണെങ്കിൽ അത് കൃഷിയുമായി ബന്ധപ്പെടുത്തേണ്ടതില്ല.

ഒരാൾ കാർഷികോത്പന്നത്തിൽ നിന്ന് സകാത്തു കൊടുത്തതിനുശേഷം ബാക്കിയുള്ളത് സൂക്ഷിച്ചുവെക്കുകയാണെന്നിരിക്കട്ടെ. അതിന് ഒരു വർഷം തികയുന്നതിനു മുമ്പ് സകാത്ത് നല്കേണ്ടതില്ല. എന്നാൽ ഒരു വർഷം പൂർത്തിയായാൽ അതിന് പണത്തിന്റെ മാനദണ്ഡമനുസരിച്ച് നിസ്വാബ് ഉണ്ടെങ്കിൽ രണ്ടര ശതമാനം സകാത്ത് നല്കണം.

ചുരുക്കത്തിൽ ഉത്പാദകനെ വിഷമിപ്പിക്കാതെ, പാവങ്ങളുടെ അവകാശം ഹനിക്കാതെ, സാമ്പത്തിക സന്തുലിതാവസ്ഥ നിലനില്ക്കാനും അനുഗ്രഹദാതാവായ അല്ലാഹുവിന് നന്ദികാണിക്കാനും പര്യാപ്തമായ നിലയിലാണ് ഇസ്‌ലാം സകാത്ത് ഏർപ്പെടുത്തിയിട്ടുള്ളത്.

## സമ്പത്തിന്റെ വിവിധ ഇനങ്ങളും സകാത്തും

സമ്പദ്ഘടന അനുദിനം മാറ്റങ്ങൾക്കു വിധേയമാണ്. ആയതിനാൽ വിശുദ്ധ ക്വുർആൻ മൗലികമായി പറഞ്ഞ തത്വങ്ങളും പ്രവാചകൻ(സ്വ) മാതൃകയായി കാണിച്ചുതന്ന കാര്യങ്ങളും അടിസ്ഥാനമാക്കി ഓരോ കാലഘട്ടത്തിലും മാറിവരുന്ന സമ്പത്തുക്കളെ വിലയിരുത്തുകയും അവയുടെ സ്വഭാവമനുസരിച്ച് സാദൃശ്യ(ക്വിയാസ്)പ്പെടുത്തി സകാത്ത്

നിശ്ചയിച്ച് നല്കുകയും വേണം.

പുതിയ പ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ ഭിന്ന വീക്ഷണങ്ങൾ സ്വാഭാവികമാണ്. ഇജ്തിഹാദിലുണ്ടാകാവുന്ന അത്തരം വീക്ഷണ വ്യത്യാസങ്ങൾ മാത്രമേ സകാത്തിന്റെ കാര്യത്തിൽ ആധുനിക പണ്ഡിതന്മാർക്കിടയിലുള്ളൂ. ഇജ്തിഹാദിൽ ഒരാൾക്ക് പിഴവുപറ്റിയാൽ പോലും കുറ്റക്കാരനാവുകയില്ല എന്നത് സർവാംഗീകൃത തത്വം(ഇജ്മാഅ്) ആണ്. സകാത്തിൽ നിന്നു രക്ഷപ്പെടാനുള്ള ദുർവ്യാഖ്യാനമായി ഇജ്തിഹാദ് മാറരുത് എന്നുമാത്രം.

പുതിയ പ്രശ്നങ്ങൾ വിലയിരുത്തുന്നേടത്ത് പരമാവധി സൂക്ഷ്മത പുലർത്തുക. മാനുഷികമായി വന്നുപോയേക്കാവുന്ന പോരായ്മകളും പാളിച്ചകളും പൊറുത്തുതരാൻ സർവശക്തനോട് പ്രാർഥിക്കുക.

## തേനും പാലും മറ്റും

കാർഷികോത്പന്നങ്ങൾ പോലെ തേൻ, പാൽ തുടങ്ങിയ ജന്തുജന്യമായ പദാർഥങ്ങൾക്ക് സകാത്ത് വേണമോ എന്ന കാര്യം ചിന്തിക്കേണ്ടതാണ്. 'തേനിന് പത്തുശതമാനം സകാത്ത് വേണ'മെന്ന അർഥത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീഥ് പ്രബലമല്ല. എന്നാൽ അല്ലാഹു നിങ്ങൾക്കു നല്കിയ സമ്പത്തിൽ നിന്ന് ചെലവഴിക്കണമെന്ന അടിസ്ഥാനത്തിൽ, തേൻ സമ്പത്തായി ഗണിക്കാവുന്നതിനാൽ സകാത്ത് നല്കണമെന്ന കാര്യത്തിൽ ഏകാഭിപ്രായമാണ് പണ്ഡിതന്മാർക്കുള്ളത്.

സകാത്ത് സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ തേനിന്റെ സകാത്ത് ഔദ്യോഗികമായി ശേഖരിക്കേണ്ടതില്ല; ഉടമസ്ഥൻ സ്വമേധയാ കൊടുക്കാവുന്നതാണ് എന്നു ചിലർ അഭിപ്രായപ്പെട്ടു കാണുന്നു. ഏതായിരുന്നാലും ഇന്ന് തേനീച്ച വളർത്തലും മറ്റും വരുമാനമാർഗമായതിനാൽ അതിനും സകാത്ത് കൊടുക്കണം.

ഇതിനു നിസ്വാബ് കണക്കാക്കേണ്ടത് മാർക്കറ്റ് വിലയനുസരിച്ച് മുഖ്യഭക്ഷണപദാർഥത്തിന്റെ നിശ്ചിത പരിധി (നിസ്വാബ്)യുടെ വിലയെ ആസ്പദമാക്കിയാണ്. 6 ക്വിന്റൽ അരിയുടെ വിലയ്ക്കു തുല്യമായ തേൻ ഒരു വർഷത്തിൽ ഉത്പാദിപ്പിക്കുന്നുവെങ്കിൽ അതിന്റെ പത്തുശതമാനം സകാത്ത് നല്കണം. കൂടുതൽ അധ്വാനവും മുതൽമുടക്കും വരുന്നുവെങ്കിൽ അഞ്ചു ശതമാനം മതി.

നബി(സ്വ) പാലിനു സകാത്ത് നല്കാൻ നിർദേശിച്ചതായി കാണുന്നില്ല. അക്കാലത്ത് മൃഗങ്ങൾ മേഞ്ഞുനടക്കുന്ന രീതിയിൽ വളർത്തപ്പെട്ടിരുന്നു. മൃഗസമ്പത്തിന് സകാത്തും നിശ്ചയിച്ചു. അവയുടെ പാൽ മേച്ചിലുകാർക്കും മറ്റും ആഹാരമായിത്തീരുന്നുവെന്നല്ലാതെ അതു പ്രത്യേക വരുമാനമായിരുന്നില്ല. അതുകൊണ്ടാണ് പാലിന്റെ സകാത്ത് എടുത്തുപറയാതിരുന്നത്.

ക്ഷീരവ്യവസായം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ധനാ

ഗമമാർഗമത്രെ. പാലിനു വേണ്ടി കാലികളെ വളർത്തി ആദായമെടുക്കുന്ന ഈ സമ്പ്രദായത്തിന് കൃഷിയോടാണ് കൂടുതൽ സാമ്യം. അതുകൊണ്ട് ഈ വ്യവസായത്തിന്റെ അറ്റാദായത്തിന്റെ പത്തുശതമാനം സകാത്ത് നല്കണം. നിസ്വാബാകട്ടെ കാർഷികോത്പന്നങ്ങൾക്കുള്ളതു തന്നെ. അപ്പോൾ ആറു ക്വിന്റൽ അരിയുടെ വിലയ്ക്കു തുല്യമായ പാൽ ഉല്പാദിപ്പിക്കുന്നുവെങ്കിൽ അതിന്റെ പത്തുശതമാനമാണ് സകാത്ത് ന ല്കേണ്ടത്.

ഒരു ഫാമിലോ മറ്റോ നിർത്തി പോഷകാഹാരം നല്കി പാലിനുവേണ്ടി വളർത്തുന്ന മൃഗങ്ങൾക്ക് സകാത്തു നല്കേണ്ടതില്ല. എന്നാൽ മൃഗങ്ങളുടെ വിലയുംകൂടി കണക്കിലെടുത്ത് രണ്ടര ശതമാനം സകാത്ത് നല്കിയാൽ മതി എന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. രണ്ടും ഏകദേശം ഒരുപോലെ തന്നെയാണ്.

## പട്ടുനൂലും മുട്ടയും

കോഴിക്ക് സകാത്തുള്ളതായി ഹദീഥിൽ കാണുന്നില്ല. കാരണം നബിയുടെ കാലത്ത് കോഴി പ്രത്യേക സമ്പത്തായിരുന്നില്ല. ഇന്ന് കോടിക്കണക്കിനു രൂപ മുതൽമുടക്കുള്ളതും വലിയ വരുമാനം ലഭിക്കുന്നതുമായ സംരംഭമാണ് കോഴി വളർത്തലും വില്പനയും. ഇങ്ങനെ വ്യാപാരാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മുട്ടയ്ക്ക് സകാത്തു നല്കേണ്ടതാണ്. അറ്റാദായത്തിന്റെ പത്തുശതമാനമാണ് നല്കേണ്ടത്. നിസ്വാബ് കൃഷിയുടേതു തന്നെ.

മൾബറി കൃഷിയും പട്ടുനൂൽപ്പുഴു വളർത്തലും ആദായകരമായ കാര്യമാണ്. അതിൽ നിന്നുള്ള വരുമാനത്തിനും സകാത്ത് നല്കണം. വെരുകിൽ നിന്ന് ലഭിക്കുന്ന വിലപിടിപ്പുള്ള ദ്രാവകത്തിന്റെ വരുമാനത്തിനും സകാത്തു നല്കണം.

ഇത്തരം വസ്തുക്കളൊക്കെ നബിയുടെ കാലത്തില്ലാത്തതും എന്നാൽ സമ്പദ്ഘടനയെ സ്വാധീനിക്കുന്നതുമായ പുതിയ സംഗതികളാണ്. ഇവയെ കൃഷിയോടു താരതമ്യപ്പെടുത്തി (ക്വിയാസ്)യാണ് ഇവിടെ വിശദീകരിച്ചത്. എന്നാൽ പണത്തിന്റെ സകാത്ത് കണക്കാക്കുന്ന രീതിയോട് ബന്ധപ്പെടുത്തി മൊത്തം മൂലധനത്തിന്റെ വില കണക്കാക്കി അതിന്റെ രണ്ടര ശതമാനം സകാത്ത് നല്കണമെന്നു പറഞ്ഞ പണ്ഡിതന്മാരുമുണ്ട്. ഗവേഷണാത്മകമായ കാര്യങ്ങളിൽ വീക്ഷണവ്യത്യാസം സ്വാഭാവികമാണ്. വരുമാനത്തിന് (സമ്പത്ത്) സകാത്ത് വേണമെന്ന കാര്യത്തിൽ തർക്കമില്ല. (അല്ലാഹു അഅ്ലം)

കോഴി, താറാവ് തുടങ്ങിയവയുടെ ഫാമുകൾ ആധുനിക കാലത്ത് ഒരു ധനാഗമ മാർഗമാണ്. പ്രവാചകന്റെ കാലത്ത് ഇല്ലാതിരുന്ന ഇനങ്ങൾക്ക് പണത്തിന്റെ സകാത്തിന്റെ രൂപത്തിൽ നിസ്വാബും കൊടുക്കുന്ന വിഹിതവും നിശ്ചയിക്കുന്നതാണ് കൂടുതൽ ഉചിതം.

ഇത്തരം വിഷയങ്ങളിൽ കൂടുതൽ പഠനവും ഗവേഷണവും ആവശ്യമാണ്. ഈ അഭിപ്രായങ്ങൾ ഖണ്ഡിതമല്ല.

## കടൽ മത്സ്യവും വളർത്തുമത്സ്യവും

മത്സ്യം സമ്പത്തിന്റെ പ്രധാന ഇനമാണെന്നതിൽ തർക്കമില്ല. എന്നാൽ പ്രവാചകചര്യയിൽ നിന്ന് ഇതിന്റെ സകാത്തിനെ സംബന്ധിച്ച് വ്യക്തമായി ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കാരണം അവിടെ മീൻ ഒരു സമ്പത്തായിരുന്നില്ല.

അമവീ ഖലീഫ ഉമറുബ്നു അബ്ദിൽഅസീസ്(റ) ഒമാനിലെ ഉദ്യോഗസ്ഥനോട് പണത്തിന്റെ നിസ്വാബ് കണക്കാക്കി മത്സ്യത്തിന്റെ സകാത്ത് സ്വീകരിക്കാൻ പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 200 ദിർഹം(590 ഗ്രാം വെള്ളി) യുടെ വിലയുള്ള മത്സ്യം ലഭിക്കുന്നുവെങ്കിൽ രണ്ടര ശതമാനം സകാത്ത് നിർബന്ധമാണെന്നർഥം.

മീൻ പിടിക്കുന്നതിനു പുറമെ, മീൻ വളർത്തൽ, ചെമ്മീൻ കൃഷി തുടങ്ങിയവയൊക്കെ ഇന്ന് വികസിച്ചുകൊണ്ടിരിക്കുന്ന വ്യാപാര ഇനങ്ങളാണ്. മേല്പറഞ്ഞ രീതിയിൽ അവയ്ക്കും സകാത്ത് നല്കണം. എന്നാൽ വളർത്തുമീനും അല്ലാത്തതും കൃഷിയെപ്പോലുള്ള ഉത്പാദന വസ്തുക്കളായതിനാൽ കാർഷിക വിളകളുടെ നിസ്വാബ് കണക്കാക്കി 10 ശതമാനമോ 5 ശതമാനമോ സകാത്ത് നല്കുകയാണു വേണ്ടത് എന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## ഭൂഗർഭ സമ്പത്ത്

ആധുനിക സമ്പദ്ഘടനയുടെ സുപ്രധാന ഘടകങ്ങളിലൊന്നാണ് ഭൂഗർഭ സമ്പത്ത്. സ്രഷ്ടാവ് ഭൂമിയിൽ നിക്ഷേപിച്ചതും മനുഷ്യർ നിക്ഷേപിച്ചതുമായ രണ്ടുതരം നിക്ഷേപങ്ങൾ ഉണ്ട്. മനുഷ്യൻ തന്റെ പിൻതലമുറക്കു വേണ്ടിയോ പില്ക്കാലത്തേക്കു വേണ്ടിയോ നിക്ഷേപിച്ചുവച്ച സ്വർണം, വെള്ളി എന്നിവ ചിലപ്പോൾ മറ്റുള്ളവർക്ക് ലഭിക്കാറുണ്ട്. അവയ്ക്ക് നിധി(കൻസ്) എന്നു പറയുന്നു.

പ്രകൃതിയിൽ അല്ലാഹു നിക്ഷേപിച്ച ലോഹങ്ങൾ, പെട്രോളിയം മുതലായ ഖനിജ വസ്തുക്കളെ മഅ്ദിൻ എന്നും പറയുന്നു. ഇതു രണ്ടും കൂടി ഉൾപ്പെടുന്ന ഒരു പദമാണ് രികാസ് (رکاز). ഇത്തരം സമ്പത്തിനും സകാത്ത് കൊടുക്കണമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല.

അബൂഹുറയ്റ(റ)യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീഥിൽ ഇത്തരം ധനത്തിന് എത്രയാണ് സകാത്ത് എന്ന് പ്രവാചകൻ(സ്വ) വിശദീകരിക്കുന്നു:

فى الركاز الخمس (البخارى)

“ഖനിജ വസ്തുക്കളിൽ അഞ്ചിലൊന്ന്(20 ശതമാനം) സകാത്ത്

നിർബന്ധമാണ്.” (ബുഖാരി)

നിധിക്ക് സകാത്ത് നല്കാൻ കൊല്ലം തികയേണ്ടതില്ല. കിട്ടുമ്പോൾ അത് നല്കണം. എന്നാൽ നിസ്വാബിന്റെ കാര്യത്തിൽ രണ്ടു പക്ഷമുണ്ട്. ഇതിൽ നിസ്വാബിന്റെ പ്രശ്നമില്ല എന്നാണ് അബൂഹനീഫ(റ) അഭിപ്രായപ്പെട്ടത്. ശാഫിഈ(റ), മാലിക്(റ) എന്നിവരാകട്ടെ വെള്ളിയുടെ നിസ്വാബാണ് കണക്കാക്കേണ്ടത് എന്നാണ് പറഞ്ഞിരിക്കുന്നത്. യാതൊരുദ്ധ്വാനവും കൂടാതെ കണ്ടെടുക്കപ്പെടുന്ന നിധിയും വൻ തോതിൽ മുതൽമുടക്കി കുഴിച്ചെടുക്കുന്ന പെട്രോളിയം മുതലായ ധാന്യങ്ങളും ഒരേ ഗണത്തിൽ ഉൾപ്പെടുത്തി 20 ശതമാനം സകാത്ത് കൊടുക്കേണ്ടതുണ്ടെന്ന കാര്യത്തിൽ ഭിന്ന വീക്ഷണങ്ങളുണ്ട്.

മുത്ത്, പവിഴം പോലുള്ള സമുദ്രോത്പന്നങ്ങളും ഈ ഗണത്തിൽപെടുത്തി സകാത്ത് നിശ്ചയിക്കുകയാണ് വേണ്ടതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. (അല്ലാഹു അഅ്ലം)

## വാടകയും വാഹനവും

പഴയകാലത്ത് വളരെ വിരളമായിരുന്നതും ഇന്ന് വലിയ വരുമാനമാർഗമായിത്തീർന്നിട്ടുള്ളതുമായ മേഖലയാണ് വാടകയ്ക്ക് കൊടുക്കാൻ വേണ്ടി ഒരുക്കുന്ന വസ്തുക്കൾ. പാത്രങ്ങൾ മുതൽ വിമാനം വരെ ഇതിൽ ഉൾപ്പെടും. നഗരസ്വത്തിലെ മുഖ്യ ഇനം തന്നെ വാടകക്കെട്ടിടങ്ങൾ ആണല്ലോ.

സമ്പത്തിന്റെ പ്രധാന ഘടകമായതിനാൽ വാടകസാധനങ്ങൾക്ക് സകാത്ത് വേണമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ നബി (സ്വ)യുടെ കാലത്ത് വികാസം പ്രാപിക്കാത്ത സംഗതി ആയതിനാൽ ഈ വിഷയത്തിൽ ഖണ്ഡിതമായ തെളിവുകൾ വന്നിട്ടില്ല. ഇവയുടെ സകാത്ത് സംബന്ധിച്ച രണ്ടു പ്രസക്ത അഭിപ്രായങ്ങൾ ഇവിടെ ഉദ്ധരിക്കാം.

1. വർഷാവസാനം വസ്തുക്കളുടെ വിലയും ലഭിച്ച വാടകയും ചേർത്ത് രണ്ടര ശതമാനം സകാത്ത് നല്കുക. വസ്തുക്കളുടെ വില കണക്കാക്കുമ്പോൾ കിട്ടാവുന്ന വില മാത്രം കണക്കാക്കുകയാണു വേണ്ടത്. അപ്പോൾ പണത്തിനു സകാത്ത് നിർബന്ധമാകുന്ന നിസ്വാബാണ് കണക്കാക്കേണ്ടത്.

2. വസ്തുക്കളെ ഒഴിവാക്കി വരുമാനത്തിന് കൃഷിയുടെ സകാത്ത് നല്കുക. അതിനു വർഷം തികയാൻ കാത്തിരിക്കേണ്ടതില്ല. ലഭിക്കുന്ന വരുമാനത്തിന്റെ 10 ശതമാനം അപ്പപ്പോൾ കൊടുക്കുകയാണ് വേണ്ടത്. കൃത്യമായ കണക്കു സൂക്ഷിച്ചുപോരുന്ന സ്ഥാപനമാണെങ്കിൽ വർഷാവസാനം അറ്റാദായം കണക്കാക്കി അതിന്റെ 10ശതമാനം കൊടുത്താലും മതി. ഇത്തരം സ്ഥാപനങ്ങളാകുമ്പോൾ കിട്ടുന്ന സംഖ്യ മറ്റു വഴികളിൽ ചെലവായിപ്പോകുന്ന അവസ്ഥ ഉണ്ടാവുകയില്ല. കണക്കനുസരിച്ചുള്ള ബാലൻസ് ഷീറ്റ് കൃത്യമായുണ്ടാകുമല്ലോ.

അതുകൊണ്ടാണ് വർഷത്തിലൊരിക്കൽ ഒരുമിച്ചുകൊടുത്താൻ മതിയെന്നു പറഞ്ഞത്.

മൃഗങ്ങളെ കൂലിക്കു കൊടുക്കുന്നുവെങ്കിൽ കിട്ടുന്ന സംഖ്യയുടെ രണ്ടര ശതമാനം സകാത്ത് കൊടുത്താൽ മതിയെന്നാണ് വിദഗ്ധാഭിപ്രായം. അവയുടെ സംരക്ഷണച്ചെലവ് വളരെ ഭാരിച്ചതാണ്. ഉദാഹരണം ആന പണിയെടുത്താലും ഇല്ലെങ്കിലും അതിനെ തീറ്റിപ്പോറ്റണമല്ലോ.

വ്യവസായശാലകളുടെ കാര്യവും മുകളിൽ പറഞ്ഞതുപോലെത്തന്നെ. വർഷത്തിൽ ഉത്പാദനച്ചെലവുകൾ കഴിച്ച് ബാക്കിയുള്ള ഉത്പന്നത്തിന്റെ വില കണക്കാക്കി പത്തുശതമാനം അല്ലെങ്കിൽ വ്യവസായശാലയുടെ മൊത്തം മുതൽമുടക്കിന്റെ രണ്ടരശതമാനം എന്ന തോതിൽ സകാത്ത് നല്കണം. കെട്ടിടം, അവ നില്ക്കുന്ന സ്ഥലം എന്നിവയുടെ വില പരിഗണിക്കേണ്ടതില്ല. മെഷിനറികൾ, അസംസ്കൃത വസ്തുക്കൾ എന്നിവയ്ക്ക് ഇപ്പോൾ ലഭിക്കുന്ന വിലയാണ് കണക്കാക്കേണ്ടത്. ഉത്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ചെലവുകളും മറ്റും കഴിച്ച് വ്യവസായിക്ക് കിട്ടുന്ന വില കണക്കാക്കിയാൽ മതി.

## ഷെയർ, കടപ്പത്രങ്ങൾ

വ്യാവസായിക വളർച്ചയോടൊപ്പം ഉണ്ടായ രണ്ടു കാര്യങ്ങളാണ് ഷെയർ, കടപ്പത്രം എന്നിവ. നബിയുടെ കാലത്ത് ഇല്ലാത്ത, സാമ്പത്തിക രംഗത്ത് പുതുതായി കടന്നുവന്ന ഇത്തരം കാര്യങ്ങൾ വിശകലനങ്ങൾക്കു വിധേയമാക്കണം.

കിട്ടുമെന്നുറപ്പുള്ള കടത്തിന്റെ ഇനത്തിലാണ് കടപ്പത്രങ്ങൾ കണക്കാക്കേണ്ടത്. അതുകൊണ്ട് വർഷാവസാനത്തിൽ മറ്റു ധനത്തോടു ചേർത്ത് അതിനും സകാത്ത് നല്കണം. നിസ്വാബും തോതും പണത്തിന്റേതു തന്നെ. ഷെയർമാർക്കറ്റും സ്റ്റോക്ക് എക്സ്ചേഞ്ചും ഇന്നത്തെ സമ്പദ്ഘടനയുടെ പ്രധാനപ്പെട്ട ഘടകങ്ങളത്രെ. ഈ രംഗത്തെ കൊള്ളരുതായ്മകളും കൊള്ളലാഭങ്ങളും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ശരിയായ രീതിയിലുള്ള കമ്പനി ഷെയറുകൾക്ക് വർഷാവസാനം പ്രഖ്യാപിക്കുന്ന, അല്ലെങ്കിൽ ലഭ്യമാകുന്ന വില കണക്കാക്കി സകാത്ത് നല്കണം. നിസ്വാബും തോതും പണത്തിന്റേതുതന്നെ.

ഒരു ഇസ്‌ലാമിക സംരംഭത്തിന്റെ കീഴിലുള്ള കമ്പനിയുടെ ഷെയറാണെങ്കിൽ, എല്ലാവിധ ഷെയറുകളും കണക്കിലെടുത്ത് കമ്പനി തന്നെ സകാത്ത് നല്കുന്നുണ്ടെങ്കിൽ പിന്നെ ഷെയർ ഉടമ പ്രത്യേകമായി തന്റെ വിഹിതത്തിനോ ലാഭത്തിന്നോ സകാത്ത് നല്കേണ്ടതില്ല.

## മാസശമ്പളവും ദിവസക്കൂലിയും

മനുഷ്യൻ സമ്പാദിക്കുന്നതിൽ നിന്നു ചെലവഴിക്കാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്.

"നിങ്ങൾ സമ്പാദിച്ച നല്ല വസ്തുക്കളിൽ നിന്നു നിങ്ങൾ ചെലവഴിക്കുക." (2:267)

തൊഴിലിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന് സകാത്ത് നല്കേണ്ടതില്ല എന്നതിന് പ്രത്യേക തെളിവുകളില്ല. അതിനാൽ ജോലിചെയ്തു ലഭിക്കുന്ന കൂലിയും ശമ്പളവും അലവൻസുകളും സകാത്ത് ബാധകമായ വരുമാനം തന്നെയാണ്. അടിസ്ഥാനാവശ്യം കഴിച്ചു ബാക്കിയുള്ള സംഖ്യക്ക് നാണയത്തിന്റെ നിസ്വാബ് തികയുമെങ്കിൽ രണ്ടര ശതമാനം സകാത്ത് നല്കണമെന്നതാണ് യുക്തമായി തോന്നുന്ന അഭിപ്രായം.

ശമ്പളത്തെ കാർഷികോത്പന്നങ്ങളോട് സാദൃശ്യപ്പെടുത്തി അതു കിട്ടുമ്പോൾ 10 ശതമാനം വീതം സകാത്ത് നല്കണമെന്ന അഭിപ്രായം യുക്തമായി തോന്നുന്നില്ല. ശമ്പളത്തിനു സകാത്ത് നല്കേണ്ടതില്ല എന്ന നിഗമനം ഏതായാലും ശരിയല്ല. കൃഷിയെക്കാൾ മെച്ചവും സൗകര്യവും-ഇന്ന് പ്രത്യേകിച്ചും-ശമ്പളം ലഭിക്കുന്ന ജോലിയാണ്. കർഷകൻ കണക്കുനോക്കി സകാത്ത് നല്കുകയും ശമ്പളക്കാർ സകാത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യുന്നത് നീതീകരിക്കാനാവില്ല. അടിസ്ഥാനാവശ്യങ്ങൾ കഴിച്ച് 590 ഗ്രാം വെള്ളിയുടെ വിലയ്ക്കനുസരിച്ച സമ്പാദ്യം ശേഷിക്കുന്നവർ സകാത്ത് നല്ക്കണമെന്നതാണ് ശരിയായ വീക്ഷണം.

ഒരാൾ തന്റെ വരുമാനങ്ങൾക്ക് കൃത്യമായി സകാത്ത് നല്കി ശുദ്ധീകരിച്ച ശേഷം ബാക്കിവരുന്ന നിക്ഷേപങ്ങൾക്ക് വർഷംതോറും രണ്ടര ശതമാനം സകാത്ത് നല്കണം. ബാങ്ക് ബാലൻസുകളും പ്രോവിഡന്റ് ഫണ്ടിലെ നിക്ഷേപത്തുകയും ഈ ഗണത്തിൽ പെടുന്നു. എന്നാൽ പ്രോവിഡന്റ് ഫണ്ട്, ജീവനക്കാരന്റെ വരുതിയിലല്ലാത്തതിനാൽ അത് തിരിച്ചുകിട്ടുമ്പോൾ ഒരുമിച്ച് കൊടുത്താൽ മതി എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## കമ്മീഷനും മറ്റും

നിശ്ചിത വേതനമല്ലാതെ, ഡോക്ടർമാരുടെയും വക്കീലുമാരുടെയും വരുമാനങ്ങൾ, കച്ചവടത്തിലും മറ്റു ഇടപാടുകളിൽ നിന്നുമുള്ള കമ്മീഷൻ തുടങ്ങിയവ المال المستفاد(ഇടയ്ക്ക് വെച്ച് കിട്ടുന്ന നിശ്ചിതമല്ലാത്ത ധനം) എന്ന ഇനത്തിൽ പെടുത്താം. അതിനു വർഷം തികയുന്ന പ്രശ്നമില്ല. കൈവശം വരുമ്പോൾ നാണയത്തിന്റെ നിശ്ചിത പരിധി എത്തുമെങ്കിൽ സകാത്ത് നല്കുകയാണ് നല്ലത്. മൂന്നു മാസമോ ആറു മാസമോ കൃത്യമായി കണക്കാക്കി നല്കുന്നതിനും വിരോധമില്ല. ഇവയൊന്നും സകാത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നവയല്ല എന്ന കാര്യം പ്രത്യേകം ഓർക്കുക.

# സകാത്തിന്റെ അവകാശികൾ

സകാത്ത് വ്യവസ്ഥയിൽ ദായകരെപ്പോലെത്തന്നെ സ്വീകർത്താക്കൾക്കും പ്രാധാന്യമുണ്ട്. അതുകൊണ്ട് തന്നെ ക്വുർആൻ അതു വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ദരിദ്രവിഭാഗം ഏതു കാലത്തും ഏതു സമൂഹത്തിലും അവഗണിക്കപ്പെടുകയാണ് പതിവ്. അവരെ ചൂഷണം ചെയ്യുന്നതാണ് മനുഷ്യനിർമിത വ്യവസ്ഥകളെല്ലാം. ഇതിനെല്ലാം പരിഹാരമേകുന്നതാണ് ക്വുർആൻ വിവരിച്ച സകാത്ത് വ്യവസ്ഥ.

"ദാനധർമങ്ങൾ നല്കേണ്ടത് ദരിദ്രന്മാർക്കും അഗതികൾക്കും സകാത്തിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും ഇസ്‌ലാമുമായി മനസ്സ് ഇണക്കപ്പെട്ടവർക്കും അടിമകളുടെ മോചനത്തിന്റെ കാര്യത്തിലും കടം കൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴി പോക്കനും മാത്രമാണ്." (വി.ക്വു. 9:60)

സകാത്ത് കൈകാര്യം ചെയ്യുന്നവർ തോന്നിയപോലെ വിതരണം ചെയ്താൽ അവരുടെ താത്പര്യമോ സ്വാധീനമോ അതിൽ പ്രതിഫലിക്കാനിടയുണ്ട്. അങ്ങനെ പോലും പാവങ്ങൾ ചൂഷണം ചെയ്യപ്പെട്ടുകൂടാ. അതിനാൽ ആർക്ക് നല്കണമെന്ന് അല്ലാഹു തന്നെ കണിശമായി നിശ്ചയിച്ചു.

"അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്" എന്ന പരാമർശത്തോടെ ഈ വചനം അവസാനിക്കുന്നത്.

നബി(സ്വ) സകാത്ത് മുതൽ വിഭജിച്ചതും വിതരണം നടത്തിയതും സംബന്ധിച്ച് ചില കപട ഭക്തന്മാർ ആക്ഷേപം ഉന്നയിച്ചതിനു മറുപടിയായാണ് മേൽപറഞ്ഞ ആയത്ത് (9:60) അവതരിച്ചത്. ആദ്യകാലത്ത് ത്യാഗം ചെയ്ത് ഇസ്‌ലാമിലേക്ക് കടന്നുവരാൻ മടിച്ച പലരും മദീനയിൽ ഇസ്‌ലാമിന് ശക്തി കൈവന്നപ്പോൾ നേട്ടത്തിനു വേണ്ടി ഇസ്‌ലാം ആശ്ലേഷിക്കുകയും എന്നാൽ അവർ പ്രതീക്ഷിച്ചതൊക്കെ കിട്ടാതെ വന്നപ്പോൾ നബി(സ്വ)യെ അവരിൽ ചിലർ വിമർശിക്കുകയുമ

ുണ്ടായി. അതിന് മറുപടിയായി ആർക്കൊക്കെയാണ് സകാത്ത് മുതൽ നല്കേണ്ടത് എന്ന് അല്ലാഹു തന്നെ വിശദീകരിച്ചു. അത് പ്രവാചകന്റെയോ സമുദായ നേതൃത്വത്തിന്റെയോ വിവേചനപരമായ തെരഞ്ഞെടുപ്പല്ല എന്നർഥം.

സിയാദുബ്നു ഹാരിഥിൽ നിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാണ്:

قال أتيت رسول الله(ص) فبايعته–ذكر حديثا طويلا–فأتاه رجل فقال اعطنى من الصدقة فقال له رسول الله ان الله لم يرض بحكم نبى ولا غيره فى الصدقة حتي حكم هو فيها فجزأها ثمانية أجزاء فان كنت من تلك الأجزاء أعطيتك حقك

സിയാദുബ്നു ഹാരിഥ് താൻ നബിയുടെ അടുത്തുവന്ന് ബൈഅത്ത് ചെയ്ത സംഭവം വിവരിക്കുന്നതിനിടയിൽ ഇപ്രകാരം പറഞ്ഞു: "ഒരാൾ നബിയുടെ അടുക്കൽ വന്ന് സകാത്തിൽ നിന്ന് തനിക്കെന്തെങ്കിലും തരണമെന്നാവശ്യപ്പെട്ടു. അപ്പോൾ നബി(സ്വ) അദ്ദേഹത്തോട് പറഞ്ഞു: സകാത്തിന്റെ കാര്യത്തിൽ ഒരു പ്രവാചകനോ മറ്റാരെങ്കിലുമോ തീരുമാനമെടുക്കുന്നത് അല്ലാഹു ഇഷ്ടപ്പെട്ടിട്ടില്ല. അതിനാൽ അവൻ തന്നെ ആ കാര്യത്തിൽ തീർപ്പ് കല്പിക്കുകയും അതിനെ എട്ട് അംശങ്ങളായി വീതിക്കുകയും ചെയ്തിരിക്കുന്നു. ആ അംശങ്ങളുടെ അവകാശികളിൽ ഉൾപ്പെടുമെങ്കിൽ താങ്കളുടെ അവകാശം ഞാൻ നല്കാം."(അബൂദാവൂദ്)

ദരിദ്രർ, അഗതികൾ, സകാത്തിന്റെ പ്രവർത്തകർ, മനസ്സിണക്കമുള്ളവർ എന്നിവർക്കും അടിമമോചന വിഷയത്തിലും കടബാധ്യതയുള്ളവർക്കും ദൈവമാർഗത്തിലും വഴിയുടെ മക്കൾക്കുമായി ആ വിഹിതം അല്ലാഹു നിജപ്പെടുത്തിയിരിക്കുന്നു.

ഇതിൽ ആദ്യത്തെ നാലു വിഭാഗം നേരിട്ടു വ്യക്തിപരമായി ഗുണം അനുഭവിക്കുന്നവരാണ്. മറ്റു നാലു വിഭാഗം നേരിട്ടും അല്ലാതെയും സാമൂഹിക പ്രധാനമായ നേട്ടം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. അവ അല്പം വിശദീകരണമർഹിക്കുന്നു.

## 1, 2. ഫഖീറും മിസ്കീനും

ഐശ്വര്യമുള്ളവൻ (ഗ്വനിയ്യ്) ആണ് സകാത്ത് നല്കേണ്ടത് എന്നും ഐശ്വര്യത്തിന്റെ മാനദണ്ഡമെന്തെന്നും വിശദീകരിച്ചു. ഗ്വനിയ്യിന്റെ വിപരീതമാണ് ഫഖീർ. പരസഹായം ആവശ്യമുള്ളവൻ എന്നർഥം. സകാത്തിന്റെ അവകാശികളിൽ പ്രഥമൻ ഫഖീർ ആണ്. ദരിദ്രൻ എന്നു സാമാന്യമായിപ്പറയാം.

ഏകദേശം അതേ അർഥത്തിലുള്ള മറ്റൊരു പദമാണ് മിസ്കീൻ എന്നതും. ഇവരെയാണ് രണ്ടാമതായി പറഞ്ഞത്. അഗതികൾ എന്നാണ്

മലയാള ഭാഷ്യം.

ഫക്വീർ, മിസ്കീൻ എന്നീ വിഭാഗങ്ങൾ തമ്മിൽ നേരിയ അന്തരമുണ്ടെങ്കിലും രണ്ടു വിഭാഗവും ദാരിദ്ര്യം അനുഭവിക്കുന്നവർ തന്നെ. തന്റെ ദാരിദ്ര്യം പ്രകടിപ്പിക്കുകയും ആവശ്യങ്ങൾ മറ്റുള്ളവരോട് ചോദിക്കുകയും ചെയ്യുന്നവരും തങ്ങളുടെ ദാരിദ്ര്യം മറ്റുള്ളവരെ അറിയിക്കാതെ അടങ്ങിയൊതുങ്ങി ജീവിക്കുന്നവരുമുണ്ട്. ഇവരിൽ ഏത് വിഭാഗമാണ് ഫക്വീർ, ഏതു വിഭാഗമാണ് മിസ്കീൻ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഏതായാലും രണ്ടു വിഭാഗവും ഒരുപോലെ സകാത്തിന്നർഹരാണ് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

ഡോ. യൂസുഫുൽ ക്വറദാവിയുടെ വിശദീകരണം ഏറെക്കുറെ യുക്തമായി തോന്നുന്നു. ഫക്വീർ, മിസ്കീൻ എന്നീ പദങ്ങൾ ഗ്വനിയ്യ് എന്നതിന്റെ വിപരീതമായ ദരിദ്രൻ എന്ന അർഥത്തിൽ പ്രയോഗിക്കപ്പെടുന്നു. രണ്ടും ഒരുമിച്ച് പറഞ്ഞാൽ അർഥത്തിൽ വ്യത്യാസമുണ്ട്. ഒറ്റയ്ക്ക് പറഞ്ഞാൽ ഓരോന്നും മറ്റേതിന്റെ ആശയം കൂടി ദ്യോതിപ്പിക്കുന്നു. മുസ്ലിം, മുഅ്മിൻ എന്നീ പ്രയോഗങ്ങൾ പോലെ. രണ്ടും കൂടി പറഞ്ഞാൽ അർഥത്തിൽ വ്യത്യാസമുണ്ട്. എന്നാൽ മുസ്ലിംകൾ എന്നോ മുഅ്മിനുകൾ എന്നോ മാത്രം പറഞ്ഞാൽ വിശ്വാസികൾ പൊതുവിൽ ഉൾപ്പെടുകയും ചെയ്യും. (അല്ലാഹു അഅ്ലം)

ക്വുർആനിലും ഹദീഥിലും ഫക്വീർ, മിസ്കീൻ എന്നീ പദങ്ങൾ ദരിദ്രരിൽ രണ്ടു തരക്കാർക്കും പ്രയോഗിച്ചതായി കാണാം.

“ഭൂമിയിൽ സഞ്ചരിച്ച് ഉപജീവനം തേടാൻ സൗകര്യപ്പെടാത്ത വിധം അല്ലാഹുവിന്റെ മാർഗത്തിൽ വ്യാപൃതരായിട്ടുള്ള ദരിദ്രർ(ഫക്വീറുമാർ)ക്കുവേണ്ടി (നിങ്ങൾ ചെലവു ചെയ്യുക). (അവരെപ്പറ്റി) അറിവില്ലാത്തവർ അവരുടെ അഭിമാനബോധം കൊണ്ട് അവർ ധനികരാണെന്നു ധരിച്ചേക്കും. എന്നാൽ അവരുടെ ലക്ഷണം കൊണ്ട് നിനക്കവരെ തിരിച്ചറിയാം. അവർ ജനങ്ങളോട് ചോദിച്ച് വിഷമിപ്പിക്കുകയില്ല. നല്ലതായ എന്തൊന്ന് നിങ്ങൾ ചെലവഴിക്കുകയാണെങ്കിലും അല്ലാഹു അത് നല്ലപോലെ അറിയുന്നതാണ്” (2:273). ഈ ലക്ഷണമുള്ളവർക്ക് ഫക്വീർ എന്നാണിവിടെ പ്രയോഗിച്ചത്.

ബുഖാരി ഉദ്ധരിച്ച ഒരു ഹദീഥിൽ മിസ്കീൻ ആരെന്നു വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

ليس المسكين الذى يطوف على الناس ترده اللقمة واللقمتان والتمرة والتمرتان ولكن المسكين الذى لا يجد غنى يغنيه ولا يفطن به فيتصدق عليه ولا يقوم فيسأل الناس (البخارى)

“ജനങ്ങൾക്കിടയിൽ ചുറ്റി നടക്കുകയും അവർ നല്കുന്ന ഒരു പിടിയോ രണ്ടു പിടിയോ ഒരു കാരക്കയോ രണ്ടു കാരക്കയോ സ്വീക

രിക്കുകയും ചെയ്യുന്നവനല്ല മിസ്കീൻ. ജീവിക്കാനുള്ള സ്വാശ്രയത്വം ഇല്ലാതിരിക്കുകയും എന്നാൽ ആളുകൾ തനിക്ക് ദാനം നല്കാവുന്ന വിധം ദാരിദ്ര്യം പുറത്തറിയിക്കാതിരിക്കുകയും ചെയ്യുന്നവനത്രെ മിസ്കീൻ. അയാൾ ജനങ്ങളോട് ചോദിക്കുകയുമില്ല.'' (ബുഖാരി)

സകാത്ത് കൊടുക്കൽ നിർബന്ധമായ പണത്തിന്റെ നിശ്ചിത പരിധി 590ഗ്രാം വെള്ളിയുടെ വില മിച്ചം വരാവുന്നവർ ദരിദ്രരുടെ കൂട്ടത്തിൽ പെടില്ല എന്നു മനസ്സിലാക്കാം. ദരിദ്രർക്കല്ലാതെ ഈ വിഭാഗങ്ങൾക്കുള്ള സകാത്ത് വിഹിതം നല്കിക്കൂടാ.

ولا حظ فيها لغني ولا لقوي مكتسب

“ധനികന്നോ അധ്വാനിക്കാൻ ശേഷിയുള്ളവന്നോ സകാത്തിൽ അവകാശമില്ല.” (അബൂദാവൂദ്, നസാഈ)

لا تحل الصدقة لغني ولا ذى مرة سوى (الترمذى)

''സമ്പന്നനും അംഗവൈകല്യമില്ലാത്ത ശേഷിയുള്ളവന്നും സകാത്ത് അനുവദനീയമല്ല'' (തുർമുദി) എന്നും പ്രവാചകൻ പറഞ്ഞിരിക്കുന്നു.

ദരിദ്രന്മാർക്ക് സകാത്തിൽ നിന്ന് എത്ര നല്കണമെന്ന കാര്യത്തിൽ പണ്ഡിതന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഒരു കൊല്ലം കഴിഞ്ഞുകൂടാനുള്ള വക നല്കണമെന്നും ആയുഷ്കാലം മുഴുവനും നിറവേറ്റാവുന്ന ആവശ്യത്തിനു നല്കണമെന്നും അഭിപ്രായപ്പെട്ടവരുണ്ട്. താൽക്കാലികമായ എന്തെങ്കിലും നല്കി സമാശ്വസിപ്പിക്കുക എന്നതല്ല സകാത്ത് കൊണ്ടുള്ള ലക്ഷ്യം. സകാത്ത് കൊണ്ട് ഒരാൾ സ്വയം പര്യാപ്തനായിക്കഴിഞ്ഞാൽ അയാളിൽ നിന്ന് സകാത്ത് ഈടാക്കുകയും ചെയ്യാമല്ലോ.

## യാചന

ദരിദ്രർക്ക് സകാത്തിൽ അവകാശം നല്കിയതിലൂടെ സമൂഹത്തിൽ സന്തുലിതാവസ്ഥയും സ്വയംപര്യാപ്തതയും കൈവരുന്നു. ഒരു വിഭാഗം എന്നും ആവശ്യക്കാരും യാചകരും ആയിത്തന്നെ നിലകൊള്ളാൻ ഇസ്ലാം ആഗ്രഹിക്കുന്നില്ല. മാത്രമല്ല, ഗത്യന്തരമില്ലാത്ത പരിതസ്ഥിതിയിലല്ലാതെ ആളുകളോട് സഹായം ചോദിക്കരുതെന്നാണ് പ്രവാചകൻ(സ്വ) നിഷ്കർഷിക്കുന്നത്.

ക്വബീസ്വതുബ്നു ഖാരിക് എന്ന സ്വഹാബി ഒരിക്കൽ നബി(സ്വ) യോട് പറഞ്ഞു: നബിയേ, ഞാൻ ഒരു ഭാരം ഏറ്റെടുത്തിട്ടുണ്ട്. അത് നിർവഹിക്കാൻ എന്നെ സഹായിച്ചാലും. പ്രവാചകൻ(സ്വ) പ്രതിവചിച്ചു: സകാത്ത് മുതലുകൾ വരട്ടെ. ഞാൻ താങ്കളെ സഹായിക്കാം. എന്നിട്ടദ്ദേഹം ഇങ്ങനെ പറഞ്ഞു:

يا قبيصة ان المسألة لا تحل إلا لأحد ثلاثة رجل تحمل حمالة فحلت له
المسألة حتى يصيبها ثم يمسك ورجل أصابته جائحة اجتاحت ماله
فحلت له المسألة حتى يصيب قواما من عيش اوسدادا من عيش ورجل
أصابته فاقة حتى يقول ثلاثة من ذوى الحجى من قومه لقد اصابت
فلانا فاقة فحلت له المسألة حتى يصيب قواما من عيش أو سدادا
من عيشفما سواهن من المسألة سحت يأكل صاحبها سحتا (مسلم)

"ക്വബീസ്വാ, മൂന്നിലൊരു കൂട്ടർക്കല്ലാതെ ചോദിച്ചുവാങ്ങൽ അനുവദനീയമല്ല. വല്ല ഭാരവും ഏറ്റ മനുഷ്യന്ന് അത് ലഭിക്കുന്നതുവരെ ചോദിക്കൽ അനുവദനീയമാകുന്നു. പിന്നീടവൻ നിറുത്തണം. വല്ല അത്യാഹിതവും സംഭവിച്ച് ധനം നഷ്ടപ്പെട്ടുപോയവനും ജീവിതത്തിന് നില്ക്കപ്പൊറുതി ലഭിക്കുന്നതുവരെ ചോദിച്ചു വാങ്ങൽ അനുവദനീയമാകുന്നു. സ്വന്തക്കാരായ ആളുകളിൽനിന്ന് വിവേക ശാലികളായ മൂന്നാളുകൾ ശരിവയ്ക്കത്തക്ക വിധം ദാരിദ്ര്യം ബാധിച്ചവനും ജീവിതത്തിൽ സ്ഥിരത ലഭിക്കുവോളം ചോദിച്ചുവാങ്ങൽ അനുവദനീയമാണ്. ഇതല്ലാതെയുള്ള ചോദിച്ചുവാങ്ങൽ നിഷിദ്ധ സമ്പാദ്യമാകുന്നു. അതു ചെയ്യുന്നവൻ അതിലൂടെ തിന്നുന്നത് പാപമാകുന്നു." (മുസ്‌ലിം)

ദാരിദ്ര്യവും സമ്പന്നതയും സകാത്തും യാചനയും എല്ലാം സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട് ശരിയായി വിലയിരുത്തിയാൽ, സമൂഹത്തിന്റെ മാനസികവും സാമ്പത്തികവുമായ വിശുദ്ധിയും സുസ്ഥിതിയും കെട്ടിപ്പടുക്കുന്നതിൽ അല്ലാഹുവിന്റെ നിയമം എത്രമാത്രം കുറ്റമറ്റതാണെന്നു മനസ്സിലാക്കാം. മുസ്‌ലിംകൾ പോലും ഈ സംഗതി യഥോചിതം മനസ്സിലാക്കുന്നില്ല എന്നതാണ് ഏറെ സങ്കടകരം.

## 3. സകാത്തിന്റെ പ്രവർത്തകർ

സകാത്തിന്നർഹതപ്പെട്ട മൂന്നാമത്തെ വിഭാഗം സകാത്തിന്റെ പ്രവർത്തകരാണ്. ( والعاملين عليها) സകാത്ത് ജോലിക്കാർ എന്നാണ് ഈ വാക്കിന്നർഥം. സകാത്തുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവർക്ക് സകാത്തിൽ നിന്ന് കൂലി നല്കാൻ അല്ലാഹു പറയുന്നു.

സകാത്ത് സംഭരണവും വിതരണവും സമുദായത്തിൽ നിരന്തരമായി നടക്കേണ്ട പ്രക്രിയയാണ്. ബന്ധപ്പെട്ടവരിൽ നിന്ന് സകാത്ത് സംഭരിക്കാനും അർഹരായവരെ കണ്ടെത്താനും അത് അവരിലേക്കെത്തിക്കാനും മറ്റുമായി നിരവധി പേർ ജോലി ചെയ്യേണ്ടിവരുന്നു. അവർക്കുവേണ്ട ഓഫീസും ഫയലും സ്റ്റാഫും ആവശ്യമെങ്കിൽ സംഭരിച്ചുവയ്ക്കാനുള്ള ഗോഡൗണുകളും ഒക്കെ വേണ്ടിവരുന്നു. അതിനൊക്കെയുള്ള ചെലവുകൾക്ക് സകാത്തിന്റെ ധനത്തിൽ നിന്നു

വിഹിതം കണ്ടെത്താം.

സകാത്തിന്റെ പ്രവർത്തനത്തിലേർപ്പെടുന്ന തൊഴിലാളികൾ സ്വന്തം നിലയ്ക്കു സകാത്തു സ്വീകരിക്കാൻ അർഹതയില്ലാത്ത സാമ്പത്തിക ശേഷിയുള്ളവരാണെങ്കിൽ പോലും ജോലിക്കാർ (ആമിലീൻ) എന്ന നിലയിൽ സകാത്തിന്റെ വിഹിതം അനുഭവിക്കാം.

സകാത്ത് സംഭരിക്കുന്ന ഉദ്യോഗസ്ഥർക്ക് പൊതുഖജനാവിൽ (ബൈത്തുൽ മാൽ) നിന്ന് ശമ്പളം പറ്റാം. എന്നാൽ സകാത്ത് ദായകരിൽ നിന്ന് പാരിതോഷികങ്ങൾ (ഹദ്‌യ) സ്വീകരിക്കാൻ പാടില്ല എന്ന് നബി(സ്വ) കർശനമായി താക്കീത് ചെയ്യുന്നു. അബൂഹമീദുസ്സാഇദി ഒരു സംഭവം വിവരിക്കുന്നു:

استعمل النبي(ص) رجلا من الأزد يقال له ابن اللتبية على الصدقة فلما
قدم قال هذا لكم وهذا اهدى الى قال فقام رسول الله فحمد الله
وأثنى عليه ثم قال اما بعد فانى أستعمل الرجل منكم على العمل مما ولانى
الله فيأتى فيقول هذا لكم وهذا هدية اهديت لى أفلا جلس في بيت أبيه
وأمه حتى تأتيه هديته إن كان صادقا؟ والله لا يأخذ أحد منكم
شيئا بغير حقه إلا لقى الله يحمله يوم القيمة (متفق عليه)

‘‘നബി(സ്വ) ഉസ്ദു ഗോത്രത്തിൽ പെട്ട ഇബ്നു ലുത്ബിയ എന്നയാളെ സകാത്തിന്റെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു. സകാത്തുമായി വന്നപ്പോൾ അദ്ദേഹം പറഞ്ഞു: ഇന്നതൊക്കെ നിങ്ങൾക്കുള്ളതാണ്. ഇന്നതൊക്കെ എനിക്ക് പാരിതോഷികമായി ലഭിച്ചതാണ്.

അപ്പോൾ പ്രവാചകൻ(സ്വ) എഴുന്നേറ്റു. (പ്രത്യേകിച്ച് എന്തെങ്കിലും സംഭവിക്കുമ്പോൾ ചെയ്യുന്നതുപോലെ) ഹംദും സ്വലാത്തും ചൊല്ലി ഇങ്ങനെ പറഞ്ഞു: നിങ്ങളിലൊരാളെ ഞാൻ, അല്ലാഹു എന്നെ ഏല്പിച്ച കാര്യത്തിനായി നിയോഗിക്കുന്നു. എന്നിട്ടയാൾ പറയുന്നു: ഇത് നിങ്ങൾക്ക്, ഇത് എനിക്ക് കിട്ടിയ പാരിതോഷികം എന്നിങ്ങനെ. അയാൾ തന്റെ മാതാപിതാക്കളോടൊപ്പം വീട്ടിൽ കുത്തിയിരുന്നാൽ അയാൾക്ക് ഈ സമ്മാനങ്ങൾ ലഭിക്കുമായിരുന്നോ? പടച്ചവനാണ് സത്യം. നിങ്ങളിലാരെങ്കിലും അവകാശപ്പെടാത്തത് എന്തെടുത്താലും പുനരുത്ഥാനനാളിൽ അതു ചുമന്നുകൊണ്ട് മാത്രമേ അവൻ അല്ലാഹുവിനെ കാണുകയുള്ളൂ.” (ബുഖാരി, മുസ്‌ലിം)

## 4. മനസ്സുകൾ ഇണക്കപ്പെട്ടവർ

സകാത്തിനർഹതപ്പെട്ട നാലാമത്തെ വിഭാഗമാണിത്. ഇസ്‌ലാം സ്വീകരിക്കാൻ മനസ്സ് വെമ്പുന്ന ആളുകളുണ്ടാവും. എന്നാൽ സാമൂഹിക സാഹചര്യവും അതുകൊണ്ടുണ്ടാകാവുന്ന സാമ്പത്തിക പ്രയാസങ്ങളും അവരെ ചിലപ്പോൾ പ്രതികൂലമായി ബാധിച്ചേക്കാം. അത്തരക്കാരെ

സാമ്പത്തികമായി സഹായിക്കാൻ സകാത്തിന്റെ ഒരംശം വിനിയോഗിക്കാമെന്ന് ക്വുർആൻ നിശ്ചയിച്ചിരിക്കുന്നു.

ഇസ്‌ലാമിന്റെ ശത്രുപക്ഷത്തു ചേർന്ന് ഇസ്‌ലാമിന്നെതിരിൽ അടരാടാൻ സാധ്യതയുള്ള ചില ആളുകൾക്ക് മുസ്‌ലിംകളിൽ നിന്ന് എന്തെങ്കിലും തരത്തിൽ സഹായം ലഭിച്ചാൽ ആ ശത്രുത ഇല്ലാതാവുമെങ്കിൽ അത്തരക്കാർക്കും സകാത്തിൽ നിന്നു നല്കാം.

പുതുതായി ഇസ്‌ലാം ആശ്ലേഷിച്ചവരും മറ്റുള്ളവരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചാൽ അങ്ങോട്ടു ചാഞ്ഞുപോകാൻ സാധ്യതയുള്ളവരുമായ ആളുകൾക്കും ഈ വകുപ്പിൽ നിന്നു ധനസഹായം ചെയ്യാവുന്നതാണ് എന്ന് സയ്യിദ് റശീദ് രിദ്വാ അഭിപ്രായപ്പെടുന്നു. (ഫിക്വ്ഹുസ്സുന്ന)

മക്കാ വിജയത്തിന്റെ അവസരത്തിൽ സ്വഫ്‌വാനുബ്നു ഉമയ്യ, അബൂസ്വുഫ്‌യാനിബ്നു ഹർബ്, അക്വ്‌റഉബ്നു ഹാബിസ് തുടങ്ങിയവർക്ക് നബി(സ്വ) ധാരാളമായി സാമ്പത്തിക സഹായം നല്കിയിരുന്നു. അവർ പിന്നീട് മുസ്‌ലിംകളാവുകയുണ്ടായി. ഹവാസിനിൽ നിന്നു കിട്ടിയ ധനം നബി(സ്വ) നല്കിയവരിൽ ദുർബല വിശ്വാസികളും കപടന്മാരും ഉണ്ടായിരുന്നു. സ്വഫ്‌വാനുബ്നു ഉമയ്യ മുസ്‌ലിമായ ശേഷം ഒരിക്കൽ പറയുകയുണ്ടായി: ''മുഹമ്മദ് നബി എനിക്കേറ്റവും വെറുക്കപ്പെട്ട ആളായിരുന്നു. അദ്ദേഹം എനിക്കു ധനസഹായം ഏറെ നല്കി. പിന്നീട് അദ്ദേഹം എനിക്കേറ്റവും ഇഷ്ടപ്പെട്ട ആളായി മാറി.'' (അഹ്മദ്, മുസ്‌ലിം, തുർമുദി)

സാമ്പത്തിക പരാധീനതയോ പ്രതിസന്ധിയോ ഇസ്‌ലാം ആശ്ലേഷണത്തിനു വിഘാതമായി നില്ക്കരുത് എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെത്തന്നെ ഇസ്‌ലാമിലേക്കു കടന്നുവരുന്നവരെ പുനരധിവസിപ്പിക്കുക എന്ന പ്രശ്നവും ചിലപ്പോൾ ഉണ്ടായേക്കാം.

എന്നാൽ മുഹമ്മദ് നബി(സ്വ)യുടെ മരണത്തോടെ مؤلفة القلوب (ഹൃദയം ഇണക്കപ്പെട്ടവർ) എന്ന വിഭാഗം തന്നെ ഇല്ലാതായിരിക്കുന്നു എന്ന് ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. ഹനഫികളുടെ ഈ അഭിപ്രായം ശരിയായി തോന്നുന്നില്ല. ഇമാം ശാഫിഈ(റ)യുടെ അഭിപ്രായത്തിൽ അവിശ്വാസികളെ സഹായം ചെയ്ത് ഇണക്കേണ്ടതില്ല; എന്നാൽ തോന്നിവാസികളായ മുസ്‌ലിംകളെ നന്നാക്കിത്തീർക്കാനായി ഈ വകുപ്പിൽ നിന്ന് നല്കാം. ഹൃദയം ഇണക്കപ്പെട്ടവർക്കു സകാത്ത് നല്കണമെന്ന വ്യവസ്ഥ ദുർബലപ്പെട്ടുപോയിരിക്കുന്നു എന്ന ചിലരുടെ അഭിപ്രായം താബിഉകളിൽ പ്രമുഖനായ സുഹ്‌രി അംഗീകരിക്കുന്നില്ല. സയ്യിദ് റശീദ് രിദ്വാ പറയുന്നു: "ഈ വസ്തുത അങ്ങനെ നിലനില്ക്കുന്നു. വിശദാംശങ്ങൾ അതതു കാലത്ത് കൂടിയാലോചിച്ചു വേണ്ടത് ചെയ്യണം." (ഫിക്വ്ഹുസ്സുന്ന)

ക്വുർആൻ നിത്യനൂതനവും നിത്യപ്രസക്തവുമാണ്. ചില

സംഗതികൾ ഒരു കാലത്ത് ഉണ്ടാവുകയും മറ്റൊരിക്കൽ ഇല്ലാതാവുകയും ചെയ്തേക്കാം. നേരെമറിച്ചും. അതുകൊണ്ടൊന്നും ഈ വിഭാഗം ഇപ്പോൾ ഇല്ലെന്നു വാദിച്ചുകൂടാ.

## 5. അടിമകളുടെ വിഷയത്തിൽ

സകാത്ത് ചെലവഴിക്കാവുന്ന മറ്റൊരു വകുപ്പാണ് അടിമകളുമായി ബന്ധപ്പെട്ടത്. മേൽപറഞ്ഞ നാല് ഇനങ്ങളിൽ നിന്ന് വ്യത്യസ്തമാണിത്. ആ നാലു വിഭാഗവും നേരിട്ട് സകാത്ത് അനുഭവിക്കുകയാണ്. എന്നാൽ അടിമകൾക്ക് നേരിട്ടു സകാത്ത് നല്കുന്നില്ല. അതേസമയം അതിന്റെ ഗുണഫലം അനുഭവിക്കുന്നത് അവരാണെന്നുമാത്രം.

ആദ്യകാലത്ത് അടിമത്തം നിലനിന്നിരുന്നു. ഇസ്‌ലാം ഒറ്റയടിക്ക് അടിമത്തം നിരോധിക്കുകയല്ല ചെയ്തത്. അങ്ങനെ ആയിരുന്നെങ്കിൽ അതു വലിയ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധി സൃഷ്ടിക്കുമായിരുന്നു.

സ്വതന്ത്രനായ മനുഷ്യനെ അടിമയാക്കിവയ്ക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അടിമ മോചനത്തിന് فك رقبة (പിരടിമോചനം) എന്നാണ് ക്വുർആൻ പ്രയോഗിച്ചത്. മൃഗങ്ങളുടെ പിരടിയിൽ നുകം വച്ച് നിയന്ത്രിച്ച് പണിയെടുപ്പിക്കുന്നതുപോലെ അടിമത്തത്തിന്റെ നുകം പേറുന്ന മനുഷ്യരെ അതിൽ നിന്നു മോചിപ്പിക്കുക എന്നത് വലിയ പുണ്യകർമമാണെന്ന് ഇസ്‌ലാം പഠിപ്പിച്ചു.

ധർമത്തിന്റെയും സേവനത്തിന്റെയും ദുർഘടമായ മലമ്പാതയായി ക്വുർആൻ വിശേഷിപ്പിച്ച കർമങ്ങളിൽ ഒന്ന് അടിമകളെ മോചിപ്പിക്കുക എന്നതാണ് (90: 11-13). പാപങ്ങൾക്ക് പ്രായശ്ചിത്തമായി കല്പിച്ചതിൽ പ്രധാന പുണ്യകർമവും അടിമമോചനം തന്നെ. അടിമകൾ സ്വന്തം നിലയിൽ യജമാനന് മോചനപത്രം എഴുതിക്കൊടുത്തിട്ട് ക്രമേണ മോചനമൂല്യം നല്കി സ്വതന്ത്രരാവുക, പണമുള്ളവർ അടിമകളെ വാങ്ങി മോചിപ്പിക്കുക, ഉടമകൾ തന്നെ സ്വന്തം നിലയ്ക്ക് പുണ്യം ആഗ്രഹിച്ച് അടിമകളെ മോചിപ്പിക്കുക - ഈ രീതികളെല്ലാം ഇസ്‌ലാം പ്രോത്സാഹിപ്പിച്ചു. ക്രമേണ അടിമത്തം പാടെ വിപാടനം ചെയ്യുക എന്ന ലക്ഷ്യത്തിന്നായി ആവശ്യമെങ്കിൽ സാമ്പത്തിക സഹായത്തിന് സകാത്ത് മുതലിൽ നിന്ന് ഒരംശം ഉപയോഗിക്കാൻ അല്ലാഹു അനുശാസിക്കുന്നു.

തന്റെ യജമാനനുമായി മോചനപത്രം എഴുതി കരാർ ചെയ്തിട്ട് പണം കൊടുക്കാൻ വിഷമിക്കുന്ന അടിമകൾക്കു വേണ്ടി ഇത് ചെലവഴിക്കാം. സകാത്തിൽ നിന്ന് ചെലവഴിക്കുന്ന ഈ പണം അടിമകൾക്ക് അനുഭവിക്കാനായി നല്കുന്നില്ലെങ്കിലും ആത്യന്തികമായി അതിന്റെ ഗുണഭോക്താക്കൾ അടിമകളാണ്. അതുകൊണ്ടാണ് അടിമകൾക്ക് സകാത്ത് നല്കണം എന്നു പറയാതെ 'അടിമകളുടെ വിഷയത്തിൽ' എന്നു പറയാൻ കാരണം. ധർമസമരത്തിൽ ശത്രുപക്ഷത്ത്

അകപ്പെട്ടുപോയ മുസ്‌ലിം തടവുകാരെ മോചിപ്പിക്കുന്നതിനും ഈ ഫണ്ടിൽ നിന്ന് ധനസഹായം നല്കാം. (അല്ലാഹു അഅ്‌ലം)

## 6. കടംകൊണ്ട് വിഷമിക്കുന്നവർ

കടബാധ്യതയാൽ വിഷമമനുഭവിക്കുന്നവർ സകാത്തിന്നർഹരാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. ഇവർ രണ്ടു തരമാണ്. (ഒന്ന്), സ്വന്തം നന്മയ്ക്കുവേണ്ടി കടം വാങ്ങിയിട്ട് അതു വീട്ടാൻ കഴിയാത്തവർ. ഇവരെ ഫകീറോ മിസ്കീനോ ആയി ഗണിക്കാവുന്നതാണ്. (രണ്ട്), മറ്റൊരാളുടെ കടബാധ്യത ഏറ്റെടുത്ത ആൾ. ഒരു വ്യക്തിയുടെയോ മറ്റോ കടബാധ്യത സ്വയം ഏല്ക്കുകയോ മരിച്ച വ്യക്തിക്ക് കടമുണ്ടാവുകയും സ്വത്തില്ലാതിരിക്കുകയും ചെയ്ത അവസ്ഥയിൽ അതിന്റെ ഉത്തരവാദിത്തം ഏല്പിക്കപ്പെടുകയോ, ഏതെങ്കിലും തരത്തിലുള്ള പൊതുആവശ്യത്തിനു വേണ്ടി ബാധ്യതകൾ ഏറ്റെടുക്കുകയോ ചെയ്ത പൊതുപ്രവർത്തകർക്ക് സ്വന്തം നിലയിൽ പാവപ്പെട്ടവരല്ലെങ്കിൽ പോലും സകാത്തിൽ നിന്നു നല്കാം. ഖുർആനിലെ والغارمين എന്ന വാക്കിന്റെ പരിധിയിൽ ഇവരെല്ലാം ഉൾപ്പെടുന്നു.

ഏതെങ്കിലും വ്യക്തികൾ കടബാധ്യതകളുമായി മരിച്ചുപോയാൽ അതു സമൂഹത്തിന്റെ ബാധ്യതയായിത്തീരുന്നു എന്നു പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്.

من ترك مالا فلأهله ومن ترك دينا او ضياعا فإلى وعلى (متفق عليه)

"ആരെങ്കിലും മരിക്കുമ്പോൾ സ്വത്ത് ശേഷിപ്പുണ്ടെങ്കിൽ അത് അയാളുടെ കുടുംബത്തിന്നുള്ളതാണ്. എന്നാൽ കടമോ കുടുംബബാധ്യതയോ ആണ് അയാൾ വിട്ടേച്ചുപോയതെങ്കിൽ അത് എന്നെ അറിയിക്കുക; അതെന്റെ ബാധ്യതയാണ്." ഇങ്ങനെയുള്ള സാമൂഹ്യ പ്രശ്നങ്ങളിൽ സമുദായ നേതൃത്വത്തിനു ബാധ്യതയുണ്ട് എന്നർഥം. ഇത്തരം കാര്യങ്ങൾക്കുവേണ്ടി സകാത്ത് മുതലുകൾ ഉപയോഗപ്പെടുത്താം. ഈ വകുപ്പിലും സ്വീകർത്താവ് നേരിട്ട് ഗുണഭോക്താവല്ല. പ്രശ്നം സാമൂഹികം കൂടിയാണ്.

എന്നാൽ ഇന്നു കാണുന്ന തരത്തിൽ അത്യാവശ്യത്തിനല്ലാതെ വിവിധ ഏജൻസികളിൽ നിന്ന് ലോൺ വാങ്ങി കടം വരുത്തിവച്ചവരോ വരുമാന നികുതി ഉദ്യോഗസ്ഥരെ കബളിപ്പിക്കാൻ വേണ്ടി വൻതുക ബാങ്ക് വായ്പയായി എടുത്ത് റിക്കാർഡ് പ്രകാരം കടക്കാരായവരോ സകാത്ത് ഫണ്ടിൽ നിന്ന് സഹായധനം അർഹിക്കുന്നില്ല.

## 7. അല്ലാഹുവിന്റെ മാർഗത്തിൽ

في سبيل الله എന്നാൽ അല്ലാഹുവിന്റെ വഴിയിൽ എന്നാണർഥം. വിശ്വാസ-പ്രബോധന സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ധർമസമ

രത്തിലേർപ്പെട്ട പോരാളികളെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അവരുടെ ചെലവിനും മറ്റാവശ്യങ്ങൾക്കും വേണ്ടി സകാത്തിൽ നിന്ന് ഒരോഹരി ഉപയോഗപ്പെടുത്താം. ധർമസമര യോദ്ധാവ് സ്വന്തം നിലക്ക് ദരിദ്രനോ സകാത്തിന്നർഹനോ അല്ലെങ്കിൽ പോലും യോദ്ധാവ് എന്ന നിലയിൽ അയാൾക്കത് സ്വീകരിക്കാം. ഇവിടെയും ആവശ്യം സമുദായത്തിന്റേതാണ്.

വിശ്വാസ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സായുധ സമരത്തിനുമപ്പുറം വിശാലമാണ് ജിഹാദിന്റെ മേഖല. ആദർശപരമായി ഇസ്‌ലാമിനെ നേരിടുന്നവരെ അതേ മാർഗത്തിൽ തിരിച്ചടിക്കുന്നതും في سبيل الله തന്നെ. തൂലികകൊണ്ടും മറ്റു മാധ്യമങ്ങൾ മുഖേനയും ഇസ്‌ലാമിനെതിരിലും പ്രവാചകനെതിരിലും വരുന്ന ആക്ഷേപശരങ്ങൾ പ്രതിരോധിക്കുകയും പ്രത്യാക്രമണം നടത്തുകയും ചെയ്യേണ്ടത് എക്കാലത്തും മുസ്‌ലിംകളുടെ ബാധ്യതയാണ്. അത്തരം ആവശ്യങ്ങൾക്കുവേണ്ടിയും സകാത്തിന്റെ വിഹിതം വിനിയോഗിക്കാം.

ഉദാഹരണമായി, ചില പാശ്ചാത്യ ദൃശ്യമാധ്യമങ്ങൾ ഇസ്‌ലാമിക വിശ്വാസങ്ങളെയും സംസ്കാരത്തെയും താറടിച്ച് കാണിക്കാനും കൊച്ചാക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ഇസ്‌ലാമിക ടി വി ചാനൽ സ്ഥാപിക്കാനുള്ള കൂട്ടായ ശ്രമം നടത്തുകയാണെങ്കിൽ അത്തരം കാര്യങ്ങൾക്കുവേണ്ടി മുസ്‌ലിം രാഷ്ട്രങ്ങളിൽ നിന്നും മറ്റുമുള്ള സകാത്തിന്റെ വിഹിതം ഉപയോഗപ്പെടുത്താം. അതെല്ലാം ദൈവമാർഗത്തിലുള്ള സമരത്തിൽ ഉൾപ്പെടുന്നു.

അതേസമയം, ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ നടക്കുന്ന ആഭ്യന്തരവും ബാഹ്യവുമായ കലാപങ്ങളും തെരുവുയുദ്ധങ്ങളും ധർമസമരത്തിന്റെ പട്ടികയിൽ പെടുത്താൻ പറ്റുമോ എന്ന കാര്യം സഗൗരവം ആലോചിക്കേണ്ടതാണ്. അവയിലധികവും ഗ്രൂപ്പുകൾ തമ്മിലുള്ള അധികാര വടംവലിയുമായി ബന്ധപ്പെട്ടതാണ്. പ്രബോധനവുമായി അതിനു ബന്ധമില്ല. സമൂഹത്തിന് നന്മ കൈവരുത്തുന്ന എല്ലാ നല്ല പ്രവർത്തനങ്ങളും ഫീ സബീലില്ലായിൽ ഉൾപ്പെടുമെന്ന പണ്ഡിതാഭിപ്രായവുമുണ്ട്.

## 8. വഴിപോക്കന്റെ കാര്യത്തിൽ

വഴിയുടെ പുത്രൻ എന്നർഥം വരുന്ന ابن السبيل സകാത്ത് നല്കപ്പെടാവുന്ന ഒരു വിഭാഗമാണ്. സ്വന്തം നാടുവിട്ട് ലക്ഷ്യത്തിലെത്തിച്ചേരാതെ വിഷമിക്കുന്നവരെയൊക്കെ ഈ ഗണത്തിൽ പെടുത്താം. യാത്ര അനുവദനീയമായ കാര്യത്തിനു വേണ്ടിയുള്ളതായിരിക്കണമെന്നു മാത്രം. വഴിയിൽ കുടുങ്ങിപ്പോകുന്ന ഇത്തരം പഥികരെ സഹായിക്കാൻ സകാത്തിന്റെ വിഹിതമായ പൊതുമുതൽ ഉപയോഗിക്കാം. ഈ പഥികർ

ഒരുപക്ഷേ സ്വന്തം നാട്ടിലോ ലക്ഷ്യസ്ഥാനത്തോ എത്തിച്ചേർന്നാൽ സമ്പന്നരായിരിക്കുമെങ്കിലും വഴിയിൽ വെച്ച് സ്വന്തം ആവശ്യങ്ങൾക്കുപോലും ബുദ്ധിമുട്ടി എന്നുവരാം.

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കണ്ടുപഠിക്കാൻ വേണ്ടിയും മറ്റും ദീർഘമായി യാത്ര ചെയ്യാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. യാത്രയിൽ കുടുങ്ങിപ്പോയവർക്കു സകാത്ത് ഫണ്ടിൽ നിന്നു ധനസഹായം നല്കാനും കല്പിക്കുന്നു. ഇസ്‌ലാമിന്റെ വിശാലമായ കാഴ്ചപ്പാട് എത്ര മഹത്തരം! മുസ്‌ലിംകളാകട്ടെ ഈ വക കാര്യങ്ങൾ തീരെ അവഗണിക്കുകയോ അറിയാതെ പോവുകയോ ചെയ്തിരിക്കുകയാണ്. ഖുർആനിന്റെ ആഹ്വാനം ശ്രദ്ധാർഹമാണ്:

‘‘ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ചു മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്; നെഞ്ചകത്തുള്ള ഹൃദയങ്ങളെയാണ്.” (22:46)

ഇതേ ആശയത്തിൽ വേറെയും ആയത്തുകൾ കാണാം. തുർമുദി ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം വായിക്കാം:

من خرج فى طلب العلم فهو فى سبيل الله حتى يرجع (الترمذى)

“ഒരാൾ വിദ്യ തേടി യാത്രപോയാൽ മടങ്ങുന്നതുവരെ അയാൾ ദൈവമാർഗത്തിലത്രെ.”

## സകാത്ത് വീതിക്കൽ

എല്ലാ വിഭാഗവും എല്ലാ കാലത്തും എല്ലായിടത്തും ഉണ്ടാകണമെന്നില്ല. അതതു നാട്ടിലെ സ്ഥിതിയും ആവശ്യവും അനുസരിച്ച് ഏത് വിഭാഗത്തിനാണോ മുൻഗണന നല്കേണ്ടത് എന്ന് തീരുമാനിക്കുകയും അങ്ങനെ കൈകാര്യം ചെയ്യുകയുമാണ് വേണ്ടത്.

എന്നാൽ ഈ എട്ടു വകുപ്പിന് പുറത്ത് സകാത്തിന്റെ മുതലുകൾ ചെലവഴിച്ചുകൂടാ. ഇസ്‌ലാമിക രാഷ്ട്രമായിരുന്നാൽ പോലും അതിന്റെ ഭരണ നിർവഹണ കാര്യത്തിനോ മറ്റോ ഇതിൽ നിന്നെടുത്തുകൂടാ. വ്യക്തിപരമായ ആരാധന നിർവഹിക്കാനും സകാത്തെടുത്തുകൂടാ. ഹജ്ജിനു പോകാനായി സകാത്ത് മുതൽ സ്വീകരിക്കാവതല്ല. കാരണം, സകാത്ത് വാങ്ങുന്നവന് ഹജ്ജ് നിർബന്ധമില്ല.

പ്രവാചകനും കുടുംബത്തിനും സകാത്ത് മുതൽ അനുവദനീയമല്ല. സമൂഹത്തിന്റെ നേതാവ് ധനം പിരിച്ചെടുത്ത് അതിൽ ഉപജീവനം കണ്ടെത്തുക എന്ന ചൂഷണം ഇസ്‌ലാം അംഗീകരിക്കുന്നില്ല. പൗരോഹിത്യത്തിനു യാതൊരു പഴുതുമില്ലാത്ത ഇസ്‌ലാമിക നിയമങ്ങൾ തുറന്ന പുസ്തകം പോലെ ആർക്കും വ്യക്തമായി മനസ്സിലാക്കാം. അതു മനസ്സിലാക്കാനും പ്രയോഗത്തിൽ കൊണ്ടുവരാനുമുള്ള ശ്രമമാണ്

മുസ്‌ലിംകളുടെ ഭാഗത്ത് നിന്നുണ്ടാവേണ്ടത്.

സമൂഹത്തിൽ പലതരം വിദ്യനേടിയ പണ്ഡിതന്മാർ ആവശ്യമാണ്. ഈ സാമൂഹിക താല്പര്യം നിറവേറ്റാൻ വേണ്ടി അത്തരം സ്ഥാപനങ്ങൾ നടത്താൻ സകാത്തിന്റെ അംശം في سبيل الله എന്ന നിലയിൽ ഉപയോഗിക്കാം. എന്നാൽ പണ്ഡിതനായി എന്നതുകൊണ്ട് ഒരാൾ സകാത്തിന് അർഹനായിത്തീരുന്നില്ല.

## കാലപരിധിക്ക് മുമ്പ് കൊടുക്കൽ

സമയപരിധിക്കു മുമ്പ് സകാത്ത് നല്കുന്നതിനു വിരോധമുണ്ടോ എന്ന കാര്യത്തിൽ ഭിന്ന വീക്ഷണങ്ങളുണ്ട്. സകാത്ത് നിർബന്ധമാകുന്നതിന് കൊല്ലം തികയൽ നിബന്ധന (ശർത്വ്) ആയതിനാൽ അതിനു മുമ്പ് നല്കുന്നത് ശരിയല്ല എന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

എന്നാൽ നന്മ വേഗം ചെയ്യൽ ഉത്തമമാണ്. അതിനാൽ സമയത്തിനു മുമ്പു തന്നെ നല്കുന്നതിന് വിരോധമില്ല എന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്.

യഥാർഥത്തിൽ സകാത്തിന്റെ കാര്യത്തിൽ ദായകന്ന് വിഷമമോ ഗുണഭോക്താവിന് അവകാശ നിഷേധമോ ഉണ്ടാകാത്ത രീതിയിൽ ആകണമെന്നേയുള്ളൂ. لا ضرر ولا ضرار "ബുദ്ധിമുട്ടുണ്ടാകരുത്, ബുദ്ധിമുട്ടിക്കുകയുമരുത്" (ഇബ്നുമാജ) എന്ന നബിവചനമാണിതിന്റെ പൊതുതത്വം.

അബ്ബാസി(റ)ൽ നിന്ന് രണ്ടു വർഷത്തെ സകാത്ത് മുൻകൂട്ടി നബി(സ്വ) വാങ്ങിയതായി അബൂദാവൂദ് ഉദ്ധരിച്ച ഹദീഥിൽ വന്നിട്ടുണ്ട്. സമൂഹത്തിന്റെ അവസ്ഥ പരിഗണിച്ച് കൈകാര്യകർത്താക്കൾക്ക് തീരുമാനിക്കാവുന്ന വിഷയമാണിതെന്ന് ഈ ഹദീഥ് സൂചിപ്പിക്കുന്നു.

# ശേഖരണവും വിതരണവും

നബി(സ്വ)യുടെ കാലത്ത് സകാത്ത് ശേഖരിക്കാൻ ആളുകളെ പറഞ്ഞയക്കാറുണ്ടായിരുന്നു. ചിലർ നബി(സ്വ)യെ നേരിട്ട് ഏല്പിക്കുകയും ചെയ്തിരുന്നു. സകാത്ത് നല്കുന്നവർക്ക് ഗുണത്തിന്നായി നബി(സ്വ) പ്രാർഥിക്കാറുണ്ടായിരുന്നു. ഖുർആൻ പറയുന്നു:

"അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരിൽ നിന്നു നീ വാങ്ങുക. അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. നിന്റെ പ്രാർഥന അവർക്കു ശാന്തി നല്കും." (9:103)

അബൂഔഫ(റ) തന്റെ സകാത്ത് നബി(സ്വ)യെ ഏല്പിച്ചപ്പോൾ

اللهم صل على آل أبى أوفى

"അല്ലാഹുവേ, അബൂഔഫായുടെ കുടുംബത്തിന് നീ കരുണ ചെയ്യേണമേ'' എന്ന് നബി(സ്വ) പ്രാർഥിച്ചിരുന്നതായി ഹദീഥിൽ വന്നിട്ടുണ്ട്.

ദാതാക്കളിൽ നിന്നു സകാത്ത് സ്വീകരിക്കുകയും സമൂഹത്തിലെ അർഹരായവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യാൻ സമുദായ നേതൃത്വത്തോട് പ്രവാചകൻ ആവശ്യപ്പെടുന്നു.

تؤخذ من أغنيائهم وترد على فقرائهم (البخارى)

"അവരിലെ ധനികരിൽ നിന്ന് അത് സ്വീകരിക്കുകയും അവരിലെ ദരിദ്രർക്ക് അത് നല്കുകയും വേണം.'' വ്യക്തികൾ പരസ്പരമുള്ള ഇടപാടല്ല അത്. ധനികർ ദരിദ്രർക്ക് നേരിട്ട് നല്കലല്ല. അവർക്കിടയിൽ പ്രവർത്തിക്കുന്ന മൂന്നാമതൊരു വിഭാഗം വേണം. നബി(സ്വ) മുആദി(റ)നെ ഇസ്‌ലാമിക പ്രബോധനത്തിനായി യമനിലേക്കയച്ചപ്പോൾ നല്കിയ ഉപദേശം ശ്രദ്ധാർഹമാണ്:

ان رسول الله(ص) لما بعث معاذا الى اليمن قال إنك تقدم على قوم

أهل كتاب فليكن أول ما تدعوهم إليه عبادة الله فإذا عرفوا الله فأخبرهم ان الله قد فرض عليهم خمس صلوات فى يومهم وليلتهم فإذا فعلوا الصلاة فأخبرهم ان الله قد فرض عليهم زكاة من أموالهم وترد على فقرائهم فإذا أطاعوا بها فخذمنهم وتوق كرائم أموال الناس (البخارى ١٤٨٨)

"അല്ലാഹുവിന്റെ ദൂതൻ മുആദിനെ യമനിലേക്ക് നിയോഗിച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ വേദക്കാരായ ഒരു സമൂഹത്തിലേക്കാണ് ചെല്ലുന്നത്. ആദ്യമായി അവരെ ക്ഷണിക്കേണ്ടത് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കാണ്. അല്ലാഹുവിനെ അവർ മനസ്സിലാക്കിക്കഴിഞ്ഞാൽ, ഒരു രാത്രിയിലും പകലിലുമായി അഞ്ചു നേരത്തെ നമസ്കാരം അല്ലാഹു അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്നു പറയുക. നമസ്കാരം അവർ നിർവഹിക്കാൻ തുടങ്ങിയാൽ, അവരുടെ ധനത്തിൽ അല്ലാഹു സകാത്ത് നിർബന്ധമാക്കിയിരിക്കുന്നുവെന്നും അവരിലെ ദരിദ്രർക്ക് വിതരണം ചെയ്യപ്പെടണമെന്നും താങ്കളവരെ അറിയിക്കുക. അതവർ അംഗീകരിച്ചാൽ താങ്കൾ അവരിൽ നിന്ന് സകാത്ത് സ്വീകരിക്കുക. സകാത്ത് സ്വീകരിക്കുമ്പോൾ ആളുകളുടെ ഏറ്റവും മുന്തിയ മുതൽ എടുക്കുന്നത് സൂക്ഷിക്കുക." (ബുഖാരി)

തൗഹീദും നമസ്കാരവും അംഗീകരിക്കുന്നവരോട് പിന്നീട് സകാത്തിന്റെ കാര്യമാണ് പ്രബോധനം ചെയ്യേണ്ടതെന്നും അവർ അത് അംഗീകരിച്ചുകഴിഞ്ഞാൽ സമൂഹനേതൃത്വം അത് സ്വീകരിക്കുകയും അർഹരായവർക്ക് എത്തിക്കുകയും ചെയ്യുകയാണ് വേണ്ടത് എന്നും ഇതിൽ നിന്നു മനസ്സിലാക്കാം. പ്രവാചകൻ യമനിലേക്ക് പ്രതിനിധിയെ അയച്ച് ആളുകളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ച് അവരിൽ നിന്നു സകാത്ത് വാങ്ങി തലസ്ഥാന നഗരിയെ(മദീന) സമ്പന്നമാക്കാനല്ല, മറിച്ച് അവർക്കിടയിലെത്തന്നെ പാവങ്ങൾക്ക് നല്കാനാണു നിർദേശിക്കുന്നത്. സകാത്ത് ഓരോ സമൂഹത്തിന്റെയും നന്മയ്ക്ക് ഉതകണമെന്ന കാര്യത്തിൽ ഇസ്‌ലാം നിഷ്കർഷ പുലർത്തുന്നു എന്നർഥം.

സകാത്ത് വ്യക്തിഗത ബാധ്യത (ഫർദ് ഐൻ) തന്നെയെങ്കിലും അതിന്റെ നിർവഹണം വ്യക്തിപരമായി ചെയ്യേണ്ടതല്ല. സാമൂഹികമായി നിർവഹിക്കേണ്ടതാണ്.

പ്രവാചക(സ്വ)ന്നു ശേഷം ഖലീഫമാരും ഇത് തുടർന്നുപോന്നു. സകാത്തു പിരിച്ചെടുക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കാര്യത്തിൽ കണിശത പുലർത്തി. വ്യക്തികൾ വ്യക്തികൾക്ക് നേരിട്ട് സകാത്ത് കൊടുക്കുന്ന സ്ഥിതി സച്ചരിതരായ ഖലീഫമാരുടെ കാലത്ത് ഉണ്ടായിട്ടില്ല.

സകാത്തിന്റെ ശേഖരണത്തിലും വിതരണത്തിലും ഏർപ്പെടുന്ന

ആളുകൾക്കു വേണ്ടുന്ന ചെലവുകൾക്കും അത് സൂക്ഷിക്കാൻ വേണ്ട സൗകര്യത്തിനും വേണ്ടി ഒരു വിഹിതം സകാത്തിൽ നിന്നു തന്നെ അല്ലാഹു നീക്കിവെച്ചിട്ടുണ്ട്. സകാത്തിന് അർഹതപ്പെട്ടവരുടെ കൂട്ടത്തിൽ സകാത്തിന്റെ മാർഗത്തിൽ പണിയെടുക്കുന്നവരും (9:60) ഉൾപ്പെട്ടിരിക്കുന്നു. വ്യക്തികൾ വ്യക്തികൾക്കു നല്കുകയാണെങ്കിൽ ഈ വിഭാഗത്തിനു പ്രസക്തി നഷ്ടപ്പെടുന്നു.

സകാത്തുകൊണ്ട് സമൂഹത്തിന്റെ ആത്മീയ വിശുദ്ധിയും സാമ്പത്തിക സുസ്ഥിതിയും ഇസ്‌ലാം ഉദ്ദേശിക്കുന്നു. സമ്പന്നർ സംഘടിച്ച് കൃത്യമായി സകാത്ത് നല്കിക്കഴിഞ്ഞാൽ ആ സമൂഹത്തിൽ നിന്ന് ദാരിദ്ര്യം എന്നെന്നേക്കുമായി തുടച്ചുനീക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ചരിത്രം അതിനു സാക്ഷിയാണ്.

## സർവത്ര ഐശ്വര്യം

നബിക്കു ശേഷം ഖലീഫമാരുടെ കാലത്തും അതു തുടർന്നുവന്നു. സകാത്ത് വാങ്ങാൻ ആളില്ലാത്ത അവസ്ഥ കൈവരിച്ചു എന്നത് അതിശയോക്തിയായി തോന്നാം. രണ്ടാം ഖലീഫ ഉമറി(റ)ന്റെ ഭരണ കാലത്ത് യമനിൽ നിന്ന് ഗവർണർ സകാത്തു മുതലുകൾ തലസ്ഥാന (മദീന)ത്തേക്കയച്ചു. ഖലീഫ പറഞ്ഞു: ترد على فقرائهم(അവരിലെ ദരിദ്രർക്ക് നല്കണം) എന്നല്ലേ നിർദേശം. താങ്കളെന്തിന് അതിങ്ങോട്ടയച്ചു? ഗവർണർ മുആദി(റ)ന്റെ മറുപടി:

ما بعثت اليك بشيء وانا اجد من يأخذه منى (كتاب الأموال)

"എന്നിൽ നിന്നു സകാത്ത് സ്വീകരിക്കാൻ ആളില്ലാത്തതിനാലാണ് ഞാനിത് അങ്ങോട്ടയക്കുന്നത്."

ഉമറുബ്നു അബ്ദിൽ അസീസി(റ)ന്റെ ഭരണകാലത്ത് ഇറാഖിലെ ഗവർണറായ അബ്ദുൽഹമീദ് ഖലീഫയ്ക്കെഴുതി: പൊതുഖജനാവിൽ (ബൈതുൽമാൽ) പണം കുമിഞ്ഞുകൂടുകയാണ്. നാട്ടുകാരുടെ മുഴുവൻ കടം വീട്ടിയിട്ടും, കണ്ടെത്തിയ മുഴുവൻ അവിവാഹിതരെയും വിവാഹത്തിന് സഹായിച്ചിട്ടും പണം ബാക്കിയാണ്. (കിതാബുൽ അംവാൽ)

കേവലം ഭൗതികമായ ഒരു സാമ്പത്തിക വ്യവസ്ഥയിലെ കണിശമായ നിയമങ്ങളിലൂടെയല്ല ഈ അവസ്ഥ സംജാതമായത്. സകാത്ത് വാങ്ങാൻ ആളില്ല എന്നു പറഞ്ഞാൽ ആ നാട്ടുകാർ മുഴുവൻ കോടീശ്വരന്മാരായി എന്നർഥമില്ല.

لا زكاة إلا عن ظهر غنى (البخارى)

"ഐശ്വര്യത്തോടെയല്ലാതെ സകാത്ത് നിർബന്ധമില്ല" എന്ന് പറഞ്ഞ പ്രവാചകൻ മറ്റൊരിക്കൽ പറഞ്ഞു:

ليس الغنى عن كثرة العرض ولكن الغنى غنى النفس (مسلم)

"വിഭവ സമൃദ്ധിയല്ല ഐശ്വര്യം. യഥാർഥ ഐശ്വര്യം മനസ്സിന്റെ

ഐശ്വര്യമാണ്.” അടിസ്ഥാന ചെലവ് കഴിച്ച് ബാക്കിയുള്ളതിൽ നിന്ന് ചെലവഴിക്കാൻ തയ്യാറായ സമൂഹത്തിലാണ് സകാത്ത് വാങ്ങാൻ ആളില്ലാതിരുന്നത്. 200 ദിർഹം മിച്ചമുള്ളവൻ സകാത്ത് വാങ്ങുകയില്ല. എന്നുമാത്രമല്ല, അതിന്റെ രണ്ടര ശതമാനം സകാത്തു നല്കുകയും ചെയ്യും. 590 ഗ്രാം വെള്ളിയുടെ വില കൈവശമുള്ളവരൊക്കെ സകാത്ത് നല്കാൻ തയ്യാറായാൽ ഈ അവസ്ഥ നമുക്കും അപ്രാപ്യമല്ല. സകാത്ത് കേവലം പണമിടപാടല്ല, മാനസിക വിശുദ്ധിയാണ് അതിൽ മുഖ്യമായിട്ടുള്ളത്.

എന്നാൽ പണക്കാരൻ പാവപ്പെട്ടവന് നേരിട്ട് വ്യക്തിപരമായി സകാത്ത് കൊടുക്കുകയാണെങ്കിൽ സാമൂഹികവും മാനസികവുമായ ഈ നേട്ടം കൈവരിക്കാൻ കഴിയില്ല എന്ന് മാത്രമല്ല, അതിൽ അനേകം അനർഥങ്ങൾ ഉണ്ടാവുകയും ചെയ്യും.

വ്യക്തികൾ നല്കുമ്പോൾ പലതരം പരിഗണനകൾ വേണ്ടിവരും. ശരിയായ നീതി കൈവരില്ല. അർഹരായവർക്കെല്ലാം കിട്ടിക്കൊള്ളണമെന്നില്ല. ലഭിക്കുന്നവന് കൂടുതൽ ലഭിച്ചെന്നുവരാം. ചില ആളുകൾക്ക് തീരെ നിഷേധിക്കപ്പെട്ടെന്നും വരാം. കാരണം, ദാതാക്കളുടെ പരിമിതി തന്നെ. അതിനൊക്കെ പുറമെ മാനസികമായ ചില പ്രശ്നങ്ങൾ കൂടിയുണ്ട്. എത്ര തന്നെ സൂക്ഷിച്ചാലും ദാതാവിന് ഉൽക്കർഷവും സ്വീകർത്താവിന് അപകർഷവും സ്വാഭാവികമാണ്. അതിന്റെ അനന്തരഫലം ദാതാവിന്റെ ചൂഷണവും അപരന്റെ വിധേയത്വവുമാണ്. സകാത്തിന്റെ ഇസ്‌ലാമികമായ വിതരണത്തിൽ അർഹരായവർക്ക് എല്ലാം കിട്ടുന്നു. ആവശ്യമായവരെ കൂടുതൽ പരിഗണിക്കാൻ കഴിയുന്നു. എത്തിച്ചു കൊടുക്കുന്നവൻ കൂലിക്കാരൻ മാത്രം. അതവന്റേതല്ല. സമൂഹത്തിന്റേതാണ്. അപകർഷവും ചൂഷണവും ഉണ്ടാകുന്നില്ല. അല്ലാഹുവിന്റെ നിയമങ്ങൾ എത്ര പരിശുദ്ധവും പ്രായോഗികവും!

ഇസ്‌ലാമിന്റെ ചൈതന്യം അല്പാല്പമായി മുസ്‌ലിംകളിൽനിന്ന് ക്ഷയിച്ചപ്പോൾ എല്ലാ രംഗത്തും വീഴ്ചകൾ സംഭവിച്ചു. വിശ്വാസത്തിലും കർമരംഗത്തും പാളിച്ചകൾ വന്നു. ആ കൂട്ടത്തിൽ സകാത്തിന്റെ രംഗവും അലംഭാവത്തിനു വിധേയമായി. ശരിയായ രീതിയിൽ സംഘടിപ്പിക്കാൻ ആളില്ലാതായി. അപ്പോൾ ദൈവബോധമുള്ള വ്യക്തികൾ തങ്ങളുടെ മുതലിന്റെ സകാത്ത് സ്വന്തം നിലയിൽ കൊടുത്തുതുടങ്ങി.

നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ആളുകൾ തെറ്റ് ശരിയായി ധരിച്ചു. ഒറ്റയ്ക്കൊറ്റയ്ക്ക് സകാത്ത് നല്കുകയാണ് വേണ്ടത്, സംഘടിതമായിട്ടല്ല എന്നു ധരിച്ചുവശായി. യഥാർഥ നബിചര്യ ജനങ്ങൾക്ക് അജ്ഞാതമായി. ചരിത്രത്തിലെ ഏതു അവസരത്തിലാണ് ഇതിന് വ്യതിയാനം സംഭവിച്ചത് എന്ന് കൃത്യമായി പറയാൻ കഴിയില്ല. മൂന്നാം ഖലീഫ ഉഥ്മാന്റെ(റ) ഭരണകാലത്തിന്റെ ഒടുവിൽ നാട്ടിൽ ചെറിയതോതിൽ അരാജകത്വവും രാഷ്ട്രീയ ശൈഥില്യങ്ങളും ഉടലെടുത്ത സമയത്ത് പുറമെ നിന്ന് തിട്ടപ്പെടുത്താൻ പറ്റാത്ത ചരക്ക്, നിധി തുടങ്ങിയവക്ക് മുതലുടമ തന്നെ

സകാത്ത് നല്കുകയും ഫലങ്ങൾ, ധാന്യങ്ങൾ കാലികൾ തുടങ്ങിയവയ്ക്കുള്ള സകാത്ത് ഖലീഫയുടെ ഉദ്യോഗസ്ഥന്മാരെ ഏല്പിക്കുകയും ചെയ്തിരുന്നതായി സയ്യിദ് സാബിക് രേഖപ്പെടുത്തുന്നു. (ഫിക്വ്ഹുസ്സുന്ന വാള്യം 3, പേജ് 140)

എന്നാൽ ഉമർ ബിൻ അബ്ദിൽഅസീസി(റ)ന്റെ കാലത്തും മറ്റും സകാത്ത് വിതരണം കൃത്യമായിത്തന്നെ നടന്നിരുന്നു. ഏതായിരുന്നാലും പിൽക്കാലത്ത് സംഘടിതമായി സകാത്ത് നല്കിക്കൂടാ എന്നുപോലും ആളുകൾ ധരിച്ചുവച്ചു! റസൂലിന്റെ ചര്യ സകാത്തിന്റെ കാര്യത്തിൽ എങ്ങനെയായിരുന്നുവെന്നു നോക്കാൻ പോലും സമുദായം മടിച്ചു. നമ്മുടെ നാട്ടിലും ഈ ചിന്താഗതിക്ക് വേരോട്ടം കിട്ടിയിരിക്കുന്നു. സകാത്ത് സാമൂഹികമായി നിർവഹിക്കണമെന്നത് നൂതനവാദമാണ് എന്നുപോലും ചിലർ പറയുന്നു. അത്രമാത്രം അജ്ഞതയിൽ മുസ്ലിംകൾ അകപ്പെട്ടുപോയി.

## പൗരോഹിത്യത്തിന്റെ പങ്ക്

സകാത്ത് ഓരോ വ്യക്തിയും ഒറ്റയ്ക്ക് നല്കിയാൽ മതിയെന്ന ചിന്താഗതി അജ്ഞതയുടെ ഫലമാണ്. പൗരോഹിത്യം അതിനെ പാലൂട്ടുകയും ചെയ്യുന്നു. സമുദായത്തിന്റെ അജ്ഞത ചൂഷണം ചെയ്യുന്ന പൗരോഹിത്യം ഇവിടെയും അവരുടെ പങ്ക് നിർവഹിച്ചു. സകാത്ത് കൊടുക്കാൻ കടപ്പെട്ട ധനികരും അത് കണക്കുപറഞ്ഞ് അർഹതപ്പെട്ടവർക്ക് വാങ്ങിക്കൊടുക്കേണ്ട പണ്ഡിതന്മാരും ഒരുതരം ഒത്തുകളി നടത്തി. ഈ പണ്ഡിതന്മാർക്ക് സകാത്തിൽ നിന്ന് ഓഹരി കിട്ടിത്തുടങ്ങി. അവർ പണക്കാരുടെ ആശ്രിതരായിത്തീർന്നു. സത്യം തുറന്നുപറയാനുള്ള ആർജവം നഷ്ടപ്പെട്ടു. അതിന്റെ ഫലമായി പാവപ്പെട്ടവരുടെ അവകാശമായി ഇസ്ലാം കല്പിച്ച സകാത്ത് പണക്കാരന്റെ 'ഔദാര്യം'പോലെ ആയിത്തീർന്നു. അങ്ങനെയാണ് പണക്കാരന്റെ വീട്ടുപടിക്കൽ പാവപ്പെട്ടവൻ സകാത്തിനുവേണ്ടി നാണംകെട്ടു നില്ക്കേണ്ട ഗതികേടു വന്നത്. അതിൽ മതപണ്ഡിതന്മാർക്കു ഗണ്യമായ പങ്കുണ്ട്.

ان كثيرا من الأحبار والرهبان ليأكلون أموال الناس بالباطل

"പണ്ഡിതന്മാരിൽ നിന്നും പുരോഹിതന്മാരിൽ നിന്നും ധാരാളം പേർ ജനങ്ങളുടെ മുതലുകൾ അന്യായമായി ഭക്ഷിക്കുന്നു'' എന്ന് ജൂതന്മാരെപ്പറ്റി ക്വുർആൻ പറഞ്ഞത് നമ്മുടെ സമുദായത്തിനും ഏറെക്കുറെ ബാധകമായിത്തീരുന്നു.

സകാത്ത് ഇമാമിന്ന് അല്ലെങ്കിൽ അധികാരിക്ക്(സുൽത്വാൻ) നല്കാനാണ് ഹദീഥിൽ പറയുന്നത്. ഇന്ത്യയെപ്പോലെയുള്ള ഇസ്ലാമികേതര രാജ്യത്ത് ഇമാമില്ലാത്തതിനാൽ വ്യക്തികൾ കൊടുക്കുകയാണ് വേണ്ടത് എന്ന് ചില ആളുകൾ വാദിക്കാറുണ്ട്. ഈ വാദം അപകടക

രമാണ്. നബിയുടെ വിയോഗത്തോടെ ഒരു പറ്റം ആളുകൾ സകാത്ത് നിഷേധിച്ചു. خذ من اموالهم صدقة "നീ അവരുടെ ധനത്തിൽ നിന്ന് സകാത്ത് സ്വീകരിക്കുക" എന്ന് നബി(സ്വ)യോടാണ് പറഞ്ഞത്. നബി മരിച്ചു. ഇനി സകാത്ത് നല്കേണ്ടതില്ല. ഇതായിരുന്നു അവരുടെ വാദം. എന്നാൽ പ്രകൃത്യാ ശാന്തസ്വഭാവിയായ അബൂബക്ർ(റ) ഇവർക്കെതിരെ കർശന നിലപാട് സ്വീകരിച്ചു.

പ്രവാചകന്റെ വിയോഗത്തോടെ സാമൂഹ്യബാധ്യത തീരുന്നില്ല എന്നർഥം. റസൂലും ഖലീഫമാരും തന്നെയായിരുന്നു ജുമുഅക്കും ജമാഅത്തിനും നേതൃത്വം നല്കിയിരുന്നത്. പെരുന്നാൾ നമസ്കാരം, ഗ്രഹണ നമസ്കാരം, മഴക്കുവേണ്ടിയുള്ള നമസ്കാരം തുടങ്ങിയവയ്ക്ക് നേതൃത്വം നല്കിയതും ഭരണാധികാരികൾ തന്നെ. രക്ഷാധികാരി (വലിയ്യ്) യില്ലാത്ത പെൺകുട്ടിയെ വിവാഹം ചെയ്തുകൊടുക്കേണ്ട ചുമതലയും വിവാഹം ദുർബലപ്പെടുത്താനുള്ള അധികാരവും ഭരണാധികാരിക്കു തന്നെയാണല്ലോ. എന്നാൽ ഭരണമില്ലാത്തതിന്റെ പേരിൽ മേൽ പറഞ്ഞവ ഒന്നും വേണ്ടെന്നുവയ്ക്കാൻ പറ്റുമോ? ഇന്ന് നമ്മുടെ നാട്ടിൽ ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് മഹല്ലിലെ ക്വാദ്വിയും ഉത്തരവാദപ്പെട്ടവരുമാകുന്നു. അതിനാൽ സകാത്ത് നിർവഹിക്കേണ്ടതും ക്വാദ്വിയോ ക്വാദ്വി നിശ്ചയിക്കുന്ന സമിതിയോ ആണ്. അതാണ് ചില മഹല്ലുകളിൽ നിലവിലുള്ള സകാത്ത് കമ്മിറ്റികൾ. കേരളത്തിൽ അനേകം മഹല്ലുകളിൽ സകാത്ത് കമ്മിറ്റികളും സകാത്ത് സെല്ലുകളും സ്തുത്യർഹമായ സേവനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്നു. അതു നാട്ടിലൊക്കെ വ്യാപിക്കുകയാണെങ്കിൽ എന്തെല്ലാം പരിവർത്തനങ്ങൾക്കു സാധിച്ചേനെ!

## പള്ളികളും സകാത്ത് കമ്മിറ്റികളും

നബി(സ്വ) മസ്ജിദുന്നബവി കേന്ദ്രമാക്കിയായിരുന്നു സകാത്ത് സംഭരണവും വിതരണവും നടത്തിയിരുന്നത്. നമ്മുടെ നാട്ടിലെ പള്ളികൾ നമസ്കാരം കഴിഞ്ഞ് അടച്ചിടുന്ന പരിതോവസ്ഥയാണിന്ന്. എന്നാൽ സകാത്ത് പോലുള്ള കാര്യങ്ങൾ പള്ളി കേന്ദ്രീകരിച്ച് സംഘടിപ്പിക്കുകയാണെങ്കിൽ നമ്മുടെ സാംസ്കാരിക കേന്ദ്രം കൂടിയായ പള്ളികൾ സജീവമാകുമായിരുന്നു. പള്ളി പരിപാലകർ നമസ്കാരവും സകാത്തും നിർവഹിക്കുന്ന സത്യവിശ്വാസികളായിരിക്കണമെന്നാണ് ക്വുർആൻ പറഞ്ഞത്:

"അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കേണ്ടത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നല്കുകയും അല്ലാഹുവെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാണ്" (9:18). പള്ളിപരിപാലനവും നമസ്കാരവും സകാത്തും എല്ലാം ബന്ധപ്പെട്ട കാര്യങ്ങളാണെന്നർഥം.

## കൊടുക്കേണ്ടത് അധികാരികൾക്കു തന്നെ

സകാത്ത് കമ്മിറ്റികൾക്കു സകാത്ത് നല്കുന്നതിനെതിരെ ചില വാദങ്ങൾ ഉന്നയിക്കപ്പെടാറുണ്ട്. അതായത് അത് നീതിപൂർവകമായി ക്കൊള്ളണമെന്നില്ല, സ്വാർഥത്തിനു വേണ്ടി വിനിയോഗിക്കപ്പെടാം, സകാത്ത് മുതൽ അനർഹമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടാം എന്നിങ്ങനെ പല ന്യായങ്ങളും.

മുസ്‌ലിംകൾക്ക് ഒരു നേതാവുണ്ടായിരിക്കെ, അയാൾ നീതിമാനായാലും അക്രമിയായാലും അയാൾക്കോ അയാൾ നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ സകാത്ത് നല്കിയാൽ സകാത്ത് ദാതാവിന്റെ ബാധ്യത തീർന്നു എന്നു മുസ്‌ലിംലോകം അംഗീകരിച്ചതാണ്. (ഫിഖ്ഹുസ്സുന്ന)

അനസ്(റ) പറഞ്ഞതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: "ബനൂ തമീമിൽ നിന്ന് ഒരാൾ വന്ന് നബി(സ്വ)യോട് പറഞ്ഞു: തിരുദൂതരേ, നിങ്ങളുടെ ദൂതന്ന് സകാത്ത് നല്കിക്കഴിഞ്ഞാൽ അല്ലാഹുവിനോടും റസൂലിനോടുമുള്ള എന്റെ ബാധ്യത തീരുമോ? റസൂൽ(സ്വ) പറഞ്ഞു: അതേ. നീ എന്റെ ദൂതന്നു സകാത്ത് ഏല്പിച്ചുകഴിഞ്ഞാൽ നിന്റെ ബാധ്യത തീർന്നു. നിനക്കു പ്രതിഫലമുണ്ട്. അതിൽ തിരിമറി നടത്തുന്നവന് അതിന്റെ തിക്തഫലവും ഉണ്ട്."

വാഇലുബ്നു ഹുജ്‌റിൽ(റ)ൽ നിന്ന് മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥ് ഇങ്ങനെയാണ്:

سمعت رسول الله(ص) ورجل يسأله فقال أرأيت إن كان علينا أمراء يمنعوننا حقنا ويسألوننا حقهم؟ فقال إسمعوا وأطيعوا فإنما عليهم ما حملوا وعليكم ما حملتم (مسلم)

"നബിയോട് ഒരാൾ ചോദിക്കുന്നത് ഞാൻ കേട്ടു. ഞങ്ങളുടെ നേതാക്കൾ ഞങ്ങളുടെ അവകാശങ്ങൾ തടയുകയും അവരുടെ അവകാശം ചോദിച്ചുവാങ്ങുകയുമാണെങ്കിലോ? പ്രവാചകൻ ഉത്തരം നല്കി: നിങ്ങൾ കേൾക്കുക, അനുസരിക്കുക. അവരുടെ ചുമതല അവരാണ് നിർവഹിക്കേണ്ടത്. നിങ്ങളുടെ ചുമതല നിങ്ങളും." (മുസ്‌ലിം)

ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇങ്ങനെയാണ്:

إنكم سترون بعدى اثرة وأمورا تنكرونها قالوا فما تأمرنا يا رسول الله قال أدوا إليهم حقهم واسألوا الله حقكم (البخارى)

പ്രവാചകൻ(സ്വ) പറഞ്ഞു: "എനിക്ക് ശേഷം സ്വാർഥതയും നിങ്ങൾ വെറുക്കുന്ന ഒട്ടേറെ കാര്യങ്ങളും (സമൂഹത്തിൽ) നിങ്ങൾ കണ്ടേക്കാം. സ്വഹാബികൾ ചോദിച്ചു: അപ്പോൾ ഞങ്ങൾ എന്തു ചെയ്യണമെന്നാണ് അവിടുന്നു കല്പിക്കുന്നത്? പ്രവാചകൻ പ്രതിവചിച്ചു: അവരുടെ അവകാശങ്ങൾ നിങ്ങൾ അവരിലേക്ക് എത്തിക്കുക. നിങ്ങൾക്കവകാശപ്പെട്ടത് നിങ്ങൾ അല്ലാഹുവിനോട് ചോദിക്കുക." (ബുഖാരി)

ഭരണാധികാരികളുടെ ദുസ്വഭാവത്തെയും മറ്റും സൂചിപ്പിക്കുകയാണിവിടെ. എന്നിട്ടും അവരെ അനുസരിക്കണമെന്നും കൊടുക്കേണ്ടത് കൊടുക്കണമെന്നും കല്പിക്കുന്നു. ഈ സന്ദർഭത്തിൽ പോലും സകാത്ത് വ്യക്തികൾ തന്നെ നല്കിക്കൊള്ളാൻ നബി(സ) നിർദേശിച്ചില്ല എന്നല്ലേ മനസ്സിലാകുന്നത്?

ഇവ്വിഷയകമായി നിരവധി ഹദീഥുകൾ വന്നിട്ടുണ്ട്. സകാത്ത് ശേഖരിച്ചു വിതരണം ചെയ്യാൻ ഉത്തരവാദിത്തം ഏല്പിക്കപ്പെട്ടവർ കൃത്രിമം കാണിക്കുന്നുവെന്നു തോന്നിയാൽ പോലും ആ സംരംഭത്തിൽ നിന്ന് വിട്ടുനില്ക്കാൻ അനുവാദം നല്കിയിട്ടില്ല.

ഇമാം ശൗകാനി പറയുന്നു: "ഇവ്വിഷയകമായി വന്ന ഹദീഥുകളിലെ സൂചന, അധികാരി അക്രമിയാണെങ്കിൽ പോലും അയാൾക്ക് സകാത്ത് നല്കിയാൽ അതു മതിയാകും എന്നാണ്" (ഫിക്ഹുസ്സുന്ന). അപ്പോൾ നാം നിശ്ചയിക്കുന്ന സകാത്ത് കമ്മിറ്റികൾ നീതിപൂർവകമായി നടത്താൻ ശ്രമിക്കുമ്പോൾ വല്ലവരും എന്തെങ്കിലും വീഴ്ച വരുത്തിയാൽ തന്നെ അതിന്റെ പാപഭാരം അവർക്കാണ് എന്നല്ലാതെ നാമതിൽ കുറ്റക്കാരല്ല. നാം അതിൽ നിന്നു വിട്ടു നില്ക്കാവുന്നതുമല്ല. അനീതി കാണുമ്പോൾ ആളുകളെ മാറ്റിനിർത്താനുള്ള സ്വാതന്ത്ര്യം നമ്മുടെ മഹല്ലു കമ്മിറ്റികളിൽ ഉണ്ടല്ലോ.

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു സൃഷ്ടിക്കുകയും യാചകർ ഉണ്ടാകുകയും ചെയ്യുകയാണ് സകാത്തും സ്വദഖയും കൊണ്ട് സംഭവിക്കുക എന്ന് ചില സോഷ്യലിസ്റ്റുകൾ ആക്ഷേപിക്കാറുണ്ട്. സകാത്ത് സമ്പ്രദായത്തിന്റെ മുഴുവൻ വശങ്ങളും പ്രായോഗികമായി മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ ആക്ഷേപം ഉന്നയിക്കുന്നത്. എല്ലാവരെയും ഒന്നാക്കാൻ ശ്രമിക്കുന്ന, ഒരിക്കലും സാധിക്കാത്ത, സ്ഥിതിസമത്വ വാദമല്ല സകാത്ത് സമ്പ്രദായം. തന്നെപ്പോലെ തന്റെ സഹോദരനെയും കണക്കാക്കാനുള്ള ഹൃദയവിശാലതയാണ് സകാത്തിലൂടെ ഒരു വിശ്വാസി കൈവരിക്കുന്നത്.

എന്നാൽ ഇന്ന് മുസ്‌ലിംകൾ സകാത്ത് കൈകാര്യം ചെയ്യുന്ന രീതി കണ്ടാൽ മേൽ പറഞ്ഞ ആക്ഷേപം പ്രസക്തമാണെന്ന് തോന്നും. ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും സകാത്ത് റമദ്വാൻ മാസത്തിലേക്ക് ചുരുക്കിയിരിക്കുന്നു. അതും ഇരുപത്താറാം ദിവസത്തിൽ ഒതുക്കി. ഒറ്റപ്പെട്ട മുതലാളിമാർ പണം ചില്ലറയാക്കി പാവപ്പെട്ടവരെ വീട്ടുപടിക്കലേക്ക് ക്ഷണിച്ചുവരുത്തുകയാണ്. എന്തെങ്കിലും കിട്ടുക എന്ന രീതിയിൽ 'ചക്കാത്ത്' എന്ന പേരിൽ ഈ അത്യുന്നതമായ സംഗതി തരംതാഴ്ത്തിയതു നാം തന്നെയാണ്. പൊരിവെയിലിൽ മണിക്കൂറുകളോളം മുതലാളിയുടെ വീട്ടുപടിക്കൽ വരി നിന്ന് കുഴഞ്ഞുവീഴുകയും തിക്കിലും തിരക്കിലും പെട്ട് പാവപ്പെട്ട സഹോദരങ്ങൾ മരിച്ചുപോവുകയും ചെയ്ത അതിദാരുണവും ക്രൂരവുമായ സംഭവം തമിഴ്നാട്ടിൽ നിന്ന്

റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഇസ്‌ലാമിനോട് ചെയ്ത വലിയ അക്രമമായിരുന്നു അത്.

## സകാത്തിന്റെ കാലം

നമസ്കാരത്തിനു കൃത്യമായ സമയമുണ്ട്. നിർബന്ധ നോമ്പ് ചാന്ദ്രവർഷത്തിലെ ഒമ്പതാമത്തെ മാസമായ റമദ്വാനിലാണ് ഹജ്ജാകട്ടെ ദുൽഹിജ്ജ മാസത്തിലെ നിശ്ചിത ദിവസത്തിൽ നിശ്ചിത സ്ഥലത്ത് പോയി മാത്രമേ നിർവഹിക്കാൻ കഴിയൂ. ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി കാലമോ സമയമോ കണക്കാക്കാതെ, സമുദായത്തിൽ കാലാകാലവും സ്ഥിരമായി നിലനില്ക്കേണ്ട ഒരു സജീവ സംരംഭമാണ് സകാത്ത്.

കാർഷിക വിളകൾക്ക് സകാത്ത് നല്കേണ്ടത് അവയുടെ വിളവെടുപ്പു വേളയിലാണ്.

وآتوا حقه يوم حصاده

“അതിന്റെ അവകാശം വിളവെടുപ്പു സമയത്ത് നല്കുക” (6:141) എന്നു പറഞ്ഞുവല്ലോ. നെല്ല്, നാളികേരം, അടയ്ക്ക, കുരുമുളക്, തേയില, റബ്ബർ, മറ്റു കാർഷിക വിളകൾ എന്നിവ ഓരോ സമയത്താണു വിളവെടുക്കുന്നത്. അപ്പോഴൊക്കെ സകാത്ത് വന്നുകൊണ്ടിരിക്കും. മറ്റിനം സമ്പത്തിനൊക്കെ അതിന്റെ നിസ്വാബ് എത്തുമ്പോൾ സകാത്ത് നല്കണം. കച്ചവടം തുടങ്ങി ഒരു വർഷം തികയുന്നത് എല്ലാം ഒരേ സമയത്തല്ലല്ലോ. വർഷത്തിന്റെ എല്ലാ സമയത്തും സകാത്ത് നല്കേണ്ടിവരുന്നതു പോലെത്തന്നെ വിതരണം ചെയ്യേണ്ട ആവശ്യക്കാരും അങ്ങനെത്തന്നെ. വഴിയാത്രക്കാരനും കടബാധ്യതയിൽ പെട്ടയാളുമൊക്കെ സമയബന്ധിതമായി ഉണ്ടാകുന്നതല്ലല്ലോ. നിരന്തരമായി ഈ സംവിധാനം നിലനില്ക്കണം. അതുകൊണ്ടു തന്നെ അതു മാത്രം ശ്രദ്ധിക്കാനായി പ്രത്യേക വിഭാഗം വേണ്ടിവരും. അതുകൊണ്ടാണ് والعاملين عليها (അതിന്നുവേണ്ടി പ്രവർത്തിക്കുന്നവർ) എന്ന ഒരു വിഭാഗം സകാത്ത് നല്കപ്പെടേണ്ടവരുടെ പട്ടികയിൽ അല്ലാഹു ഉൾപ്പെടുത്തിയത്. ഇസ്‌ലാമിക രാജ്യങ്ങളിലെ ബൈതുൽമാൽ സമ്പത്തുകൊണ്ട് നിറയാൻ കാരണം ഇതു തന്നെയായിരുന്നു. ഇസ്‌ലാമിക ഭരണം നിലവിലില്ലാത്ത നമ്മുടെ രാജ്യത്തെ. ഓരോ മഹല്ലും ഈ കാര്യം യഥാവിധി കൈകാര്യം ചെയ്തിരുന്നുവെങ്കിൽ ഒരിക്കലും മുസ്‌ലിംകൾക്കിടയിൽ യാതനയനുഭവിക്കുന്നവരോ യാചകരോ ഉണ്ടാകുമായിരുന്നില്ല.

ഭരണകൂടമാണെങ്കിൽ സകാത്ത് ശേഖരിക്കാൻ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നു. ഓരോതരം സ്വത്തും കണക്കുനോക്കിയും മതിപ്പ് കണക്കാക്കിയും സകാത്ത് ചുമത്തി, ഉഭയ സമ്മതപ്രകാരം ബൈതുൽ മാലിലേക്ക് കൈമാറുന്നു. കൂട്ടത്തിൽ മോശപ്പെട്ടത് സകാത്തായി നല്കരുത്. അതേ സമയം ഏറ്റവും മുന്തിയത് മാത്രം വാങ്ങുകയും അരുത്.

وتوق كرائم الأموال "സമ്പത്തിൽ ഏറ്റവും മുന്തിയതു പിരിച്ചെടുക്കുന്നത് സൂക്ഷിക്കുക" (ബുഖാരി) എന്ന് പ്രവാചകൻ സകാത്ത് ഉദ്യോഗസ്ഥരെ ഇടയ്ക്കിടെ ഓർമിപ്പിക്കാറുണ്ടായിരുന്നു.

## സകാത്തും റമദ്വാനും

റമദ്വാനിൽ ഏതു കർമത്തിനും കൂടുതൽ പ്രതിഫലം കിട്ടുന്നു. ദാനധർമങ്ങൾക്കു പ്രത്യേകിച്ചും. അതാണത്രെ സകാത്ത് നല്കാൻ റമദ്വാൻ മാസം തെരഞ്ഞെടുക്കാൻ കാരണം. ഇത് തെറ്റായ സമ്പ്രദായമാണ്. സകാത്ത് ഓരോ തരം സ്വത്തിനും എന്നാണോ നിർബന്ധമാകുന്നത് അപ്പോഴാണ് നല്കേണ്ടത്. മാത്രമല്ല, സകാത്ത് ബാധ്യതയാണ്. നിർബന്ധ ബാധ്യത നിറവേറ്റുന്നതിനല്ല റമദ്വാനിലെ പുണ്യം വാഗ്ദാനം ചെയ്യപ്പെട്ടത്. ബാധ്യതയിലപ്പുറം ഔദാര്യം ചെയ്യുമ്പോഴാണ് അതിന് ഇരട്ടി പ്രതിഫലം ലഭിക്കുക. ഒരാൾക്ക് കൊടുക്കാനുള്ള കടം റമദ്വാനിൽ തിരിച്ചു നല്കിയ തുകൊണ്ട് ഏറെ പുണ്യം ലഭിക്കില്ല. റമദ്വാനിൽ സകാത്ത് നല്കുന്നതിനു വിരോധമില്ല. എന്നാൽ എല്ലാ സകാത്തും കണക്കുകൂട്ടി ഇരുപത്തി ആറാം നോമ്പിലേക്ക് നീട്ടിവയ്ക്കുന്നതിൽ കാര്യമില്ല. കൂടാതെ, വർഷം മുഴുവൻ നീണ്ടുനില്ക്കേണ്ട സകാത്ത് സംവിധാനം ഒരു പ്രത്യേക സമയത്ത് പരി മിതപ്പെടുത്തുന്നതിൽ അസാംഗത്യമുണ്ട്. അതുമൂലം സകാത്തിന്റെ യഥാർഥ ധർമം നിർവഹിക്കപ്പെടാതിരിക്കാൻ സാധ്യതയുണ്ട്.

## വിതരണ രീതി

സകാത്ത് വിതരണം ചെയ്യപ്പെടാവുന്ന എട്ടു വിഭാഗങ്ങൾക്കും എല്ലായ്പ്പോഴും സകാത്ത് തുല്യമായി വീതിക്കണമെന്നർഥമില്ല. എല്ലാ വിഭാഗവും എല്ലായ്പ്പോഴും എല്ലാ സ്ഥലത്തും ഉണ്ടാകണമെന്നുമില്ല. ഈ എട്ടു വകുപ്പുകളിലേ സകാത്ത് വിതരണം ചെയ്യപ്പെടാവൂ എന്നു മാത്രം. സകാത്തിന്റെ ചുമതലയുള്ള ഇമാമിന്നോ ക്വാദ്വിക്കോ സകാത്ത് ക മ്മിറ്റിക്കോ അതതു സമയത്ത് കൂടിയാലോചിച്ച് ആർക്കാണ് മുൻഗണന നല്കേണ്ടതെന്ന് തീരുമാനിക്കാവുന്നതാണ്.

സകാത്ത് കിട്ടുമ്പോൾ തന്നെ മുഴുവൻ വീതിച്ചു നല്കണമെന്നും നിർദേശിക്കപ്പെട്ടിട്ടില്ല. ഒരു വർഷത്തെ സകാത്ത് ഏതാനും പേർക്ക് നല്കി അവരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുകയാണ് കൂടുതൽ ഉത്തമം. ഉദാഹരണത്തിന് ഒരു ലക്ഷം രൂപ സകാത്തായി കിട്ടിയത് നൂറു വീട്ടുകാ ർക്ക് അപ്പോൾ തന്നെ കൊടുത്തുതീർക്കുന്നതിനു പകരം ഏറ്റവും അർഹതപ്പെട്ട രണ്ടുപേർക്ക് കച്ചവടത്തിന്നു വേണ്ടിയോ ഏതാനും പേർക്ക് തൊഴിലുപകരണങ്ങൾക്കോ നല്കുകയാണെങ്കിൽ ആ കുടുംബങ്ങളെ പിന്നീട് സകാത്ത് നല്കേണ്ടാത്ത വിധം രക്ഷപ്പെടുത്താം. ചിലപ്പോൾ ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോൾ അവർ സകാത്ത് ഇങ്ങോട്ട് നല്കിയെന്നും വരാം. കറവമാടുകളെ നല്കി അവയെ

വളർത്താൻ കഴിയുന്നവർക്ക് ജീവിതോപാധി ഉണ്ടാക്കിയാലും നല്ലത് തന്നെ. ഇങ്ങനെ ഓരോ പ്രദേശത്തെയും സ്ഥിതിയനുസരിച്ച് കൈകാര്യംചെയ്യാവുന്നതാണ്. ഒരു സാധുവിന്റെ വീടിന് തീപിടിച്ചു എന്നിരിക്കട്ടെ. ഒരു വർഷത്തെ സകാത്തിന്റെ മുഴുവൻ ഭാഗവും നല്കിയിട്ടെങ്കിലും ആ വീട് പുനർനിർമാണം ചെയ്തുകൊടുക്കേണ്ടതാണ്. ഇങ്ങനെ സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് സജീവമായി പ്രവർത്തിക്കുന്ന സകാത്ത് കമ്മിറ്റി  എല്ലാ കാലത്തും നിരന്തരമായി പ്രവർത്തിക്കുന്ന സ്ഥിരം സംവിധാനമായിരിക്കണം. അടിയന്തരാവശ്യങ്ങൾക്കായി സകാത്തിന്റെ ഒരംശമാണ്. ഇങ്ങനെ എട്ടോ പത്തോ വർഷം കഴിയുമ്പോൾ ആ പ്രദേശം ദാരിദ്ര്യത്തിൽ നിന്ന് ഒരു പരിധി വരെ മാറിയിട്ടുണ്ടാകും.

ചില പ്രദേശങ്ങളിൽ സകാത്ത് ആവശ്യത്തിൽ കൂടുതൽ ഉണ്ടായെന്നു വരാം. അതേസമയം മറ്റു ചില പ്രദേശങ്ങളിൽ അവിടത്തെ സകാത്ത് മുഴുവൻ വിനിയോഗിച്ചാലും ഒട്ടും പര്യാപ്തമല്ലാതെ വരികയും ചെയ്യാം. ആവശ്യമുള്ള പ്രദേശങ്ങളിലേക്ക് സകാത്ത് മുതലുകൾ കൊടുത്തയക്കാം. ഖലീഫമാരുടെ സകാത്ത് ഉദ്യോഗസ്ഥന്മാർ ഓരോ പ്രദേശത്തുനിന്നും ശേഖരിക്കുന്ന സകാത്ത് അവിടെത്തന്നെ വിനിയോഗിച്ചിരുന്നു. ആവശ്യം കഴിച്ചുള്ളത് തലസ്ഥാനത്തേക്കയക്കുകയും ചെയ്തിരുന്നു.

സകാത്ത് മുതലുകൾ നബിയും ഖലീഫമാരും സൂക്ഷിച്ചുവച്ചിരുന്നു. അതിനു കാവൽക്കാരെ നിശ്ചയിച്ചിരുന്നു. സകാത്തിനത്തിൽ ലഭിച്ച മൃഗങ്ങൾക്ക് അടയാളം വച്ചിരുന്നുവെന്ന് ബുഖാരിയിൽ കാണാം. അപ്പപ്പോൾ കൊടുത്തുതീർക്കുന്നതിന് അടയാളം വേണ്ടതില്ലല്ലോ. ഉറൈന ഗോത്രത്തിലെ ചില ആളുകൾ മദീനയിൽ വന്നപ്പോൾ കാലാവസ്ഥാ ഭേദം കാരണമായി അവർക്ക് രോഗം ബാധിച്ചു. അതിന്നു പ്രതിവിധിയായി പ്രവാചകൻ(സ്വ) നിർദേശിച്ചത് സകാത്തിന്റെ ഒട്ടകങ്ങളെ സൂക്ഷിച്ച സ്ഥലത്തേക്ക് നീങ്ങാനും അവയുടെ പാലും മൂത്രവും കുടിക്കാനുമായിരുന്നു (ബുഖാരി). ഇതിൽ നിന്നൊക്കെ മനസ്സിലാകുന്നത് സകാത്തിന്റെ മുതൽ ഉടനെ ചെലവഴിക്കുകയോ ആവശ്യമെങ്കിൽ സൂക്ഷിച്ചുവയ്ക്കുകയോ ആകാമെന്നു തന്നെയാണ്.

## റസൂലിന്റെ കുടുംബത്തിനു നിഷിദ്ധം

സകാത്തിൽ നിന്നോ മറ്റു ദാനധർമങ്ങളിൽ നിന്നോ പ്രവാചകന്നും പ്രവാചകന്റെ കുടുംബത്തിനും യാതൊന്നും ഉപയോഗിക്കാൻ പാടില്ല. 'മുഹമ്മദിന്റെ കുടുംബത്തിന് സകാത്ത് മുതലുകൾ അനുവദനീയമല്ല' എന്നു പ്രവാചകൻ പ്രഖ്യാപിച്ചിട്ടുണ്ട്.

أخذ الحسن بن على تمرة  من تمرالصدقة فجعلها في فيه فقال
رسول الله (ص) كخ كخ ارم بها  اما علمت انا لا نأكل الصدقة (مسلم)

"ഹസനുബ്നു അലി(റ) (നബി(സ്വ)യുടെ പേരക്കുട്ടി) സകാത്തി

ന്റെ കാരക്കയിൽ നിന്ന് ഒരെണ്ണം എടുത്തു വായിലിട്ടു. അപ്പോൾ പ്രവാചകൻ പറഞ്ഞു: അരുത്. അരുത്; അതുപേക്ഷിക്ക്. നാം സ്വദക്വയിൽ നിന്ന് ഭക്ഷിക്കാറില്ല എന്ന് നിനക്കറിയില്ലേ" (മുസ്‌ലിം). അനസ്(റ) മുഖേന മറ്റൊരു ഹദീഥ് മുസ്‌ലിം ഉദ്ധരിക്കുന്നു:

ان النبي (ص) وجد تمرة فقال لولا ان تكون من الصدقة لأكلتها (مسلم)

"നബി(സ്വ) ഒരു കാരക്ക കണ്ടപ്പോൾ പറഞ്ഞു: സ്വദക്വയുടെ ഇനത്തിൽ പെട്ടതല്ലായിരുന്നെങ്കിൽ ഞാനതു തിന്നുമായിരുന്നു." (മുസ്‌ലിം)

ജനങ്ങളിൽ നിന്ന് സമ്പത്തിന്റെ നിശ്ചിത വിഹിതം സകാത്തായി പിരിച്ചെടുക്കുന്നത് പ്രവാചകന്നും കുടുംബത്തിന്നും ജീവിക്കാനോ സുഖസൗകര്യങ്ങൾ വർധിപ്പിക്കാനോ അല്ല.

എന്നാൽ പ്രവാചക കുടുംബത്തിലേക്കു പരമ്പര ചേർത്തുപറയാൻ ശ്രമിക്കുന്ന ചില ആളുകൾ ഇന്ന് പല നാടുകളിലും സ്വദക്വയും സകാത്തും ആവശ്യപ്പെട്ടു നടക്കുകയും അതുകൊണ്ട് ജീവിക്കുകയും ചെയ്യുന്നതായി കാണാം. വിവരക്കേടും വൈരുധ്യവുമാണത്. അവകാശപ്പെടുന്ന വംശപരമ്പര തന്നെ ശരിയല്ല. അത് ശരിയാണെങ്കിൽ അവർക്ക് സകാത്തിന്റെ മുതൽ നിഷിദ്ധവുമാണ്.

സകാത്ത് സ്വത്ത് പാരമ്പര്യത്തിന്റെയും വംശമഹത്വത്തിന്റെയും പേരിൽ ചൂഷണത്തിനുപയോഗിക്കാൻ ഇടവരാതിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചതുകൊണ്ടാവാം നബി(സ)ക്കും കുടുംബത്തിനും സകാത്ത് നിഷിദ്ധമായത്.

# സകാത്തുൽ ഫിത്വ്ർ

മുസ്‌ലിംകൾക്ക് നിർബന്ധമാക്കപ്പെട്ട മറ്റൊരു ദാനമാണ് സകാത്തുൽ ഫിത്വ്ർ. അൽഫിത്വ്ർ എന്നു പറഞ്ഞാൽ നോമ്പ് അവസാനിപ്പിക്കുക എന്നാണർഥം. പേര് സൂചിപ്പിക്കുന്നതുപോലെത്തന്നെ ഒരു മാസത്തെ (റമദ്വാൻ) നിർബന്ധ വ്രതാനുഷ്ഠാനത്തിനു ശേഷമാണ് ഈ സകാത്തിന്റെ സമയം.

സാധാരണ സകാത്ത് പോലെ സമ്പത്തിന്റെ വിഹിതമനുസരിച്ചല്ല ഈ സകാത്ത് കണക്കാക്കുന്നത്. ഇതു വ്യക്തിഗത സകാത്താണ് എന്നുപറയാം. ഒരു കുടുംബനാഥൻ താൻ ചെലവു കൊടുക്കാൻ ബാധ്യതയുള്ള തന്റെ കുടുംബത്തിലെ അംഗങ്ങളുടെ പേരിൽ ഇത് നല്കണം. അപ്പോൾ അംഗങ്ങൾ കുറഞ്ഞ ധനികൻ നല്കുന്നതിനെക്കാൾ കൂടുതൽ സകാത്ത് കുടുംബാംഗങ്ങൾ കൂടുതലുള്ള ശേഷി കുറഞ്ഞവൻ നല്കേണ്ടിവരും.

ഇബ്നു ഉമറി(റ)ൽ നിന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീഥ് ഇങ്ങനെയാണ്:

فرض رسول الله (ص) زكاة الفطر صاعا من تمر أو صاعا من شعير
على العبد والحر والذكر والأنثى والصغير والكبير من المسلمين
وأمربها أن تؤدى قبل خروج الناس إلى الصلاة (البخارى، مسلم)

“മുസ്‌ലിംകളിലെ അടിമകൾ, സ്വതന്ത്രർ, പുരുഷന്മാർ, സ്ത്രീകൾ, ചെറിയവർ, വലിയവർ എന്നിങ്ങനെ എല്ലാ വിഭാഗത്തിൽ പെട്ടവരുടെയും പേരിൽ ഓരോ സ്വാഅ് കാരക്കയോ ബാർലിയോ ഫിത്വ്ർ സകാത്ത് നല്കൽ ബാധ്യതയായി റസൂൽ(സ്വ) നിശ്ചയിച്ചിരിക്കുന്നു. പെരുന്നാൾ നമസ്കാരത്തിന് ആളുകൾ പുറപ്പെടുന്നതിന് മുമ്പായി അതു നല്കപ്പെടണമെന്നും കല്പിച്ചിരിക്കുന്നു.” (ബുഖാരി, മുസ്‌ലിം)

സ്വത്തിന്റെ സകാത്ത് നല്കാൻ കടപ്പെട്ടവരല്ലാത്തവർക്കും ബാധകമാണ് ഈ സകാത്ത്. ഒരാൾ ഒരു സ്വാഅ് (2 കിലോ) എന്ന

തോതിലാണ് നല്കേണ്ടത്. (സ്വാഅ് നേരത്തെ വിശദീകരിച്ചിട്ടുണ്ട്). ഇത് പെരുന്നാൾ നമസ്കാരത്തിനു മുമ്പായി നല്കണം.

"തീർച്ചയായും പരിശുദ്ധി നേടുകയും നിന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്തവർ വിജയം പ്രാപിച്ചു" (87:14,15) എന്ന ക്വുർആൻ സൂക്തവും ഖുസൈമ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാവപ്പെട്ടവർക്കും പെരുന്നാൾ സുദിനം ആഘോഷിക്കാൻ വേണ്ടി നിശ്ചയിക്കപ്പെട്ടതാണ് ഇത്. ഈ ദിവസം ആരും പട്ടിണിയാവാൻ ഇടവരരുത് എന്ന ഉദ്ദേശ്യം ഫിത്വ്ർ സകാത്തിലൂടെ നിറവേറുന്നു. നോമ്പുകാരന്റെ പക്കൽ നിന്ന് അറിയാതെ വന്നുപോയ പിഴവുകൾക്ക് പ്രായശ്ചിത്തവും കൂടിയാണിത്. അബൂദാവൂദ്, ഇബ്നു മാജ എന്നിവർ ഉദ്ധരിച്ച ഹദീഥിൽ ഇങ്ങനെ കാണാം:

فرض رسول الله(ص) زكاة الفطر طهرة للصائم من اللغو
والرفث وطعمة للمساكين (ابوداود، ابن ماجه)

"അനാവശ്യമായ വാക്കും പ്രവൃത്തിയും മൂലം നോമ്പുകാരന്ന് വന്നുപോയ പിഴവുകളിൽ നിന്ന് അവനെ ശുദ്ധീകരിക്കാനും പാവങ്ങൾക്ക് ആഹാരത്തിനുമായി റസൂൽ(സ്വ) ഫിത്വ്ർ സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു." (അബൂദാവൂദ്, ഇബ്നുമാജ)

സമ്പന്നർക്ക് മാത്രമാണ് ഫിത്വ്ർ സകാത്ത് എന്ന് ധരിക്കരുത്. ഇത് സമ്പത്തിന്റെ പരിധി കണക്കാക്കിയല്ല നല്കേണ്ടത്. പെരുന്നാൾ ചെലവ് കഴിച്ച് മിച്ചംവരുന്നവരൊക്കെ ഫിത്വ്ർ സകാത്ത് നല്കണമെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

നബി(സ്വ)യുടെ കാലത്ത് ഗോതമ്പ്, ഈത്തപ്പഴം, മുന്തിരി, പാൽക്കട്ടി എന്നിവയൊക്കെ ഫിത്വ്ർ സകാത്തായി നല്കിയതായി ഹദീഥിൽ കാണാം. ഭക്ഷണ സാധനങ്ങളാണ് നല്കിയിരുന്നത് എന്നും കാണാം. നാട്ടിലെ മുഖ്യ ഭക്ഷണമാണ് നല്കേണ്ടത് എന്ന കാര്യത്തിൽ ഭിന്ന വീക്ഷണങ്ങളില്ല. അബൂസഈദിൽ ഖുദ്രിയിൽ നിന്ന് ബുഖാരി ഉദ്ധരിച്ച ഒരു ഹദീഥ് ഇങ്ങനെയാണ്:

كنا نخرج زكاة الفطر صاعا من طعام او صاعا من شعير
او صاعا من اقط او صاعا من زبيب (البخارى)

"ഒരു സ്വാഅ് ഗോതമ്പ്, ഒരു സ്വാഅ് ബാർലി, ഒരു സ്വാഅ് പാൽക്കട്ടി, ഒരു സ്വാഅ് മുന്തിരി എന്നിവയിൽ ഏതെങ്കിലുമായിരുന്നു ഞങ്ങൾ ഫിത്വ്ർ സകാത്ത് കൊടുത്തിരുന്നത്." (ബുഖാരി)

റമദ്വാൻ മാസം അവസാനിക്കുന്നതോടുകൂടിയാണ് ഫിത്വ്ർ സകാത്ത് നിർബന്ധമായിത്തീരുന്നത്. പിറ്റേന്ന് (ഈദുൽ ഫിത്വ്ർ) പെരുന്നാൾ നമസ്കാരത്തിനു മുമ്പായി നിർവഹിക്കുകയും വേണം. ഇബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്യുന്നു:

ان النبي(ص) أمر بزكاة الفطر قبل خروج الناس إلى الصلاة (البخارى)

“ജനങ്ങൾ പെരുന്നാൾ നമസ്കാരത്തിനു പുറപ്പെടുന്നതിനു മുമ്പായി ‘സകാത്തുൽ ഫിത്വ്ർ’ നല്കാൻ നബി(സ്വ) കല്പിച്ചിരിക്കുന്നു.” (ബുഖാരി)

من أداها قبل الصلاة فهي زكاة مقبولة ومن أداها بعد الصلاة فهي صدقة من الصدقات

“നമസ്കാരത്തിനു മുമ്പു നല്കിയാൽ അത് സ്വീകാര്യമായ (ഫിത്വ്ർ) സകാത്തായി. നമസ്കാരത്തിനു ശേഷമാണ് നല്കിയതെങ്കിൽ അത് ഒരു ദാനം മാത്രം.” (അബൂദാവൂദ്, ഇബ്നുമാജ)

ശവ്വാൽ മാസപ്പിറവിയോടെയാണ് ഫിത്വ്ർ സകാത്ത് നിർബന്ധമാകുന്നതെങ്കിലും രണ്ടോ മൂന്നോ ദിവസം മുമ്പ് അത് പിരിച്ചെടുക്കുന്നതിനു വിരോധമില്ല. പെരുന്നാളിന് മുമ്പായി അത് അർഹതപ്പെട്ടവരുടെ വീടുകളിലേക്കെത്തിക്കാൻ ഇത് ആവശ്യമാണു താനും. ഇബ്നു ഉമർ(റ) തന്റെ സകാത്ത് മൂന്നു ദിവസം മുമ്പുതന്നെ കൊടുത്തയക്കാറുണ്ടായിരുന്നു.” (മുവത്വ)

ഫിത്വ്ർ സകാത്ത് നിർബന്ധമാകുന്നതിനു മുമ്പു തന്നെ അത് നല്കാമെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. റമദ്വാനിൽ ഏതു ദിവസവും നല്കാമെന്നതാണ് ഭൂരിപക്ഷാഭിപ്രായം (ശർഹുൽമുഹദ്ദബ്). മാസപ്പിറവി ദർശനം കാത്തിരിക്കേണ്ടതില്ല എന്നർഥം.

ഇബ്നുഉമറി(റ)ൽ നിന്ന് ബുഖാരി റിപ്പോർട്ട് ചെയ്യുന്നു:

كانوا يعطونها قبل الفطر بيوم أويومين (البخارى)

“അവർ (സ്വഹാബികൾ) ഫിത്വ്ർ സകാത്ത് പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് നല്കാറുണ്ടായിരുന്നു.” (ബുഖാരി)

ഫിത്വ്ർ സകാത്ത് ഭക്ഷണസാധനമല്ലാതെ പണമായി നല്കുന്നതിൽ വിരോധമില്ല. ഉമറുബ്നു അബ്ദിൽ അസീസി(റ)നെ പോലുള്ളവർ പണം ഫിത്വ്ർ സകാത്തായി സ്വീകരിച്ചിരുന്നു എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

മറ്റു സകാത്ത് പോലെ ഫിത്വ്ർ സകാത്തും എട്ടു വിഭാഗത്തിനു തന്നെ നല്കണമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇമാം ശാഫിഈ(റ) ഈ അഭിപ്രായം ശരിവെക്കുന്നു. എന്നാൽ പെരുന്നാൾ ദിവസത്തെ പട്ടിണിയകറ്റുക എന്ന മുഖ്യ ഉദ്ദേശ്യമുള്ളതിനാൽ ദരിദ്രർക്കിടയിൽ വിതരണം ചെയ്താൽ മതിയെന്നാണ് ഭൂരിപക്ഷാഭിപ്രായം.

ഫിത്വ്ർ സകാത്ത് മറ്റു സകാത്തു പോലെത്തന്നെയാണു വിതരണം ചെയ്യേണ്ടത്. വ്യക്തികൾ വ്യക്തികൾക്കു നല്കുന്ന സമ്പ്രദായം നബി(സ്വ)യുടെ കാലത്തുണ്ടായിരുന്നില്ല. അബൂസഈദിൽ ഖുദ്രി(റ)യെ ഫിത്വ്ർ സകാത്തു പിരിക്കാനായി നബി(സ്വ) ഏർപ്പെടുത്തിയിരുന്നു. അദ്ദേഹം റിപ്പോർട്ട് ചെയ്യുന്നു: “നബിയുടെ കാലത്തു ഒരു സ്വാഅ് ആയിരുന്നു ഫിത്വ്ർ സകാത്തായി ഞങ്ങൾ പിരിച്ചെടുത്തിരുന്നത്.”

പെരുന്നാളിന് ഇതുപകാരപ്പെടണമെങ്കിൽ റമദ്വാനിന്റെ അവസാനദിവസങ്ങളിൽ വിതരണം ചെയ്യണം. വ്യക്തികൾ തന്നെ നല്കുന്നത് ഒരിക്കലും അഭികാമ്യമല്ല; പ്രായോഗികവുമല്ല. ഒരാളുടെ വീട്ടിൽ 5 പേരുണ്ടെങ്കിൽ അയാൾ ഏകദേശം 10 കിലോ അരിയാണ് നല്കേണ്ടത്. അത് കുറെ പേർക്ക് കൊടുക്കുന്നതു കൊണ്ട് സകാത്തിന്റെ ഉദ്ദേശ്യം നിറവേറുകയില്ല.

ഫിത്വ്ർ സകാത്തിന്നായി പെരുന്നാൾ ദിവസം പ്രഭാതത്തിൽ പാവപ്പെട്ടവർ സമ്പന്നരുടെ വീട്ടുപടിക്കൽ കുട്ടയും വട്ടിയുമായി വരുന്ന സ്ഥിതി ഒട്ടും ആശാസ്യമല്ല. പെരുന്നാളിന് ഒരാളും പട്ടിണി കിടക്കരുത് എന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. പ്രയോഗത്തിൽ ആ ദിവസം യാചന പ്രോത്സാഹിപ്പിക്കപ്പെടുന്നു! ഇത് ഒരിക്കലും ന്യായമല്ല. അർഹരെ കണ്ടെത്തി ഒരു ദിവസം മുമ്പെങ്കിലും അവർക്കെത്തിക്കുക എന്നതാണ് ഏറെ ഉത്തമം. കേരളത്തിൽ മിക്ക സ്ഥലങ്ങളിലും ഫിത്വ്ർ സകാത്ത് ശേഖരിച്ച് വിതരണം ചെയ്യാൻ തുടങ്ങിയിട്ടുണ്ട് എന്ന കാര്യം ശുഭോദർക്കമാണ്.

സാമ്പത്തികശേഷി കുറഞ്ഞ ആളുകൾ ഫിത്വ്ർ സകാത്ത് കൊടുക്കുന്നതോടൊപ്പം അവർക്ക് അത് സ്വീകരിക്കുകയും ചെയ്യാമെന്നത് നിസ്തർക്കമാണ്. സകാത്ത് കമ്മിറ്റിയിൽ നിന്നു ഫിത്വ്ർ സകാത്തു ലഭിച്ചു എന്നതുകൊണ്ട് അയാൾ ഫിത്വ്ർ സകാത്ത് നല്കേണ്ടതില്ല എന്നർഥമാകുന്നില്ല.

اما غنيكم فيزكيه الله واما فقيركم فيرد الله عليه أكثر مما أعطى (أبوداود)

"ഫിത്വ്ർ സകാത്ത് വഴി അല്ലാഹു ധനികരെ ശുദ്ധീകരിക്കുന്നു, ദരിദ്രന് കൊടുത്തതിനേക്കാൾ കൂടുതൽ അല്ലാഹു തിരിച്ചുനല്കുന്നു." (അബൂദാവൂദ്)

ഫിത്വ്ർ സകാത്ത് കൊടുക്കുന്നത് സമ്പത്ത് ശുദ്ധീകരിക്കാനല്ല. വ്യക്തിയെ ശുദ്ധീകരിക്കാനാണ്. വ്രതാനുഷ്ഠാനം പരിപൂർണമാകുന്നത് ഓരോ അവയവവും തിന്മയിൽ നിന്ന് മുക്തമാകുന്നതിലൂടെയാണ്. അക്കാര്യത്തിൽ മാനുഷികമായി വന്നുപോകാവുന്ന പോരായ്മകൾ നികത്തുകയാണ് ഇതിന്റെ മുഖ്യ ഉദ്ദേശ്യം. അതിനാൽ പെരുന്നാളാഘോഷത്തിനുള്ള വക കഴിച്ച് മിച്ചം വരാവുന്ന എല്ലാവരും ഫിത്വ്ർ സകാത്ത് നല്കണമെന്നതാണ് ശരിയായ അഭിപ്രായം.

# ദാന ധർമങ്ങൾ (സ്വദക്വ)

അല്ലാഹുവിന്റെ അനുഗ്രഹമായ ധനത്തിൽ നിന്ന് നിശ്ചിതമായ ഒരു വിഹിതം നിർബന്ധമായും നല്കേണ്ടതുണ്ട്. അതോടെ ആ ധനം ശുദ്ധീകരിക്കപ്പെടുന്നു. റമദ്വാൻ വ്രതത്തിന്റെ സമാപനത്തോടെ വ്യക്തിഗതമായ പോരായ്മകൾ നികത്തപ്പെടുമാറ് ഓരോ വ്യക്തിക്കും വേണ്ടി ഒരു സ്വാഅ് ആഹാരസാധനം എന്ന തോതിൽ സകാത്തുൽ ഫിത്വ്ർ നല്കണം. ഈ രണ്ടു ശുദ്ധീകരണത്തിന്റെയും ഫലം ആത്മീയമായി ദാതാക്കൾക്കും ഭൗതികമായി മുസ്‌ലിം സമൂഹത്തിനും ലഭിക്കുന്നു. ജീവിതത്തിൽ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവർക്കാണ് ഇത് ലഭിക്കുന്നത്.

ഈ രണ്ടു നിർബന്ധദാനങ്ങളും നിറവേറ്റിക്കഴിഞ്ഞാൽ പിന്നെ വല്ല ബാധ്യതയും സമ്പത്തുള്ളവർക്കുണ്ടോ? ഈ കാര്യത്തിൽ രണ്ടു വീക്ഷണമുണ്ട്. ഇതു പണ്ടു മുതൽ നിലനിന്നുവരുന്നു. 'സകാത്തല്ലാതെ ഒരു ബാധ്യതയുമില്ല. അതിനപ്പുറം ഐച്ഛികമായി വേണമെങ്കിൽ വല്ല തും ചെയ്യാമെന്നുമാത്രം.' ഇതാണ് ഒരു വീക്ഷണം. ഇതിനു തെളിവായി ഉദ്ധരിക്കുന്നത് താഴെ പറയുന്ന ഹദീഥാണ്.

جاء رجل الى رسول الله(ص) ثائر الرأس يسمع دوى صوته ولا يفقه
ما يقول حتى دنا من رسول الله فإذا هو يسأل عن الإسلام فقال
رسول الله خمس صلوات فى اليوم والليلة فقال هل على غيرهن قال لا
إلا أن تطوع قال رسول الله وصيام رمضان قال هل على غيره قال
لا إلا أن تطوع وذكر الزكاة فقال هل على غيرها قال لا إلا أن
تطوع فأدبر وهو يقول لا أزيد على هذا ولا أنقص منه فقال رسول الله
أفلح إن صدق ودخل الجنة إن صدق (متفق عليه)

"പാറിപ്പറന്ന മുടിയും പതിഞ്ഞ സ്വരവുമായി ഒരാൾ നബി(സ്വ)യുടെ അടുക്കൽ വന്നു. അദ്ദേഹം പറയുന്നതു വ്യക്തമായിരുന്നില്ല. അയാൾ നബിയുടെ അടുത്തെത്തി. അയാൾ ഇസ്‌ലാമിനെപ്പറ്റി ചോദിച്ചറിയു

കയായിരുന്നു. തിരുദൂതർ പറഞ്ഞു: 'ദിവസവും രാവിലും പകലിലുമായി അഞ്ചു നമസ്കാരം നിർബന്ധമാണ്.' ആഗതൻ: 'അതല്ലാത്ത വല്ല ബാധ്യതയുമുണ്ടോ?' പ്രവാചകൻ: 'ഇല്ല, നീ ഐച്ഛികമായി ചെയ്താലല്ലാതെ'. പ്രവാചകൻ: 'റമദ്വാനിൽ നോമ്പനുഷ്ഠിക്കണം.' ആഗതൻ: 'അതല്ലാത്ത വല്ല ബാധ്യതയും?' പ്രവാചകൻ: 'ഇല്ല, നീ ഐച്ഛികമായി ചെയ്താലല്ലാതെ'. പ്രവാചകൻ സകാത്തിനെപ്പറ്റി പറഞ്ഞു. അപ്പോൾ ആഗതൻ: 'അതല്ലാത്ത വല്ല ബാധ്യതയും?' പ്രവാചകൻ: 'ഇല്ല, നീ ഐച്ഛികമായി ചെയ്യുന്നതല്ലാതെ.' ആഗതൻ പിന്തിരിഞ്ഞുപോയപ്പോൾ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'ഇപ്പറഞ്ഞതിനേക്കാൾ ഞാനൊന്നും കൂട്ടുകയില്ല. ഇതിൽ നിന്നൊന്നും കുറയ്ക്കുകയുമില്ല.' അപ്പോൾ പ്രവാചകൻ പ്രതികരിച്ചു: 'അദ്ദേഹം നേരാണു പറഞ്ഞതെങ്കിൽ വിജയം വരിച്ചു. നേരാണു പറഞ്ഞതെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും." (ബുഖാരി, മുസ്ലിം)

ان أعرابيا أتى النبي(ص) فقال دلنى على عمل إذا عملته دخلت الجنة فقال تعبد الله ولا تشرك به شيئا وتقيم الصلاة المكتوبة وتؤدى الزكاة المفروضة وتصوم رمضان قال والذى نفسى بيده لا أزيد على هذا فلما ولى قال رسول الله من سره ان ينظر إلى رجل من أهل الجنة فلينظر إلى هذا (البخارى)

"ഒരു ഗ്രാമീണൻ നബി(സ്വ)യുടെ അടുക്കൽ വന്ന് ഇപ്രകാരം ഉണർത്തിച്ചു: 'ഞാൻ സ്വർഗത്തിൽ കടക്കാൻ പര്യാപ്തമായ കർമങ്ങൾ എന്നെ അറിയിച്ചാലും.' പ്രവാചകൻ പറഞ്ഞു: 'നീ അല്ലാഹുവിനെ ആരാധിക്കുക, അവനിൽ മറ്റാരെയും പങ്കുചേർക്കാതിരിക്കുക, നിർബന്ധ നമസ്കാരം മുറപ്രകാരം നിർവഹിക്കുക, നിശ്ചയിക്കപ്പെട്ട സകാത്ത് നല്കുക, റമദ്വാനിൽ നോമ്പനുഷ്ഠിക്കുക.' ആ ഗ്രാമീണൻ പറഞ്ഞു: 'പടച്ചവനാണ് സത്യം, ഇതിലപ്പുറം ഞാൻ ഒന്നും ചെയ്യുകയില്ല.' അദ്ദേഹം പോയപ്പോൾ പ്രവാചകന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: 'സ്വർഗാവകാശിയെ കാണണമെങ്കിൽ ഇദ്ദേഹത്തെ നോക്കൂ" (ബുഖാരി). ഈ രണ്ടു ഹദീഥുകളിൽ നിന്ന് മനസ്സിലാകുന്നത് നിർബന്ധ ദാനത്തിനപ്പുറം ബാധ്യതയില്ല. കൂടുതൽ പുണ്യത്തിനുവേണ്ടി വേണമെങ്കിൽ ചെയ്യാമെന്നു മാത്രമേയുള്ളൂ. അതിനാൽ സകാത്തല്ലാത്ത സാമ്പത്തിക ബാധ്യത ഇല്ല എന്നാകുന്നു.

സകാത്ത് കൊടുക്കുന്നതോടുകൂടി ഒരാളുടെ സകല സാമ്പത്തിക ബാധ്യതകളും തീരുന്നില്ല, വേറെയും ബാധ്യതകളുണ്ട് എന്നു പറയുന്നവർ നിരത്തുന്ന ന്യായങ്ങളും പ്രസക്തമാണ്. പുണ്യത്തെപ്പറ്റി പറഞ്ഞപ്പോൾ ഖുർആൻ ഇങ്ങനെ വ്യക്തമാക്കി:

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും

മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും സ്വത്തിനോടു പ്രിയമുണ്ടായിട്ടും അതു ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ചുവരുന്നവർക്കും അടിമമോചനത്തിനും നല്കുകയും പ്രാർഥന മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നല്കുകയും കരാറിലേർപ്പെട്ടാൽ അതു നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യംപാലിച്ചവർ. അവർ തന്നെയാകുന്നു സൂക്ഷ്മത പുലർത്തുന്നവർ.” (2:177)

ഈ ആയത്തിൽ നമസ്കാരവും സകാത്തും പറഞ്ഞതിനു പുറമെ ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും ധനസഹായം നല്കാൻ നിഷ്കർഷിക്കുന്നുണ്ട്. സകാത്തിനുശേഷം യാതൊരു ബാധ്യതയുമില്ലെങ്കിൽ ഈ പ്രസ്താവത്തിന് അർഥമില്ലല്ലോ. കൂടാതെ, നിരവധി സന്ദർഭങ്ങളിൽ സമ്പത്ത് ചെലവഴിക്കേണ്ട ബാധ്യത പ്രവാചകൻ(സ്വ) വ്യക്തമാക്കിയിട്ടുണ്ട്. അയൽവാസികൾ, ബന്ധുക്കൾ, അതിഥികൾ, സന്ദർശകർ തുടങ്ങിയവർക്കു വേണ്ടിയൊക്കെ ധനം ചെലവഴിക്കൽ ബാധ്യതയാണെന്ന് തന്നെ നബി(സ്വ) പറഞ്ഞിട്ടുണ്ട്.

## സ്വദക്വയുടെ അനിവാര്യത

ഈ രണ്ടു വീക്ഷണങ്ങൾക്കും ഉപോൽബലകമായ തെളിവുകൾ പ്രബലങ്ങളാണ്. സൂക്ഷ്മമായി വിശകലനം ചെയ്താൽ ഇവ വിരുദ്ധ വീക്ഷണങ്ങളല്ല എന്ന് മനസ്സിലാകും. ഒന്ന് മറ്റേതിനെ നിഷേധിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നില്ല. സകാത്തിനു പുറമെ മറ്റു ബാധ്യതകളില്ല എന്നു പറയുന്നവർ കുടുംബത്തിനോ അനാഥകൾക്കോ ഉള്ള ബാധ്യത നിഷേധിക്കുന്നില്ല. സമ്പത്ത് നിശ്ചിത പരിധി എത്തിക്കഴിഞ്ഞാൽ വിതരണ ഉദ്യോഗസ്ഥന്മാർക്ക് ഏല്പിക്കേണ്ടതാണ് സകാത്ത്. സകാത്തല്ലാത്ത ബാധ്യതകൾ ആവശ്യം വരുമ്പോൾ മാത്രം നല്കേണ്ടതാണ് എന്നുമാത്രം. സകാത്തിനു നിർണിതമായ തോതുണ്ട്. മറ്റു ബാധ്യതകൾക്കാകട്ടെ അതില്ല. ചിലപ്പോൾ കൈവശമുള്ളത് മുഴുവൻ ചെലവഴിക്കേണ്ടിവന്നു എന്നുവരാം. ഈ വസ്തുതകൾ ആരും നിഷേധിക്കുന്നില്ല. മേൽപറഞ്ഞത് കേവലം വീക്ഷണ വ്യത്യാസങ്ങൾ മാത്രമാണ്.

കൃത്യമായി സകാത്ത് നല്കി തങ്ങളുടെ ധനം ശുദ്ധീകരിച്ച ആളുകൾ സമൂഹത്തിന്റെ സ്ഥിതിഗതികൾ കണക്കിലെടുത്ത് നിർവഹിക്കേണ്ട നിരവധി ബാധ്യതകൾ പ്രവാചകൻ നിർദേശിക്കുന്നുണ്ട്. അവയൊന്നും സകാത്തു പോലെ ധനത്തിന്റെ ബാധ്യതയല്ല. മറിച്ച്, വ്യക്തികൾ ചെയ്തിരിക്കേണ്ട സാമൂഹിക ബാധ്യതകളത്രെ.

അനാഥയെ അവഗണിച്ചു തള്ളിയവനും അഗതിക്ക് ആഹാരം നല്കാൻ പ്രേരണ പോലും ചെലുത്താത്തവനും മതനിഷേധിയാണെന്ന്

ക്വുർആൻ ചൂണ്ടിക്കാണിക്കുന്നു. (107: 1-3)

വിധവകളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നവൻ ധർമസമരത്തിലെ യോദ്ധാവിനെപ്പോലെയാണെന്ന് പ്രവാചകൻ(സ്വ) പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ, നിർബന്ധദാനമായ സകാത്തിനു പുറമെ നാം ചെയ്യേണ്ട നിരവധി ബാധ്യതകളുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

വേറെയും ചില സാമൂഹിക മര്യാദകൾ വിശ്വാസിയുടെ ബാധ്യതയായി പ്രവാചകൻ പഠിപ്പിക്കുന്നു:

من كان يؤمن بالله واليوم الآخر فليكرم ضيفه (البخارى)

"ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അയാൾ തന്റെ അതിഥിയെ ബഹുമാനിക്കട്ടെ." (ബുഖാരി)

അയൽവാസിയെ ആദരിക്കുന്നതും ഈമാനിന്റെ ഭാഗമായി പ്രവാചകൻ പഠിപ്പിക്കുന്നു.

നമ്മെ സന്ദർശിക്കുന്നവർക്ക് പോലും നാം ചെയ്യേണ്ട ബാധ്യതകൾ വിസ്മരിച്ചുകൂടാ.

وان لزورك عليك حقا

"നിന്റെ സന്ദർശകരോടു നിനക്കു ബാധ്യതയുണ്ട്."

ഇതിനേക്കാൾ ചെറിയ തോതിലുള്ള പരോപകാരം പോലും പുണ്യമാണ്. അവ തടഞ്ഞവൻ യഥാർഥ വിശ്വാസിയല്ല എന്ന് ക്വുർആൻ പറയുന്നു:

''അവർ (വിശ്വാസം നിഷ്കളങ്കമല്ലാത്തവർ) പരോപകാരം തടയുന്നു." (107: 7)

സമൂഹത്തിന് പൊതുവിലും സമുദായത്തിന് പ്രത്യേകിച്ചും ഉണ്ടാകാവുന്ന ദുരിതങ്ങൾ അകറ്റാനാവശ്യമായ എല്ലാ നിർദേശങ്ങളും ഇസ്‌ലാം നല്കിയിട്ടുണ്ട്. സമുദായം ഈ കാര്യങ്ങൾ ഗൗരവപൂർവം കണക്കിലെടുക്കാത്തതിന്റെ ഫലമായി മറ്റു സമുദായങ്ങളുടെ ഔദാര്യത്തിനു വേണ്ടി മുസ്‌ലിംകൾ കൈനീട്ടുകയും ഒരുവേള അങ്ങോട്ട് മനസ്സു നീങ്ങിപ്പോവുകയും ചെയ്യുന്ന പരിതാപകരമായ അവസ്ഥയും ചിലപ്പോൾ ഉണ്ടാകാറുണ്ട്. സമുദായ നേതൃത്വം ബോധപൂർവം ഉണർന്നു പ്രവർത്തിച്ചേ പറ്റൂ.

## ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു

എല്ലാ മതങ്ങളിലും ദാനം പുണ്യമുള്ള കാര്യമാണ്. ഇസ്‌ലാമാകട്ടെ, സാമ്പത്തിക രംഗത്തെ എല്ലാതരം ചൂഷണങ്ങളും നിരോധിക്കുകയും സ്വദകയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

"അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നു" (2:276). "സമ്പത്ത് മനുഷ്യ ജീവിതത്തിന്റെ നിലനില്പാണ്" (4:5) എന്നു ക്വുർആൻ പറയുന്നു. ഈ സമ്പത്തിന്റെ

ലഭ്യത എല്ലാവർക്കും ഒരുപോലെയല്ല. പടച്ചവൻ നിശ്ചയിച്ച ക്രമത്തിലാണത്. ആ ക്രമം മാറ്റി എല്ലാവരെയും ഒന്നുപോലെ ആക്കാൻ ഒരിക്കലും കഴിയില്ല. സ്രഷ്ടാവ് പറയുന്നു:

"തീർച്ചയായും നിങ്ങളുടെ പരിശ്രമം വിഭിന്ന രൂപത്തിലുള്ളതാണ്" (92:4). വ്യത്യസ്ത കഴിവുകൾ ഉപയോഗിച്ച് സമ്പാദിക്കുന്നതും വ്യത്യസ്ത അളവിലാണ്.

അതേസമയം ക്വുർആൻ ശക്തിയായി അനുശാസിക്കുന്ന കാര്യമാണ് നിങ്ങൾ സമ്പാദിച്ച നല്ല വസ്തുക്കളിൽ നിന്നും നാം ഉല്പാദിപ്പിച്ചു തന്നതിൽ നിന്നും ദാനം ചെയ്യണമെന്നത് (2:267). തന്റെ സ്വത്തിന്റെ നിശ്ചിത അവകാശം സകാത്തായി ഒരാൾ നല്കിക്കഴിഞ്ഞാൽ ബാക്കിയുള്ള സ്വത്ത് ശുദ്ധമായി. തന്റേത് മാത്രമായി. അതിൽ നിന്ന് സമൂഹത്തിന് ആവശ്യമെങ്കിൽ ദാനം ചെയ്യണമെന്നാണ് കല്പന. അത് എത്രയാണെന്നോ എപ്പോൾ കൊടുക്കണമെന്നോ നിർണയിച്ചിട്ടില്ല. കഴിവനുസരിച്ച് ആവശ്യം വരുമ്പോൾ നിർവഹിക്കണം. സന്ദർഭത്തിന്റെ പ്രാധാന്യമനുസരിച്ച് ചിലപ്പോൾ ദാനം നിർബന്ധമായി എന്നുവരാം.

ഇങ്ങനെ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവർക്ക് വലിയ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്യുന്നു:

"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉല്പാദിപ്പിച്ചു. ഓരോ കതിരിലും നൂറു ധാന്യമണിയും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നല്കുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും എല്ലാം അറിയുന്നവനുമാണ്." (2:261)

ദാനധർമങ്ങൾ കുറ്റമറ്റതായിത്തീരാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

നല്ലതു മാത്രമേ ദാനം ചെയ്യാവൂ.

ولا يقبل الله الا الطيب

"അല്ലാഹു നല്ലതു മാത്രമേ സ്വീകരിക്കൂ."

മറ്റുള്ളവർ കാണാൻ വേണ്ടിയോ പ്രത്യുപകാരം പ്രതീക്ഷിച്ചുകൊണ്ടോ ആകരുത്.

"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുകയും അതിനെ തുടർന്ന് ചെലവു ചെയ്തത് എടുത്തുപറയുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവരർഹിക്കുന്ന പ്രതിഫലം ഉണ്ടായിരിക്കും. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല." (2:262)

ചെയ്ത ഉപകാരം എടുത്തുപറഞ്ഞാൽ അതിന്റെ പ്രതിഫലം നഷ്ടമായിത്തീരും.

"സത്യവിശ്വാസികളേ, കൊടുത്തത് എടുത്തുപറഞ്ഞുകൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങൾ നിഷ്ഫലമാക്കിക്കളയരുത്." (2:264)

വലതുകൈ ദാനം ചെയ്തത് ഇടതുകൈ അറിയാത്തത്ര രഹസ്യമായി ദാനംചെയ്യുന്നത് വലിയ കാര്യമായി പ്രവാചകൻ വ്യക്തമാക്കുന്നു (ബുഖാരി). എന്നാൽ സദുദ്ദേശ്യത്തോടെയോ മറ്റുള്ളവർക്ക് മാതൃകക്കു വേണ്ടിയോ പരസ്യപ്പെടുത്തുന്നതിനു വിരോധമില്ല.

"നിങ്ങളുടെ ദാനധർമങ്ങൾ പരസ്യമായി ചെയ്യുന്നുവെങ്കിൽ അത് നല്ലതു തന്നെ. എന്നാൽ നിങ്ങളത് രഹസ്യമാക്കുകയും ദരിദ്രർക്ക് നല്കുകയുമാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം." (2:271)

ഏറ്റവും ഇഷ്ടപ്പെട്ടത് ദാനം ചെയ്യണം.

"നിങ്ങളിഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല'' (3:92). ഏറ്റവും പുണ്യമേറിയ ദാനമേതാണെന്നു ചോദിച്ചപ്പോൾ പ്രവാചകൻ(സ്വ) പറഞ്ഞ മറുപടി ഇതായിരുന്നു;

أن تصدق وأنت صحيح شحيح

"നീ ആരോഗ്യവാനും പണക്കൊതിയുള്ളവനും ആയിരിക്കെ ധർമം ചെയ്യുന്നതാണ് ഉത്തമം." (ബുഖാരി)

ആരോഗ്യം നശിച്ച ശേഷമോ മരണവേളയിലോ അല്ല ദാനം ചെയ്യേണ്ടതെന്ന് അർഥം.

"നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി, നാം നല്കിയതിൽ നിന്നു നിങ്ങൾ ചെലവഴിക്കുക'' (63:10), ''അന്ത്യനാളടുക്കുന്നതിനു മുമ്പായി ചെലവു ചെയ്യുക" (2:254) എന്നും ക്വുർആൻ ഉണർത്തുന്നു.

ദാനം ചെയ്യുന്നത് പ്രത്യുപകാരമോ പ്രതിഫലമോ നന്ദിപോലുമോ പ്രതീക്ഷിച്ചുകൊണ്ടാവരുത്. പുണ്യവാന്മാരുടെ വിശേഷണമായി ക്വുർആൻ പറഞ്ഞതിങ്ങനെയാണ്:

"ആഹാരത്തോടു പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥക്കും തടവുകാരനും അവരത് നല്കുന്നു. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നല്കുന്നത്. നിങ്ങളുടെ പക്കൽ നിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചൂളിപ്പോകുന്നതും ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു." (76: 8–10)

സച്ചരിതരായ സ്വഹാബിവര്യന്മാരുടെ സ്വഭാവ മഹിമയെ ക്വുർആൻ പ്രശംസിച്ചതിങ്ങനെയാണ്:

"തങ്ങൾക്ക് അത്യാവശ്യമുണ്ടായിരിക്കെ തന്നെ അവർ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് മുൻഗണന നല്കുന്നു." (വി.ക്വു. 59:8)

പ്രവാചകന്റെ(സ്വ) ഏറ്റവും വലിയ ഗുണവിശേഷമായിരുന്നു ഔദാര്യം.

كان النبى (ص) أجود الناس خيرا (البخارى)

"പ്രവാചകൻ ജനങ്ങളിൽ ഏറ്റവുമധികം ഔദാര്യവാനായിരുന്നു". (ബുഖാരി)

ദാനധർമങ്ങൾ സമ്പന്നരുടെ മാത്രം ബാധ്യതയായി ഗണിക്കപ്പെടരുത്. പ്രവാചകൻ(സ്വ) സമ്പന്നനായിരുന്നില്ലല്ലോ. സ്വഹാബിമാരിൽ അധികപേരും സമ്പന്നരായിരുന്നില്ല. അവനവന്റെ കഴിവനുസരിച്ച് ആവശ്യക്കാർക്കുവേണ്ടി ചെലവഴിക്കാൻ എല്ലാവരും തയ്യാറാവുകയാണു വേണ്ടത്.

ഔദാര്യ മനസ്ഥിതിയും സേവന തല്പരതയും ദുരിതാശ്വാസ പ്രവർത്തനവുമൊക്കെ മുസ്‌ലിം സമുദായത്തിന്റെ മുഖമുദ്രയാകേണ്ടതാണ്. സ്വന്തമായി കഴിയാത്തവൻ കഴിവുള്ളവരെ പ്രേരിപ്പിക്കണം. മുസ്‌ലിം സമുദായം ഈ രംഗത്ത് വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തതിന്റെ ഫലമായി ദുരിതാശ്വാസത്തിന്റെയും ആതുര ശുശ്രൂഷയുടെയും കാര്യത്തിൽ മുസ്‌ലിം സഹോദരങ്ങൾ മറ്റു പലരെയും ആശ്രയിക്കേണ്ടിവരുന്ന ഗതികേടുണ്ടാവും.

## ചിലപ്പോൾ ബാധ്യതതന്നെ

സ്വദക്വ സകാത്തിനെപ്പോലെ നിർബന്ധമല്ല എന്നും അതിന് നിർണയിക്കപ്പെട്ട വിഹിതമില്ല എന്നും പറഞ്ഞതിനാൽ അതു വേണമെങ്കിൽ ചെയ്താൽ മതി എന്ന രീതിയിൽ കേവലം ഐച്ഛികമായ കർമമായി കാണരുത്. സമുദായത്തിന് നേരിടുന്ന ആവശ്യത്തിനനുസരിച്ച് അത് ചിലപ്പോൾ അത്യാവശ്യവും നിർബന്ധവുമായിത്തീരുന്നു. മതത്തിന്റെ പ്രധാന ഘടകമായി ക്വുർആൻ ദാനധർമങ്ങളെ എണ്ണിയിട്ടുണ്ട്. അഗതികളും അനാഥരും അടിമത്തം അനുഭവിക്കുന്നവരും സമൂഹത്തിലുണ്ടെങ്കിൽ പ്രത്യേകിച്ചും. ദുരിതമനുഭവിക്കുന്നവർ സമൂഹത്തിലുണ്ടായിട്ട് തിരിഞ്ഞുനോക്കാത്തവൻ മുസ്‌ലിമാണെന്നു പറയാൻ പ്രയാസമാണ്.

"മതത്തെ വ്യാജമാക്കുന്നവനാരെന്നു നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുകയും പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്." (107:1–3)

സത്യത്തിന്റെയും ധർമത്തിന്റെയും പാത അനായാസം നടന്നുപോകാവുന്നതല്ല. പ്രയാസപൂർവം കടന്നുകയറിപ്പോകേണ്ടതത്രെ അത്. വിശ്വാസം മനസ്സിൽ കടക്കാതെ അലക്ഷ്യമായി പ്രാർഥന ഉരുവിടുകയും സമൂഹത്തിന്റെ പ്രയാസങ്ങൾ മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നവൻ സത്യനിഷേധിയെപ്പോലെയാണ്.

"എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയുമോ? ഒരു അടിമയെ മോചിപ്പിക്കുകയോ പട്ടിണിയുള്ള നാളിൽ കുടുംബബന്ധമുള്ള അനാഥയ്ക്കോ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്നോ ഭക്ഷണം കൊടുക്കുകയോ ചെയ്യുകയത്രെ

അത്." (90: 11-16)

ليس المؤمن الذى يشبع وجاره جائع

"അയൽവാസി പട്ടിണി കിടക്കുമ്പോൾ വയർ നിറച്ച് ആഹാരം കഴിക്കുന്നവൻ മുസ്‌ലിമല്ല" എന്നു പ്രവാചകൻ പറഞ്ഞതിൽ നിന്ന് ഒരു വിശ്വാസിയുടെ സാമൂഹിക പ്രതിബദ്ധത മനസ്സിലാക്കാം. "നല്ല കറി വയ്ക്കുകയാണെങ്കിൽ അല്പം വെള്ളം ചേർത്തെങ്കിലും അയൽ വാസിയെ പരിഗണിക്കുക" എന്ന് പ്രവാചകൻ ഓർമിപ്പിച്ചതിലൂടെ സാമൂഹിക മനശ്ശാസ്ത്രം പോലും ഇസ്‌ലാം പരിഗണിക്കുന്നു.

അത്യാധുനിക സൗകര്യങ്ങളുള്ള ബഹുനില കെട്ടിടങ്ങൾ താമസി ക്കുവാനായി പണിതിടുന്നവർ അയൽപക്കത്തുള്ള ഓലപ്പുര പരിഗണിക്കുന്നില്ലെങ്കിൽ അത് ഇസ്‌ലാമിന്റെ ചൈതന്യത്തിന് നി രക്കുന്നതല്ല എന്ന് ഓർക്കുക.

സമുദായത്തിൽ ഏറെ ദുരിതമനുഭവിക്കാനിടയുള്ള വിധവകളുടെ രക്ഷയ്ക്ക് വേണ്ടി പ്രവർത്തിക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്.

الساعى على الأرملة كمثل الصائم القائم

"വിധവകളുടെ കാര്യത്തിൽ പ്രവർത്തിക്കുന്നവർ നമസ്കരിക്കു കയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവരെപ്പോലെ തന്നെയാണ്"

الساعى على الأرملة والمسكين كالمجاهد فى سبيل الله (متفق عليه)

"വിധവകളുടെയും അഗതികളുടെയും സംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കുന്നവൻ ധർമ സമര യോദ്ധാവിനെപ്പോലെയാണ്" (ബുഖാരി, മുസ്‌ലിം)

ഈ നബിവചനങ്ങൾ ഇത്തരം കാര്യങ്ങളുടെ പ്രാധാന്യവും സമൂഹത്തോടുള്ള ബാധ്യതയും അറിയിക്കുന്നു. സമുദായം ഈ രംഗത്ത് കണ്ണുതുറക്കാതിരുന്നാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാവു കയും ചെയ്യും.

## സമുദായത്തിന്നുമപ്പുറത്തേക്ക്

സത്യവിശ്വാസിയുടെ ഔദാര്യം മുസ്‌ലിം സമുദായത്തിൽ മാത്രം ഒതുങ്ങുന്നതല്ല. അയൽവാസിക്ക് ഗുണം ചെയ്യാൻ പറഞ്ഞു. അയാൾ ഏതു മതക്കാരനാണെങ്കിലും അതു ബാധകമാണ്.

"ആഹാരത്തോടു പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരനും അവരത് നല്കുന്നു" (76:8) എന്നു ക്വുർആൻ പറഞ്ഞത് മുസ്‌ലിംകൾക്കു മാത്രം എന്ന അർഥത്തിലല്ല. ശത്രുവിഭാഗത്തിൽ പെട്ട അവിശ്വാസിയായിരിക്കുമല്ലോ യുദ്ധത്ത ടവുകാരൻ.

"മതത്തിന്റെ കാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ സ്വന്തം ഭവനങ്ങളിൽ നിന്ന് കുടിയിറക്കാത്തവരും ആരോ അവർക്ക് നിങ്ങൾ നന്മ ചെയ്യുന്നതും അവർക്ക് നീതി നല്കുന്നതും

അല്ലാഹു നിങ്ങൾക്ക് വിലക്കിയിട്ടില്ല. അല്ലാഹു തീർച്ചയായും നീതി ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു." (60:8)

മാതാപിതാക്കൾ ബഹുദൈവാരാധകരോ അവിശ്വാസികളോ ആണെങ്കിൽ പോലും അവർക്ക് നന്മ ചെയ്യണമെന്ന് ക്വുർആൻ കല്പിക്കുന്നു. (31:15)

## ജന്തുജാലങ്ങളിലേക്കും

മനുഷ്യർക്കു മാത്രമല്ല, ജന്തുക്കൾക്കുവേണ്ടി നന്മ ചെയ്യുന്നതും ധർമമാണ് എന്ന് പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നു. 'ദാഹിച്ചു വലഞ്ഞ നായയ്ക്കു വെള്ളം നല്കിയ വ്യക്തിക്കു അല്ലാഹു പാപങ്ങൾ പൊറുത്തുകൊടുത്തു' എന്ന് നബി(സ്വ) പറഞ്ഞപ്പോൾ സ്വഹാബികൾ ചോദിച്ചു: 'മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്കു പുണ്യം കിട്ടുമോ?' പ്രവാചകന്റെ പ്രത്യുത്തരം: 'പച്ചക്കരളുള്ള എന്തിലും ധർമമുണ്ട്." (ബുഖാരി, മുസ്ലിം)

സ്വദക്വയുടെ പ്രാധാന്യം ഇത്രമാത്രം വിശാലമാണ്. മനുഷ്യർക്ക് സ്ഥിരമായ നേട്ടം കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥായിയായ ദാനങ്ങൾക്കാണ് صدقة جارية എന്നു പറയുന്നത്. ഇമാം അഹ്മദ്, മുസ്ലിം എന്നിവർ ഉദ്ധരിച്ച ഹദീഥ് ഇപ്രകാരമാണ്:

أن رسول الله (ص) قال إذا مات الإنسان إنقطع عمله إلا من ثلاثة
صدقة جارية أو علم ينتفع به أو ولد صالح يدعوله

"സ്ഥായിയായ ദാനധർമം, പ്രയോജനകരമായ വിജ്ഞാനം, തനിക്കു വേണ്ടി പ്രാർഥിക്കുന്ന മക്കൾ -ഈ മൂന്നു കാര്യങ്ങൾ ഒഴിച്ച് മറ്റ് എല്ലാ കർമങ്ങളും ഒരാൾ മരിക്കുന്നതോടെ നിലച്ചുപോകുന്നു." സ്ഥായിയായ ദാനത്തിനു മരണാനന്തരവും പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കുമെന്നർഥം.

ഈ പറഞ്ഞതെല്ലാം നിർബന്ധമായ സകാത്തു നല്കിയ ശേഷവും ചെയ്യേണ്ടതാണ്. വലിയ ക്ഷാമവും ശത്രുക്കളിൽ നിന്ന് യുദ്ധഭീഷണിയും നേരിട്ട സമയത്ത് നബി(സ്വ) തന്റെ അനുയായികളോട് സംഭാവന ചെയ്യാനാവശ്യപ്പെട്ടു. ഉമർ(റ), നന്മയിൽ അബൂബക്കറി(റ)നെ മറികടക്കാൻ വേണ്ടി തന്റെ ധനത്തിന്റെ പകുതി നബി(സ്വ)യുടെ ആഹ്വാനപ്രകാരം ദാനംചെയ്തു. അബൂബക്കർ(റ) ആകട്ടെ, തന്റെ കൈവശമുള്ളതത്രയും ദാനം ചെയ്തു. 'ഒരിക്കലും തനിക്കദ്ദേഹത്തെ മറികടക്കാനാവില്ല' എന്ന് ഉമർ(റ) പറഞ്ഞു. (അഹ്മദ്, അബൂദാവൂദ്, തുർമുദി)

സന്നിഗ്ധ ഘട്ടത്തിൽ തനിക്കുള്ളതെന്തും ദീനിനുവേണ്ടി ത്യജിക്കാൻ തയ്യാറാകണം. അതേസമയം പുണ്യത്തിനുവേണ്ടി സർവസ്വവും ദാനംചെയ്ത് തന്റെ കുടുംബത്തെ വഴിയാധാരമാക്കണമെന്നോ അനന്തരാവകാശികളെ പാപ്പരാക്കണമെന്നോ ഇസ്ലാം നിഷ്കർഷിക്കുന്നില്ല. അതു പുണ്യമല്ല താനും. തന്റെ സ്വത്തു മുഴുവൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ തയ്യാറായ സ്വഹാബിയോട്

പ്രവാചകൻ പറഞ്ഞു: 'അരുത്.' 'എന്നാൽ മൂന്നിൽ രണ്ടുഭാഗം ധർമം ചെയ്യാ'മെന്നു പറഞ്ഞു. 'അതും വേണ്ടെ'ന്നായിരുന്നു മറുപടി. 'പകുതിയോ?' 'വേണ്ടതില്ല.' 'എന്നാൽ മൂന്നിലൊന്ന്?' അപ്പോൾ പ്രവാചകൻ പറഞ്ഞു: 'ആവട്ടെ. മൂന്നിലൊന്ന് തന്നെ കൂടുതലാണ്."

ദാനം പുണ്യകരമായി നിശ്ചയിച്ചത് വ്യക്തികൾക്ക് പ്രയാസമുണ്ടാക്കാനല്ല. സമൂഹം മൊത്തത്തിൽ കഷ്ടത അനുഭവിക്കരുത് എന്നാണതിന്റെ താല്പര്യം. സമ്പത്തിന് ആരിലും സ്ഥായീഭാവമില്ല. ഇന്നത്തെ സമ്പന്നൻ നാളത്തെ ദരിദ്രനാകാം. നേരെ മറിച്ചും. എല്ലാം അല്ലാഹുവിന്റെ നിശ്ചയത്തിനു വിധേയം.

## ദാനം നഷ്ടമല്ല

കൈവശമുള്ള പണം ദാനംചെയ്യുന്നത് നഷ്ടമാണ് എന്നു കരുതുന്നത് ശരിയല്ല. സാമ്പത്തിക ശാസ്ത്രമനുസരിച്ചു തന്നെ, സമ്പത്തിന്റെ കേന്ദ്രീകരണമല്ല, വിതരണവും വ്യാപനവുമാണ് വർധനവിന് ആധാരം. ധാർമികമായും ഈ തത്വം നബി(സ്വ) സ്വീകരിക്കുകയാണ്. നബി(സ്വ) പറയുന്നതു ശ്രദ്ധിക്കുക:

"ഓരോ ദിവസവും രണ്ടു മലക്കുകൾ ഭൂമിയിലേക്കിറങ്ങുന്നു. ഒരാൾ ഇപ്രകാരം പ്രാർഥിക്കുന്നു:

ألّلهم اعط منفقا خلفا ألّلهم اعط ممسكا تلفا

'അല്ലാഹുവേ, സമ്പത്ത് ചെലവഴിക്കുന്നവന്ന് അതിനു പകരം നല്കേണമെ. രണ്ടാമൻ ഇപ്രകാരം പ്രാർഥിക്കുന്നു: അല്ലാഹുവേ, ചെലവഴിക്കാതെ പിശുക്കു കാണിക്കുന്നവന്നു നാശം നല്കേണമേ." (മുസ്‌ലിം)

സമൂഹത്തിന്റെ അവശതാനിവാരണവും വ്യക്തിയുടെ പരിശുദ്ധിയുമാണ് ദാനധർമങ്ങളിലൂടെ ഇസ്‌ലാം വിഭാവന ചെയ്യുന്നത്. ദയ, സമസൃഷ്ടി സ്നേഹം, സൂക്ഷ്മത (തക്‌വ), പരലോകബോധം ഇവയെല്ലാം ദാനധർമങ്ങളിലൂടെ നേടിയെടുക്കാം. എന്നാൽ പണക്കാർക്കു മാത്രം സാധിക്കുന്ന ഒന്നല്ല ധർമം. പ്രവാചകൻ പറഞ്ഞു:

كل معروف صدقة (مسلم)

"എല്ലാ നല്ല കാര്യവും ധർമമാണ്." (മുസ്‌ലിം)

من استطاع منكم ان يتقى النار فليتصدق ولو بشق تمرة (مسلم،أحمد)

"നരകത്തെ കാത്തുസൂക്ഷിക്കാൻ ആർക്കെങ്കിലും സാധിക്കുമെങ്കിൽ ഒരു കാരയ്ക്കയുടെ പൊളിയെങ്കിലും അവൻ ദാനം ചെയ്യട്ടെ." (അഹ്മദ്, മുസ്‌ലിം)

"ഒരു മുസ്‌ലിം മരം നടുകയോ കൃഷിയിറക്കുകയോ ചെയ്ത് അതിൽ നിന്ന് മനുഷ്യനോ മൃഗമോ ഭക്ഷിക്കുകയാണെങ്കിൽ അത് അവന്റെ ദാനമായി പരിഗണിക്കപ്പെടും." (ബുഖാരി)

ഇതൊന്നും സാധിക്കാത്ത ദുർബലരായ ആളുകൾക്കും ധർമത്തിന്റെ

പുണ്യം ലഭിക്കും. സഹോദരനോട് ആത്മാർഥമായി പുഞ്ചിരിക്കുന്നതും തന്റെ ബക്കറ്റിൽ നിന്ന് അപരനു ജലം പകർന്നുകൊടുക്കുന്നതും വഴിയിൽ നിന്ന് ഉപദ്രവം നീക്കുന്നതും ബലഹീനനെ വാഹനം കയറാൻ സഹായിക്കുന്നതും എല്ലാം സ്വദഖയുടെ ഇനത്തിൽ പെടുന്നതായി ഹദീഥുകൾ വ്യക്തമാക്കിയിട്ടുണ്ട്.

ദുരിതാശ്വാസപ്രദവും സാമൂഹിക ക്ഷേമപരവുമായ ഈ ദാനധർമങ്ങൾ അടുത്ത കുടുംബത്തിനും പാവങ്ങൾക്കും അടിമകൾക്കും അശരണരായ എല്ലാവർക്കും നല്കാൻ അല്ലാഹു കല്പിക്കുന്നു. പുണ്യം എന്താണെന്നു വിശദീകരിക്കുമ്പോൾ വിശ്വാസവും നമസ്കാരവും സകാത്തും കരാർ പാലനവും സഹനവും പറഞ്ഞ കൂട്ടത്തിൽ ക്വുർആൻ എടുത്തുപറയുന്നു:

''സ്വത്തിനോടു പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ചുവരുന്നവർക്കും അടിമ മോചനത്തിനും നല്കുക(യുമാണ് പുണ്യം).'' (2:177)

അടുത്ത കുടുംബത്തിൽ പട്ടിണിപ്പാവങ്ങളുണ്ടെങ്കിൽ അവരെയാണ് ആദ്യം പരിഗണിക്കേണ്ടത്.

كفى بالمرء إثما أن يضيع من يقوت (مسلم)

''ചെലവു കൊടുക്കൽ നിർബന്ധമായവരെ അവഗണിക്കുക എന്നതു മാത്രം മതി ഒരാൾക്കു പാപിയായിത്തീരാൻ.'' (മുസ്‌ലിം)

മഹത്തായ ഉദ്ദേശ്യം

വളരെ വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് ഇസ്‌ലാം സകാത്തും സ്വദഖയും ഏർപ്പെടുത്തിയിരിക്കുന്നത്. ദുരിതാശ്വാസം ദീനിന്റെ പൂർണതയ്ക്കാവശ്യമായി ഇസ്‌ലാം കാണുന്നു. ദാനധർമങ്ങൾ യാചകരെ സൃഷ്ടിക്കുകയാണെന്ന ഭൗതികവാദികളുടെ ആക്ഷേപം വസ്തുതകൾ മനസ്സിലാക്കാതെയാണ്. കേവലം ദാനത്തിനുള്ള ആഹ്വാനമല്ല. വിശ്വാസത്തിലധിഷ്ഠിതമായ പുണ്യകർമമായിട്ടാണ് അതിനെ ഇസ്‌ലാം കാണുന്നത്. ദാനം നല്കാൻ പ്രേരിപ്പിക്കുന്നതോടൊപ്പം യാചന നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. 'ആഹാരത്തിന്നായി ആളുകളോട് ചോദിക്കുന്നതിനേക്കാൾ കാട്ടിൽ പോയി വിറകുവെട്ടി അതു വിറ്റു ജീവിക്കുകയാണ് നല്ലത്' എന്ന് നബി(സ്വ) പറയുന്നു.

യാചന തൊഴിലാക്കിയവർ ക്വിയാമത് നാളിൽ മുഖത്ത് മാംസമില്ലാതെ വികൃത രൂപത്തിൽ എഴുന്നേല്പിക്കപ്പെടുമെന്ന് നബി(സ്വ) താക്കീത് നല്കിയിട്ടുണ്ട്. എന്നാൽ "ചോദിച്ചുവന്നവനെ വിരട്ടിവിടരുത്" (93:10) എന്ന് കഴിവുള്ളവരോട് ക്വുർആൻ ഉണർത്തുന്നു. മനുഷ്യജീവിതത്തിന്റെ എല്ലാ വശവും കണക്കിലെടുത്ത് നിയമം നിർമിക്കാൻ സ്രഷ്ടാവിനു മാത്രമേ കഴിയൂ.

## ദാനശീലം മഹത്തായ സ്വഭാവം

ഇത്രയും മഹത്തായ ഈ സാമ്പത്തിക മാർഗദർശനം ഏറെ

വികലമാക്കിയത് മുസ്ലിംകൾ തന്നെ. മറ്റുള്ളവരുടെ ആക്ഷേപത്തിനു വിധേയമാകാൻ കാരണവും മറ്റൊന്നല്ല. സമുദായത്തിന്റെ ആവശ്യത്തിനനുസരിച്ച് ചെലവഴിക്കുന്നതിനു പകരം സ്വാർഥതയ്ക്കു വേണ്ടി ചെലവഴിച്ചു. പാവപ്പെട്ടവനെ സഹായിക്കുക എന്ന ഉദ്ദേശ്യത്തിൽ നിന്നു ദാതാവിന്റെ മേൽക്കോയ്മയിലേക്ക് അതു നീങ്ങി. ക്രമേണ സമ്പന്നന്റെ വീട്ടുപടിക്കൽ ആവശ്യക്കാരന്റെ നീണ്ട നിരകൾ കാണപ്പെടാൻ തുടങ്ങി.

കർമങ്ങൾക്ക് ഇരട്ടി പ്രതിഫലമുണ്ടെന്ന് വിശേഷിപ്പിക്കപ്പെട്ട റമദ്വാനിൽ സ്വദഖ്വയ്ക്ക് വളരെ പ്രാധാന്യമുണ്ട്. പ്രവാചകന്റെ ഔദാര്യത്തെപ്പറ്റി സ്വഹാബികൾ പരിചയപ്പെടുത്തിയതിങ്ങനെയാണ്:

فإذا لقيه جبريل(ع) كان أجود بالخير مثل الريح المرسلة (البخارى)

(റമദ്വാനിൽ) ജിബ്രീൽ(അ)തന്നെ കണ്ടുമുട്ടുമ്പോൾ വീശുന്ന കാറ്റുപോലെ പ്രവാചകൻ ഔദാര്യം ചെയ്യുമായിരുന്നു." (ബുഖാരി)

എന്നാൽ റമദ്വാനിലെ ഈ ദാനശീലം സകാത്ത് നല്കുന്ന കാര്യത്തിനു വേണ്ടി വിനിയോഗിക്കുകയും അതുതന്നെ ലൈലത്തുൽ ഖ്വദ്ർ എന്ന ധാരണയിൽ ഇരുപത്തി ആറിൽ പരിമിതപ്പെടുത്തുകയും ചെയ്തു. അതിനാൽ സകാത്തിന്റെയും സ്വദഖ്വയുടെയും ഗുണം സമുദായത്തിനു നഷ്ടപ്പെടുകയും യാചനയുടെ വിതാനത്തിലേക്ക് അതു താഴുകയും തന്മൂലം ലോകത്തിനു മുന്നിൽ ഈ കുറ്റമറ്റ വ്യവസ്ഥ പരിഹാസ്യമായിത്തീരാൻ ഇടവരികയും ചെയ്തു. സമുദായത്തിന്റെ തെറ്റായ സമീപനം കാരണം ഇസ്ലാം വിമർശിക്കപ്പെടാൻ കാരണമായി.

## കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം

സകാത്തും സ്വദഖ്വയും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയ ആദ്യ നൂറ്റാണ്ടുകളിൽ വളരെ കുറഞ്ഞ കാലം കൊണ്ട് സാമ്പത്തിക സന്തുലിതാവസ്ഥ നിലവിൽ വരികയും സകാത്തും സ്വദഖ്വയും സ്വീകരിക്കാൻ ആളില്ലാതെ വരികയും ചെയ്ത കാര്യം മുമ്പ് വിവരിച്ചു.

സകാത്തും സ്വദഖ്വയും സ്വീകരിക്കാൻ ആളില്ലാതിരുന്നത് എല്ലാ കുടുംബവും പണക്കാരായതു കൊണ്ടായിരുന്നില്ല. മനസ്ഥിതിയിൽ വന്ന മാറ്റം കൂടിയായിരുന്നു. ദാതാവിന്റെ മനസ്സ് കൂടുതൽ സംതൃപ്തവും സ്വയംപര്യാപ്തതാ ബോധമുള്ളതുമായിരുന്നു.

വസ്ത്രം ചോദിച്ചു വന്ന ഒരാൾക്ക് വേണ്ടി പ്രവാചകൻ സംഭാവന ആവശ്യപ്പെട്ടു. ജനങ്ങൾ വസ്ത്രങ്ങൾ സംഭാവന ചെയ്തു. അയാൾക്കാവശ്യമായതു നബി(സ്വ) നല്കി. അടുത്ത ആഴ്ച മറ്റൊരാൾ ഇതേ ആവശ്യവുമായി വന്നു. പ്രവാചകൻ സ്വഹാബികളോട് സംഭാവന ആവശ്യപ്പെട്ടു. തലേ ആഴ്ച ഒന്നിലേറെ വസ്ത്രം ലഭിച്ച വ്യക്തി ഈ ആഴ്ച അതിൽ നിന്ന് ഒരെണ്ണം ദാനം ചെയ്യുന്നു. ഇതാണ് ഇസ്ലാം നല്കുന്ന പാഠം. ദൈവവിശ്വാസമുള്ള മനസ്സിന്റെ പ്രത്യേകത. ദാനശീലം

ഇസ്‌ലാം വളർത്തിയെടുത്ത വിശിഷ്ടമായ സ്വഭാവ ഗുണമാണ്.

അഗതികൾക്ക് ആഹാരം നല്കണമെന്നു മാത്രമല്ല അതിനു മറ്റുള്ളവരെ പ്രേരിപ്പിക്കണമെന്നു കൂടി ക്വുർആനിക നിർദേശമുണ്ട്. സ്വന്തം നിലയ്ക്കു ചെയ്യാൻ കഴിയാത്തവൻ മറ്റുള്ളവരെ കണ്ടെത്തി അശരണരുടെ പ്രയാസങ്ങൾക്കു പരിഹാരം കാണാൻ ശ്രമിക്കണം. ക്വുർആൻ മതനിഷേധിയെന്നു വിശേഷിപ്പിച്ചത് അഗതിക്ക് ആഹാരം നല്കാത്തവനെയല്ല; ആഹാരം നല്കാൻ പ്രേരിപ്പിക്കാത്തവനെയാണ്.

"അവൻ (മതനിഷേധി) അഗതിക്ക് ആഹാരം നല്കുന്ന കാര്യത്തിൽ പ്രേരിപ്പിക്കുന്നുമില്ല."

സന്നദ്ധ സംഘടനകളുടെ സാമൂഹികക്ഷേമ-ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പ്രസക്തി ഇവിടെയാണ് കാണുന്നത്.

പ്രശ്നങ്ങളുമായി പ്രവാചക(സ്വ)ന്റെ അടുത്തുവരുന്ന ആരെയും അദ്ദേഹം വെറും കൈയോടെ മടക്കി അയക്കാറില്ല. പലപ്പോഴും സ്വന്തമായി ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ മറ്റുള്ളവരെ പ്രേരിപ്പിക്കുക വഴി നിർവഹിക്കപ്പെടുകയായിരുന്നു.

കടംകൊണ്ടു വലഞ്ഞ ഒരു കച്ചവടക്കാരൻ ഒരിക്കൽ നബി(സ്വ) യെ സമീപിച്ച് സഹായം ആവശ്യപ്പെട്ടപ്പോൾ നബി(സ്വ) അനുചരന്മാരിൽ നിന്ന് സംഭാവനകൾ സ്വീകരിച്ച് അതു നിർവഹിച്ചുകൊടുത്തു.

أصيب رجل فى عهد رسول الله فى ثمار ابتاعها فكثر دينه فقال النبي(ص) تصدقوا عليه فتصدق الناس عليه فلم يبلغ وفاء دينه فقال النبي(ص) لغرمائه خذوا ما وجدتم وليس لكم إلا ذلك (مسلم)

"നബി(സ്വ)യുടെ കാലത്ത് ഒരാൾക്ക് താൻ ചെയ്ത പഴക്കച്ചവടത്തിൽ നഷ്ടം സംഭവിച്ചു. അയാളുടെ കടം വർധിച്ചു. അപ്പോൾ നബി(സ്വ) ജനങ്ങളോട് പറഞ്ഞു: നിങ്ങൾ അയാൾക്ക് വേണ്ടി ദാനം ചെയ്യൂ. ജനങ്ങൾ ദാനംചെയ്തു. എന്നാൽ അത് ആ കടത്തിനു മതിയാകാതെ വന്നു. നബി(സ്വ) കടം കിട്ടേണ്ടവരോട് പറഞ്ഞു: നിങ്ങൾ കിട്ടിയതു സ്വീകരിക്കുക. ബാക്കി വിട്ടുകൊടുക്കുക." (മുസ്‌ലിം)

ഇതുപോലെ നിരവധി പ്രശ്നങ്ങൾ കാണാം. അവിടെയൊക്കെ നമ്മുടെ സഹായഹസ്തങ്ങൾ എത്തിച്ചേരണം. അനാഥാലയവും അഗതി മന്ദിരവും പോലുള്ള സ്ഥാപനങ്ങൾ നടത്തുന്നവരും മറ്റും മുസ്‌ലിംകളുടെ ഔദാര്യ മനസ്ഥിതിയിൽ പ്രതീക്ഷയർപ്പിച്ചവരാണ്.

മുസ്‌ലിം ചെറുപ്പക്കാർ ഊർജം ക്രിയാത്മകമായി വ്യയം ചെയ്യണം. വിശക്കുന്ന വയറിന്ന് ഏറ്റവും വലിയ തത്വം വിശപ്പകറ്റൽ തന്നെയാണ്. പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നേടത്ത് പ്രബോധന പ്രവർത്തനങ്ങൾ ഫലപ്രദമാവുകയും ചെയ്യും. ■